മാനേജിംഗ് എഡിററർ: എൻ. കെ. ഇബ്രാഹിംകുട്ടി.

License No. 156. ഒററപ്രതി വില 8 അണ. 42 പേജുക

കേരളനന്ദിനി.

പുസ്തകം വ. } ൧൧൯ തുലാം. { ലക്കം ൧.

വിഷയവിവരം.

1. ആശംസാസന്ദേശങ്ങൾ.
(മെ. പാട്ടം, ററി എം., സി. വി., മള്ളൂർ, സി. കേശവൻ)

2. തിരുവിതാംകൂറിലെ കൈത്തറിനെയ്ത്തുവ്യവസായം.
(ആർ. ശങ്കർ ബി എ., ബി എൽ.)

3. മനസ്സ്ശാസ്ത്രം. (വക്കം എം. അബ്ദുൽഖാദർ)

4. എലാക്കമ്പെനികൾ. (എം. ജി. കോശി ബി. എ., ബി എൽ.)

5. സ്പെഷ്യൽമാര്യേജ്ജ്നിയമം. (സി. വി. കുഞ്ഞുരാമൻ)

6. ബോൾസ്ലോവ്. (വിവർത്തകൻ, വൈക്കം മഹമ്മദബഷീർ)

7. ഗുരുസാക്ഷാല്ക്കാരം (പണ്ഡിററ്, സി. പി. കേശവൻവൈദ്യൻ)

8. ബജ്ററ്. (പടയമംഗലം, എസ്സ്, എ. പിള്ള)

9 ആത്മാർപ്പണം (കവിത) (കിളിമാനൂർ എൻ. കേശവൻ)

10. ശലഭത്തോട്. (കവിത) (ഇടവാ, ജമാൽ ബി. എ. (ആനേഴ്സ്.)

11. തൂക്കുമുറിയിൽ. (കെ. രാമകൃഷ്ണപിള്ള ബി. എ., എൽ. എൽ. ബി.)

12. മുസ്സോലീനിയുടെ പതനം. (എൻ. കെ. ഇബ്രാഹിംകുട്ടി)
39-ാംപേജിൽ

13. ആധുനികപഞ്ചാക്ഷരം. (കെ. പി. കയ്യാലയ്ക്കൽ) 39-ാംപേജിൽ.

14. പത്രാധിപക്കുറിപ്പുകൾ.

L. F. FERNANDEZ & SONS,

CITY PRESS, TRIVANDRUM.

MANUFACTURERS OF HIGH CLASS. X'-MAS & NEW YEAR CARDS

Royalty cards, Travancore Views in Photo and Print, Travancore Cut out Cards, Riligious Cards, Birth-day Cards, Auto-graph Cardst, Film-star Series etc. etc. etc.

Special attractive rates for wholesale dealers

ആയുർവൈദ്യാശ്രമം.

ഇവിടെ ഏതുരോഗത്തിനും ആയുർവേദചികിത്സ ശാസ്ത്രീയമായി നടത്തപ്പെടും.

Dr., ആർ. പി. ചിറേറഴം,

(വൈദ്യകലാനിധി)

എഫ്. ആർ. സി. പി. & എസ്സ്.

താലൂക്കുകച്ചേരിക്കുസമീപം. കൊല്ലം.

"വിദ്യാഭൂഷണം"

വിശേഷാൽപ്രതി

തിരുനാൾവാരത്തിൽ പുറപ്പെടുന്നു.

ഒററപ്രതിക്കു വില ണ 8.

മാനേജർ, വിദ്യാഭൂഷണം, കൊല്ലം.

ഹോമിയോ ഡിസ്പെൻസറി & ദന്തചികിത്സാലയം.

ഡോക്ടർ, എം. കെ. എൻ. പണിക്കർ,

സുൽത്താനിയാ ബിൽഡിംഗ്,

വലിയകട, കൊല്ലം

Dr, A. NEELAMBARAN.

ഡോക്ടർ എ. നീലാംബരൻ,

എൽ. ഐ. എം.

രാവിലെ 8 മണിമുതൽ ഉച്ചയ്ക്കു 3 മണിവരെ കിളികൊല്ലൂർ രണ്ടാം മൈൽക്കുററിക്കു സമീപവു ഉച്ചയ്ക്കുശേഷം 3-മുതൽ 4-വരെ ചിന്നക്കട മെയിൻറോഡരികിലും ഉള്ള അദ്ദേഹത്തിൻെറ ഡിസ്പെൻസറികളിൽ വരുന്ന രോഗികളെ പരിശോധിച്ചു മരുന്നു കൊടുക്കുന്നതാണ്.

സപ്തധാതുപോഷിണി രസായനം.

മേഹസംബന്ധമായ ഇന്ദ്രിയഒഴുക്ക്, ശുക്ല സ്ഖലനം, സ്വപ്നസ്ഖലനം, അസ്ഥിജ്വരം, വയറവേദന, കാസം, ആസ്ത്മം, ശോഷം ഇവയെ മാററി ശരീരത്തെ പുഷ്ടിപ്പെടുത്തുന്ന ഒരു ദിവ്യൗഷധം.

ൽ പൌണ്ടു ടിൻ ഒന്നിനു 2 രു. 8 ണ.

ഹക്കീം എം. അബൂസാലി,

ചിന്താമണി & യൂനാനി സിദ്ധൗഷധാശ്രമം,

മെയിൻറോഡ്, കൊല്ലം.

"രാജ്യാഭിമാനി"

ഒരു ഉത്തമ ദേശീയപ്രതിവാരിക.

പ്രൗഢങ്ങളായ ലേഖനങ്ങൾ, [illegible]കഥകൾ, കവിതകൾ മുതലായവ എല്ലാ[illegible]ളിലും ഉണ്ടായിരിക്കും. വരിസംഖ്യ ആ[illegible] 6 രൂപാ മാത്രം.

മാനേജർ, [illegible]

"രാജ്യാഭിമാനി" ഓച്ചിറ.

കേരളനന്ദിനി.

പുസ്തകം 2. | 119 തുലാം. | ലക്കം 1.

ആശംസാസന്ദേശങ്ങൾ.

മെസ്സേഴ്സ് പട്ടം താണുപിള്ള, സി. വി. കുഞ്ഞുരാമൻ, റ്റി. എം. വർഗ്ഗീസ്, മള്ളൂർ ഗോവിന്ദപ്പിള്ള, സി. കേശവൻ.

ശ്രീമാൻ എൻ. കെ. ഇബ്രാഹിംകുട്ടി, 'കേരളനന്ദിനി' എന്നപേരിൽ ഒരു മാസിക പ്രസിദ്ധീകരിക്കാൻ നിശ്ചയിച്ചിരിക്കുന്നതായി അറിയുന്നതിൽ ഞാൻ സന്തോഷിക്കുന്നു. വിജ്ഞാനവിതരണത്തിനുപകരിക്കുന്ന ഏതുദ്യമവും അഭിനന്ദനീയമാണു്. ഉത്തമങ്ങളും ജനാഭ്യുന്നതിക്കു ഉതകുന്നവയും ആയ ആശയങ്ങൾ അടങ്ങിയ ലേഖനപരമ്പരകളാൽ ഈ മാസിക അതിൻെറ ഉദ്ദേശ്യം പരിപൂർണ്ണമായി നി വ്വഹിക്കാൻ ഇടയാകട്ടെ.

(പട്ടം എ. താണുപിള്ള)

കൊല്ലത്തുനിന്നും മി. ഇബ്രാഹിംകുട്ടി "കേരളനന്ദിനി" എന്നപേരിൽ ഒരു മാസിക തുടങ്ങുന്നതായി അറിയുന്നു. മി. ഇബ്രാഹിംകുട്ടിയെ ഞാൻഒരുതവണ കണ്ടിട്ടേയുള്ളു. ഉത്സാഹമുള്ള ഒരു യുവാവാണെന്നുതോന്നി. അദ്ദേഹത്തിൻെറ ഉദ്യമത്തിനു് സവ് മംഗളങ്ങളും ഭവിക്കട്ടെ എന്നാശംസിക്കുവാനും എനിക്കു വളരെ സന്തോഷം ഉണ്ടു്. തിരുവിതാംകൂറിലെ മുസ്‌ലീമിങ്ങൾക്കു് ഇവിടത്തെ സ്ഥിതി ആലോചിച്ചാൽ അവരുടെ വകയായും ഒരു പത്രം ഉണ്ടായിരിക്കേണ്ടതു് ആവശ്യമാണു്. പത്രപ്രവർത്തനത്തിൽ ചില ഉദ്യമങ്ങൾ നടന്നിട്ടുണ്ടെങ്കിലും ഒന്നും സഫലമായിട്ടില്ല. ഈ ന്യൂനത സമുദായം പരിഹരിക്കയല്ലാതെ കേരളനന്ദിനി പരിഹരിക്കുമെന്നുതോന്നുന്നില്ല. നന്ദിനി ഒരു സാധാരണ സാഹിത്യമാസികയാണു്. ജാതിയും മതവും നോട്ടം നന്ദിനിക്കുണ്ടാവുകയില്ലെന്നു കാണുന്നതിൽ ഞാൻ പ്രത്യേകം സന്തോഷിക്കുന്നു.

(സി. വി. കുഞ്ഞുരാമൻ)

"കേരളനന്ദിനി" എന്ന മാസികയുടെ പ്രസിദ്ധീകരണത്തിൽ ഏർപ്പെടുവാൻ തുടങ്ങുന്ന എൻെറ സ്നേഹിതൻ ശ്രീമാൻ എൻ. കെ. ഇബ്രാഹിംകുട്ടിക്കു ഈ ഉദ്യമത്തിൽ ഞാൻ വിജയം ആശംസിക്കയും ഈദൃശപ്രവർത്തനങ്ങളുടെ ഉദ്ദേശം പൊതുജനസേവനമായിരിക്കണമെന്നുള്ള തത്വം മനസ്സിലാക്കിയിട്ടുള്ള ശ്രീമാൻ കുട്ടി ഈ പ്രസിദ്ധീകരണംകൊണ്ടു് ആ ഉദ്ദേശം ആവുംവിധം സാധിക്കുമെന്നു പ്രതീക്ഷിക്കയും ചെയ്യുന്നു.

(റി. എം. വർഗ്ഗീസ്)

സുസമ്മതമായ രീതിയിൽ കുറേക്കാലം പ്രചാരത്തിലിരുന്നതും അതിനുശേഷം ദീർഘകാലം മുടങ്ങിക്കിടന്നിരുന്നതും ആയ "കേരളനന്ദിനി" മാസികയെ പുനരുദ്ധാരണംചെയ്തു തൻെറ നാട്ടിനെയും ഭാഷയെയും യഥാശക്തി സേവനംചെയ്യണമെന്നുള്ള സദുദ്ദേശത്തോടുകൂടി എൻെറ യുവസ്നേഹിതൻ ശ്രീമാൻ എൻ. കെ. ഇബ്രാഹിംകുട്ടി—പത്രപ്രവർത്തനത്തിലും സാഹിത്യത്തിലും ഒരു നല്ലപേർ സമ്പാദിച്ചിട്ടുള്ള എൻെറ യുവസ്നേഹിതൻ ശ്രീമാൻ എൻ. കെ. ഇബ്രാഹിംകുട്ടി—തുടങ്ങിയിട്ടുള്ള ഈ സംരംഭത്തിൽ അദ്ദേഹത്തിനു ഞാൻ സർവാത്മനാ സകല വിജയങ്ങളും ആശംസിക്കുകയും "കേരളനന്ദിനി" ഉത്തരോത്തരം ഐശ്വര്യത്തെ പ്രാപിക്കട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്തുകൊള്ളുന്നു.

(മള്ളൂർ ഗോവിന്ദപ്പിള്ള)

ദീർഘകാലത്തെ നിദ്ര കഴിഞ്ഞു 'നന്ദിനി' ഉണർന്നു പൊതുജനമദ്ധ്യത്തിൽ ആവിർഭവിച്ചു കാണുന്നതിൽ സന്തോഷിക്കുന്നു. വിശേഷിച്ചു് അതു മി. ഇബ്രാഹിംകുട്ടിയുടെ നേതൃത്വത്തിൽ രംഗപ്രവേശം ചെയ്യുന്നതുകാണാൻ എനിക്കു പ്രത്യേകം സന്തോഷമാണുള്ളതു്. രാഷ്ട്രീയപ്രവർത്തനങ്ങളുടെ പ്രതിഫലമായ നിർബന്ധിത വിശ്രമം കുറേക്കാലം കൈക്കൊണ്ടശേഷം മി. കുട്ടി പൊതുജനരംഗത്തിൽ പ്രവേശിക്കുന്നതും 'നന്ദിനി'യോടുകൂടിയാണെന്നു കാണുന്നതിൽ എനിക്കുള്ള കൗതുകം അപാരമാണു്. സ്വതന്ത്രമായ പത്രപ്രവർത്തനം ഇന്നത്തെ പരിതഃസ്ഥിതികളിൽ ഒരു തീക്കളിയാണു്. കയ്യും ശരീരവും വേവാതെ നന്ദിനിയെയും രക്ഷിച്ചു മി. കുട്ടി അതിശീഘ്രം പുരോഗമിച്ചുകാണാൻ ആകാംക്ഷയുണ്ടു്. മി. കുട്ടിയുടെ നന്ദിനിയായി പുറത്തുവരുന്ന 'കേരളനന്ദിനി'ക്കു സർവമംഗളങ്ങളും ആശംസിക്കുന്നു.

(സി. കേശവൻ)

തിരുവിതാംകൂറിലെ കൈത്തറിനെയ്ത്തുവ്യവസായം.

ആർ. ശങ്കർ ബി. എ., ബി. എൽ.

തിരുവിതാംകൂറിലെ കുടിൽവ്യവസായങ്ങളിൽവച്ചു് ഏററവും പ്രാധാന്യം അർഹിക്കുന്നതു് കൈത്തറിനെയ്ത്തുവ്യവസായമാണെന്നുള്ളതിനു സംശയമില്ല. കയറു പിരിക്കുന്ന തൊഴിൽ വളരെ വ്യാപ്തമായ രീതിയിൽ ഈ നാട്ടിൽ നടക്കുന്നുണ്ടെങ്കിലും വിദേശവിപണികളെ ആശ്രയിച്ചു കഴിയുന്ന ആ വ്യവസായം ചില കാലങ്ങളിൽ മാത്രം അഭിവൃദ്ധമായും പലപ്പോഴും അധഃപതനത്തിലും കഴിഞ്ഞുകൂടുകയാണ്. കൈത്തറിത്തുണികളുടെ കമ്പോളം ഈ നാട്ടുതന്നെയാകകൊണ്ടും, തുണിത്തരങ്ങൾ കയറിനെ അപേക്ഷിച്ചു് വളരെ അത്യാവശ്യമായ ഒരു സാധനമാകകൊണ്ടും, കൈത്തറിവ്യവസായം മഹത്തായ വികാസസാദ്ധ്യതയുള്ള ഒന്നാണെന്നു് എളുപ്പത്തിൽ കാണാവുന്നതാണു്. കാര്യമിങ്ങനെയാണെങ്കിലും കഴിഞ്ഞ അരശതാബ്ദകാലത്തിനുള്ളിൽ ആ വ്യവസായം ഒന്നിനൊന്നു് അധഃപതിക്കുകയാണുണ്ടായിട്ടുള്ളതു്. ഇതിന്റെ കാരണങ്ങൾ പലതാണെങ്കിലും, സംഘടിതമായ വൈദേശികമിൽവ്യവസായം നമ്മുടെ നാട്ടിൽ കൊണ്ടുമറിച്ച നേർമ്മയും ഭംഗിയും വൈവിധ്യവുമുള്ള തുണിത്തരങ്ങളോടു മത്സരിക്കാൻ കൈത്തറിത്തുണികൾക്കു കഴിയാതെ പോയതാണു് കൈത്തറിക്കാരുടെ ദുഷ്കാലത്തിന്റെ മുഖ്യമായ നിദാനം. നമ്മുടെ നാട്ടിലെ കർഷകരെപ്പോലെതന്നെ കൈത്തറിനെയ്ത്തുകാരും പ്രായേണ തികഞ്ഞ യാഥാസ്ഥിതികരാണു്. മാറി മാറി വരുന്ന അഭിരുചികൾക്കു ചേരുന്ന തരം തുണികൾ നിർമ്മിക്കുന്നതിനോ തറികളും ഇതരഉപകരണങ്ങളും പരിഷ്കരിക്കുന്നതിനോ സംഘടിതമായി നിന്നുകൊണ്ടു് മിൽത്തുണികളോടു മത്സരിക്കുന്നതിനു ശ്രമിക്കുന്നതിനോ ഒന്നും കൈത്തറിനെയ്ത്തുകാരൻ മുതിർന്നില്ല. തന്റെ ദുഷ്കാലത്തെ ശപിച്ചുകൊണ്ടു് അനുദിനം കൂടുതൽ കൂടുതൽ അധഃപതിച്ചു് അർദ്ധപട്ടിണിയിൽനിന്നു മുഴുപ്പട്ടിണിയിലേയ്ക്കു പ്രയാണംചെയ്തു സാധു നെയ്ത്തുകാരൻ. കാലക്രമത്തിൽ ആ വ്യവസായംതന്നെ മിക്കവാറും ഉപേക്ഷിക്കുകയാണു് ഉണ്ടായിട്ടുള്ളതു്. ഈ കാലത്തെങ്ങും ഗവണ്മെന്റോ പൊതുകാര്യപ്രസക്തരോ നെയ്ത്തുകാരുടെ അഭിവൃദ്ധിക്കായി പറയത്തക്ക യാതൊന്നുംചെയ്തില്ലഎന്നുള്ളതും പരമാർത്ഥമാണ്. ഇങ്ങനെ ഒക്കെ ആയാലും പാരമ്പര്യത്തൊഴിൽ കൈവിടുകയില്ലെന്നു ശാഠ്യമുണ്ടായിരുന്ന ഒട്ടേറെ കുടുംബക്കാർ കൈത്തറിനെയ്ത്തു് തുടർന്നു നടത്തുകതന്നെചെയ്തു. കഴിഞ്ഞ ലോകമഹായുദ്ധകാലത്തു് മിൽത്തുണികൾ വേണ്ടത്ര ലഭിക്കാതെ വന്നപ്പോൾ അവയ്ക്കു് ഒരുവിധം ന്യായമായ ആദായം

ലഭിച്ചതും അവരെ ഒട്ടൊക്കെ പ്രോത്സാഹിപ്പിക്കയും ചെയ്തു. ഏതെല്ലാം തരം മിൽത്തുണികൾ വന്നാലും ചില തരം കൈത്തറിത്തുണികൾക്ക്—വിശേഷിച്ചും സാധാരണക്കാരായ സിറിയൻക്രിസ്ത്യൻ സ്ത്രീകൾ ഉടുക്കുന്നതിനുപയോഗിക്കുന്ന കട്ടിമുണ്ടു്, എല്ലാ ആളുകളും ഉപയോഗിക്കുന്ന തോർത്തുകൾ, നേരിയതുകൾ ഇവയ്ക്കു്—സ്ഥിരമായ ഒരു കമ്പോളം ഈ നാട്ടിലുണ്ടെന്നുള്ളതും കൈത്തറി വ്യവസായത്തിന്റെ പരിപൂർണ്ണനാശത്തെ തടഞ്ഞു. കഴിഞ്ഞ ഒന്നു രണ്ടു ദശവർഷങ്ങളായി ഉല്പതിഷ്ണുക്കളായ ഒരുകൂട്ടം നെയ്ത്തുകാർ കൈത്തറിയിൽ ചില പരിഷ്കാരങ്ങളും ഏർപ്പെടുത്താൻ തുടങ്ങി. പഴയ കുഴിത്തറികളിൽ ഫ്ളൈഷട്ടിൽയന്ത്രം ഘടിപ്പിച്ചു് കുഴിത്തറിത്തുണിയുടെ മേന്മയ്ക്കു കുറവു വരുത്താതെതന്നെ മുമ്പിലത്തേതിന്റെ രണ്ടുമൂന്നിരട്ടി തുണി നെയ്തെടുക്കുന്ന സമ്പ്രദായമാണ് ഈ പരിഷ്കാരങ്ങളിൽ പ്രധാനമായതു്. ഇപ്പോൾ 'ഷട്ടിൽതറി' എന്നു സാധാരണ പറഞ്ഞുവരുന്ന ഇത്തരം തറികൾ പഴയ തനിക്കുഴിത്തറികളെ രംഗത്തുനിന്നു നിഷ്കാസനം ചെയ്തിരിക്കുന്നു എന്നുതന്നെ പറയാം. ഈ പരിഷ്കാരം ദൂരവ്യാപകമായ ഫലംചെയ്തു എന്നുള്ളതിനു സംശയമില്ല. ഇപ്പോഴത്തെ ലോകമഹായുദ്ധം ആരംഭിക്കുന്നതിന് അടുത്തു മുമ്പു കഴിഞ്ഞ ഒരു പത്തുവർഷക്കാലം കൈത്തറി നെയ്ത്തുകാരുടെ 'ശനിദശ'യായിരുന്നു. സാമ്പത്തിക അധഃപതനംമൂലം നാട്ടിൽ പൊതുവെ ദാരിദ്ര്യം വർദ്ധിച്ചിരുന്ന അക്കാലത്തു് കൈത്തറി നെയ്ത്തുകാരന്റെ നിത്യാദായം ആ വ്യവസായത്തെ നശിപ്പിച്ചുകളയത്തക്കവണ്ണം കുറഞ്ഞു പോയി. സ്വന്തം മൂലധനം മുടക്കി നെയ്ത്തു നടത്തുന്ന ഒരു തൊഴിലാളിക്കുപോലും ഒരു ദിവസം നാലു ചക്രം ആദായം കിട്ടാത്ത നിലയായി. സൂര്യോദയം മുതൽ സൂര്യാസ്തമനംവരെ തറിയിൽ ഇരുന്നു നെയ്തുണ്ടാക്കുന്ന തുണി സന്ധ്യയ്ക്കു കമ്പോളത്തിൽ കൊണ്ടുപോയി വിററാൽ കൂലിയും ആദായവുമായി ഒന്നോ രണ്ടോ ചക്രംമാത്രം കിട്ടിവന്നിരുന്ന അക്കാലത്തു് 'ഷട്ടിൽതറി'യുടെ ആവിർഭാവംമൂലം ഓരോ ദിവസവും നെയ്യുന്ന തുണിയുടെ ദൈർഘ്യവും അതോടൊത്തു് കിട്ടുന്ന ആദായത്തിന്റെ തോതും രണ്ടോ മൂന്നോ ഇരട്ടിയാക്കുവാൻ സാധിച്ചില്ലായിരുന്നു എങ്കിൽ കൈത്തറിനെയ്ത്തുകാർ ആകമാനം ആ വ്യവസായത്തെ ഉപേക്ഷിക്കുവാൻ നിർബന്ധിതരായിത്തീർന്നേനെ. ഈ കാലഘട്ടത്തിലാണ് മഹായുദ്ധം ആരംഭിച്ചതു് ജനങ്ങളുടെ ഉപയോഗത്തിനു മതിയാകത്തക്കവണ്ണം മിൽത്തുണികൾ കമ്പോളത്തിൽ ഇല്ലാതെവന്നപ്പോൾ കൈത്തറിനെയ്ത്തുകാരുടെ ദുഷ്കാലവും ഒട്ടുനീങ്ങിത്തുടങ്ങിയിരിക്കുന്നു. ഇപ്പോൾ എല്ലാത്തരം തുണികൾക്കും നല്ല കമ്പോളമുണ്ടു്. നൂലിന്റെ വില വർദ്ധിച്ചതുമൂലം കൂടുതൽ മൂലധനം മുടക്കേണ്ടിവന്നെങ്കിലും തദനുസരണമായി ആദായവും വർദ്ധിച്ചിട്ടുണ്ടു്. ഇടയ്ക്കിടയ്ക്കുണ്ടായിക്കൊണ്ടിരിക്കുന്ന നൂൽദാരിദ്ര്യവും, നൂലിനും നെയ്ത്തുപകരണങ്ങൾക്കും ഗവണ്മെന്റ് കൺട്രോൾ ഏർപ്പെടുത്തിയതിനെ തുടർന്നുണ്ടായിരിക്കുന്ന പുതിയ പരിതഃസ്ഥിതികളും, നെയ്ത്തുകാർക്ക് ആഹാരത്തിനും പശയ്ക്കും വേണ്ടുന്ന നെല്ലരി ലഭിക്കാത്ത വൈഷമ്യവും അവർ ഇനിയും ഭാഗ്യതാരദശയിൽ എത്തിച്ചേർന്നിട്ടില്ലെന്ന് വ്യക്തമാക്കു

ന്നുണ്ട്. ഈ അവസരത്തിൽ കൈത്തറിനെയ്ത്തുകാരും അവരുടെ അഭിവൃദ്ധിയിൽ താല്പര്യമുള്ളവരും ശ്രദ്ധാപൂർവ്വം പരിശ്രമിച്ച് ആ വ്യവസായത്തെ സുസ്ഥിരമായ ഒരടിസ്ഥാനത്തിൽ ഉറപ്പിച്ചില്ലെങ്കിൽ, യുദ്ധം അവസാനിച്ച് വിലകുറഞ്ഞ മിൽത്തുണികൾ കമ്പോളങ്ങളിൽ വീണ്ടും പ്രളയംപോലെ വന്നു മറിയുന്ന കാലത്ത് കൈത്തറിവ്യവസായം ഞെരിഞ്ഞു താറുമാറായിപ്പോകുമെന്നുള്ളതിനു സംശയമില്ല. അന്നു വരാൻപോകുന്നതെന്താണെന്ന് അറിയുന്നതിന്, ഒരു നാലഞ്ചുകൊല്ലങ്ങൾക്കു മുമ്പുണ്ടായിരുന്ന സ്ഥിതിയിലേയ്ക്ക് ഒന്നു കണ്ണുതിരിച്ചു വിട്ടാൽ മാത്രംമതി. സ്വന്തം മുതൽ മുടക്കി തൊഴിൽ ചെയ്യുന്ന ഒരു നല്ല നെയ്ത്തുകാരന്, ഈയിടെ വേലക്കൂലിയും ആദായവുമായി ഒരു രൂപയോളം ലഭിക്കുന്നുണ്ട്. മുമ്പ് നാലുചക്രംതന്നെ ശരിക്കു കിട്ടാതെയിരുന്നയാൾക്ക് ഇതൊരു നല്ല ആദായമായി തോന്നിയേക്കാം. എന്നാൽ ഇന്നത്തെ ഒരുരൂപയ്ക്കും അന്നത്തെ നാലുചക്രത്തിനും തമ്മിൽ വിനിമയശക്തി അടിസ്ഥാനമാക്കി നോക്കിയാൽ എന്തുവ്യത്യാസമാണുള്ളതെന്ന് ആലോചിക്കേണ്ടതാണ്. അന്ന് മൂന്നുചക്രത്തിന് ലഭിക്കുമായിരുന്ന ഒരുപക്കാ അരി ഇന്നത്തെ ബ്ളാക്ക്മാർക്കററിൽ ഒരു രൂപയ്ക്കുതന്നെ കിട്ടുവാൻ വിഷമമാണ്. ഗവർമ്മെൻറിൻെറ കൺട്രോൾനിരക്ക് ഇതിനേക്കാൾ വളരെ കുറവാണെങ്കിലും നെയ്ത്തു നടക്കുന്ന നാട്ടിൻപുറങ്ങളിൽ ആഴ്ചയിൽ ഒരുദിവസത്തെ ആവശ്യത്തിനുള്ള അരിപോലും റേഷൻ സമ്പ്രദായമനുസരിച്ച് ഒരാൾക്കു ലഭിക്കുന്നില്ല. 7-ഉം 8-ഉം അംഗങ്ങളുള്ള ഒരു വീട്ടിലേക്ക് നാലുദിവസത്തിൽ ഒരിക്കൽ നാഴിഅരയിൽ കൂടുതൽ നമ്മുടെ നാട്ടിൻപുറങ്ങളിലെങ്ങുംതന്നെ റേഷനായി കിട്ടുന്നില്ല. ആഹാരസാധനങ്ങൾ ഒഴിച്ചാൽ മനുഷ്യന് ഏററവും ആവശ്യമുള്ള സാധനമായ വസ്ത്രങ്ങൾ നിർമ്മിക്കുന്ന കൈത്തറിത്തൊഴിലാളികൾക്ക് റേഷൻ സംബന്ധിച്ചിടത്തോളം ഒരു പ്രത്യേക പരിഗണനയും ഇതുവരെ ഉണ്ടായിട്ടില്ല. അവരെപ്പോലെ വസ്ത്രംനെയ്യുന്ന വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന എ. ഡി. കാട്ടൺമില്ലിലെ തൊഴിലാളികൾക്ക് 'സ്പെഷ്യൽ 'റേഷൻ' ലഭിക്കുന്നുണ്ട്. വിദേശികളുടെ മുതൽ മുടക്കി വളരെ ലാഭകരമായി നടത്തപ്പെടുന്ന മില്ലിലെ തൊഴിലാളികൾക്കു ഇങ്ങനെ പ്രത്യേകറേഷൻ കിട്ടിവരുമ്പോൾ, രാജ്യത്തെ അനേകായിരം കുടുംബങ്ങളെ തീററിപ്പോററുന്ന കൈത്തറിവ്യവസായികളുടെ ആവശ്യങ്ങൾ അവഗണിക്കപ്പെടുന്നതെന്താണെന്ന് അവർ ആലോചിക്കേണ്ട കാലം ആസന്നമല്ല, അതിക്രാന്തമായിരിക്കുന്നു. ഈ വ്യത്യസ്ഥമായ പരിഗണനകൾക്ക് മുഖ്യമായ കാരണം മിൽ തൊഴിലാളികൾ സംഖ്യകൊണ്ടു കുറവാണെങ്കിലും സുസംഘടിതരും മുറവിളി കൂട്ടാൻ പ്രാപ്തരും ആണെന്നുള്ളതും, അതേസമയത്ത് അനേകായിരങ്ങളായ കൈത്തറി വ്യവസായികൾ അസംഘടിതരെന്നു മാത്രമല്ല തൊഴുത്തിൽ കുത്തിത്തുലയുന്നവരാണെന്നുള്ളതുമാണ്.

കൈത്തറിവ്യവസായികൾക്കു സംഘടനയില്ലാത്തതുകൊണ്ടുള്ള ദോഷഫലങ്ങളിൽ ഒന്നുമാത്രമാണ് മേൽപറഞ്ഞത്. ഈയിടെ തൊഴിലുകാരുടെ അഭിവൃദ്ധിയെ ഉദ്ദേശിച്ച് ഗവണ്മെൻറ് നൂൽക്കച്ചവടം, നൂൽവില, നെയ്ത്തുപകരണങ്ങളുടെ വി

നിമയം മുതലായവക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടല്ലൊ. ആപദ്ധതികൾ പ്രയോഗത്തിൽ എത്രമാത്രം പ്രയോജനപ്പെടുന്നു എന്നും ഏതെല്ലാം മാററങ്ങളാണ് ആവശ്യമുള്ളതെന്നും കൂടുതൽ എന്തുസഹായമാണ് ഗവണ്മെൻറിൽനിന്നും ഉണ്ടാകേണ്ടതെന്നും അധികൃതരെ അറിയിക്കുവാൻ ഇന്നത്തെ നെയ്ത്തുകാർക്ക് അസാധ്യമായിട്ടാണിരിക്കുന്നതു്. അവരുടെ വിഷമതകളെപ്പററി വീട്ടിൽ തറികളിലിരുന്നും കമ്പോളത്തിൽ ചരക്കുവിൽക്കാനും നൂലുവാങ്ങാനും പോകുമ്പോഴും പരസ്പരം പറഞ്ഞുഴലുന്നതുകൊണ്ടു യാതൊരു ഫലവുമില്ല. തിരുവിതാംകൂറിൽ എല്ലായിടത്തുമുള്ള കൈത്തറിവ്യവസായികൾ ഒരേ ഒരു സംഘടനയുടെ കീഴിൽ വന്ന് അവരുടെ അവശതകളുടെ നിവാരണത്തിന് സുശക്തമായ ഒരു പ്രവൎത്തനം ഉടനെ ആരംഭിക്കേണ്ടതാണ്. പണത്തിനു വലിയ വിഷമമില്ലാത്ത ഇക്കാലത്തു് അതുസാധിക്കുന്നതിനു സാധാരണകാലങ്ങളെ അപേക്ഷിച്ചു് കൂടുതൽ എളുപ്പമുണ്ടു്. ഇപ്രകാരമുള്ള സംഘടനയുണ്ടാക്കുന്നതിനു ശ്രമിക്കുന്ന പൊതുകാര്യപ്രസക്തരുടേയും നെയ്ത്തുവ്യവസായികളുടേയും, ഗവണ്മെൻറിൻെറയും ശ്രദ്ധയിൽപെടേണ്ട ചില സംഗതികൾകൂടി പ്രസ്താവിച്ചുകൊണ്ടു് ഈ ലേഖനം അവസാനിപ്പിച്ചുകൊള്ളാം.

തിരുവിതാംകൂറിലെ ജനങ്ങളുടെ മിക്കവാറും മുഴുവൻ ആവശ്യത്തിനും മതിയാകുന്നത്ര തുണികൾ ഇവിടത്തെ കൈത്തറിക്കാർ നെയ്തുണ്ടാക്കുന്നതിനു ശ്രമിക്കേണ്ടതാണ്. അതുപോലെ ചായംമുക്കുന്നതിനും പുതിയ ഡിസയ്നുകളിൽ തുണിനെയ്യുന്നതിനും മാറിമാറിവരുന്ന ആവശ്യങ്ങൾക്കും അഭിരുചികൾക്കും അനുയോജ്യമായ ഇനങ്ങൾ സൃഷ്ടിക്കുന്നതിനും നെയ്ത്തുകാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അങ്ങനെ ചെയ്തു് തിരുവിതാംകൂറിലെ കമ്പോളം ഇവിടത്തെ കൈത്തറിവ്യവസായികൾക്കു സ്വാധീനമാക്കാൻ കഴിഞ്ഞാൽ ഈ വ്യവസായത്തെ ഇനിയും വളരെ വ്യാപ്തിയിൽ വരുത്താവുന്നതാണ്.

ഈ സംസ്ഥാനത്തെ 60 ലക്ഷം ജനങ്ങൾക്കു ആവശ്യമുള്ളതിൻെറ ഒരംശം തുണിമാത്രമേ ഇവിടെ ഉണ്ടാക്കിവരുന്നുള്ളു എന്നു താഴെകാണിക്കുന്ന കണക്കുകൾ വ്യക്തമാക്കുന്നതാണ്. തെക്കേഇൻഡ്യയിൽ ഒരാൾക്കു ഒരാണ്ടത്തെ ആവശ്യത്തിനു ശരാശരി 15 വാര തുണി വേണ്ടിവരുമെന്നാണു വിദഗ്ദ്ധന്മാർ കണക്കാക്കിയിരിക്കുന്നതു്. ഇതിൽനിന്നു ഈരാജ്യത്തു ഒരാണ്ടത്തെ ഉപയോഗത്തിനു 900 ലക്ഷം വാർ തുണി വേണ്ടിവരുമെന്നു സിദ്ധിക്കുന്നു. ഇപ്പോൾ ഒരു കൈത്തറിയിൽ ഒരാൾ ശരാശരി ഒരു ദിവസം 5 വാരതുണിമാത്രമെ നെയ്തുവരുന്നുള്ളു എന്നു ഈ ലേഖനകർത്താവു അടുത്ത ഒരുകാലത്തു നടത്തിയ ഒരന്വേഷണത്തിൽനിന്നു കാണുകയുണ്ടായി. ആണ്ടിൽ 250 ദിവസത്തിലധികം, സാധാരണയായി ജോലിയും നടന്നുവരുന്നില്ല. അതിനാൽ ഒരാണ്ടിൽ ഒരു നെയ്ത്തുകാരൻ ഉണ്ടാക്കുന്ന തുണിയുടെ ദൈർഘ്യം 1250 വാരമാത്രമാണെന്നു സിദ്ധിക്കുന്നു. ഈ കണക്കുവെച്ചു നോക്കിയാൽ സംസ്ഥാനത്തെ മുഴുവൻ ആവശ്യത്തിനു മതിയാകുന്ന തുണിത്തരങ്ങൾ നെയ്തുണ്ടാക്കുന്നതിന് 72,000 കൈത്തറികൾ ഉണ്ടായിരിക്കണമെന്നു കാണാവുന്നതാണ്. ലേഖനക

ത്താവ് മേൽ സൂചിപ്പിച്ച അന്വേഷണം നടത്തിയ 1115-ൽ ഈ സംസ്ഥാനത്തു 30,000 തറികൾ മാത്രമേ ഉണ്ടായിരുന്നുള്ളു. ഇപ്പോൾ അവ സാരമായി വർദ്ധിച്ചിട്ടുണ്ടെങ്കിലും 50000 തറികളിൽ കൂടുതൽ ഇനിയും ഉണ്ടായിത്തീർന്നിരിക്കാൻ ഇടയില്ല. അതുകൊണ്ടു് മഹത്തായ വികാസസാദ്ധ്യത ഇനിയും ഈ വ്യവസായത്തിനുണ്ടെന്നുള്ളതിൽ പക്ഷാന്തരത്തിനവകാശമില്ലല്ലോ എന്നാൽ കൂടുതൽ തറികൾ ഉണ്ടാക്കാതെ തന്നെ ഇപ്പോൾ ഉണ്ടായിരിക്കാവുന്ന 50000 തറികളിൽനിന്നുതന്നെ നമുക്കാവശ്യമുള്ള മുഴുവൻ തുണിയും നെയ്യെടുക്കാവുന്നതാണു്. നെയ്ത്തുകാർ സംഘടന ഉണ്ടാക്കിയാൽ ആദ്യമായി ചെയ്യേണ്ടതു് തുണിത്തരങ്ങൾ സ്റ്റാൻഡർഡൈസ് ചെയ്യുകയാണു്. അതായതു ഓരോതരത്തിനു ഓരോ നമ്പർ കൊടുത്തു അതിന്റെ നീളം. വീതി, ഉള്ളു് ഭാരം ഇവ ക്ലിപ്തപ്പെടുത്തണം. പണ്ടു തോർത്തുതരങ്ങൾക്കു 24, 32, 40, 48, എന്നിങ്ങനെ പേരുകൾ കൊടുത്തിരുന്നതു് പഴമപരിചയമുള്ള നെയ്ത്തുകാരെങ്കിലും മറന്നിരിക്കയില്ല. അതു സ്റ്റാൻഡർഡൈസ് ചെയ്യുന്ന ഒരു രീതിയായിരുന്നു ഇന്നു് അനവധി ശതം ഇനങ്ങൾ മാർക്കററിലുള്ളതുകൊണ്ടു രാജ്യമൊട്ടുക്കു ഒരു പുതിയ രീതി സ്വീകരിക്കേണ്ടിയിരിക്കുന്നു. ആദായം കുറവായിരുന്ന കാലങ്ങളിൽ നീളത്തിനും വീതിക്കും കുറവുവരുത്താതെ ഉള്ളു കുറച്ചു മുണ്ടുകൾ നെയ്യുന്ന ഒരു സമ്പ്രദായം പല നെയ്ത്തുകാരും ഏർപ്പെടുത്തിയതിന്റെ ഫലമായി നാടൻമുണ്ടുകൾക്കു പണ്ടുണ്ടായിരുന്ന മേന്മയും നല്ലപേരും പൊതുവേ നഷ്ടമായിട്ടുണ്ടു്. ഇവരണ്ടും നെയ്ത്തുകാർ വീണ്ടെടുക്കണം

വിദേശവസ്ത്രങ്ങളായ 1703, T 73, മു
ലായവയ്ക്കു കമ്പോളത്തിൽ ഒരു സ്ഥിരമ
യ വിലയുള്ളതുപോലെ നമ്മുടെ തുണ
ത്തരങ്ങൾക്കും ഉണ്ടാകണം. കടയിൽ ന
ന്നു T 73 വാങ്ങാൻ പോകുന്നയാൾ അ
തിന്റെ കട്ടിയും ഭംഗിയും ഒന്നു പിടിച്ചു
നോക്കി പരിശോധിക്കാറില്ല എന്തുകൊ
ണ്ടെന്നാൽ അതിന്റെ ക്വാളിററി മാറു
യില്ലെന്നു അയാൾക്കു ബോദ്ധ്യമുണ്ടു്. എ
ന്നാൽ നാടൻ മുണ്ടുകൾക്കോ, തോർത്തുക
ൾക്കോ, നേര്യതുകൾക്കോ അങ്ങനെ ഒ
സ്ഥിരമായ ക്വാളിററി ഇല്ലാത്തതു ആ വ്യ
വസായത്തിന്റെ അഭിവൃദ്ധിക്കു വലിയ പ്ര
ടസ്സമായി നില്ക്കുന്നു ഈ പരിഷ്കാരം
രാൾക്കോ, ഒരു സ്ഥലക്കാർക്കു മാത്രമായോ
വിജയകരമായി വരുത്താവുന്നതല്ല. ര
ജ്യത്തെ നെയ്ത്തുകാർഒന്നായിസംഘടിച്ചു
ചെയ്യേണ്ടതാണു്.

ആവശ്യത്തിനു മതിയാകത്തക്കവ
ണ്ണവും, മിതമായ വിലയ്ക്കും നൂല് സൌക
ര്യമായി എല്ലാ നെയ്ത്തുകേന്ദ്രങ്ങളിലു
കിട്ടുന്നതിനുള്ള ഏർപ്പാടു ചെയ്യുന്നത
ണു് നെയ്ത്തുകാരുടെ ശ്രദ്ധയിൽപെടേ
ണ്ട രണ്ടാമത്തെ മുഖ്യസംഗതി. ഇതിന്
സംഘടനയുടെ ആഭിമുഖ്യത്തിൽ അവിട
വിടെ പരസ്പരസഹായതത്വത്തിന്മേൽ പ്ര
വൃത്തിക്കുന്ന സ്റ്റോറുകൾ കൈത്തറിക്കാര
ടെ ഉടമസ്ഥതയിലും നിയന്ത്രണത്തിലും ന
ടപ്പിൽവരുത്തണം. ഈ സ്റ്റോറുകൾക്കു
തന്നെ അവിടവിടെ ഉണ്ടാകുന്ന തുണി
കൾ ശേഖരിച്ചു ദൂരസ്ഥലത്തുള്ള കമ്പോള
ങ്ങളിൽ അയച്ചു ചിലവാക്കുന്ന ജോലിയു
ഏറെറടുത്തു നടത്താവുന്നതാണു്.

ഓരോ സ്ഥലത്തുമുള്ള പ്രാദേശിക
സംഘടനയുടെ ആഭിമുഖ്യത്തിൽ വിദഗ്ദ്ധ

ന്മാരെ വരുത്തി, ചായം മുക്കുക, പുതിയ ഡിസൈനുകളിൽ തുണി നെയ്യുക, സാരി മുതലായവ ഉണ്ടാക്കുക മുതലായ പരിഷ്കാരങ്ങൾക്കു പരിശീലനം കൊടുപ്പിക്കാനും എളുപ്പത്തിൽ സാധിക്കുന്നതാണ്. ചുരുക്കത്തിൽ സംസ്ഥാനത്തെ നെയ്ത്തുതൊഴിൽക്കാർ ഒരുമിച്ചു ചേർന്നുനിന്നു പരിശ്രമിച്ചാൽ മിൽതുണികളുടെ മത്സരത്തിൽ നിന്ന് ഈ വ്യവസായത്തെ രക്ഷിക്കാവുന്ന രീതിയിൽ അതിനെ സുസ്ഥാപിതമായ ഒരു അടിസ്ഥാനത്തിലാക്കാൻ വലിയ പ്രയാസമുണ്ടാകയില്ല.

ഈ അവസരത്തിൽ ഈ സംസ്ഥാനത്തെ മുഖ്യ വ്യവസായമായ കൈത്തറിനെയ്ത്തിൽ ഏർപ്പെട്ടിരിക്കുന്നവരെ സഹായിക്കുന്നതിനായി ഗവണ്മെന്റു പലതും പ്രവർത്തിക്കേണ്ടതുണ്ട്. അവയിൽ ചിലതുമാത്രം ഞാൻ സൂചിപ്പിക്കാം.

1. പുതിയ തരങ്ങൾ നെയ്യുന്നതിനും, ചായംമുക്കൽ പരിശീലിപ്പിക്കുന്നതിനും പ്രാപ്തിയുള്ള വിദഗ്ദ്ധന്മാരെ ഓരോ കേന്ദ്രത്തിലും അയച്ചുകൊടുക്കുക.

2. ആവശ്യങ്ങൾക്കു തികയുന്നിടത്തോളം നൂല് അതാതു കേന്ദ്രങ്ങളിൽ എല്ലാക്കാലവും ലഭിക്കത്തക്കവണ്ണം ഏർപ്പാടു ചെയ്യുക.

3. നാടൻവസ്ത്രങ്ങൾ എല്ലാ സർക്കാർ ആവശ്യങ്ങൾക്കും വാങ്ങി ഉപയോഗിക്കുക

4. കൈത്തറി തുണിത്തരങ്ങൾ സംസ്ഥാനത്തിന്റെ ഒരു ഭാഗത്തുനിന്നും മററു ഭാഗങ്ങളിലുള്ള കമ്പോളങ്ങളിൽ കൊണ്ടുപോകുന്നതിനു ലാഭകരമായ ട്രാൻസ്പോർട്ട സൗകര്യം കൊടുക്കുക.

5. നൂൽ സംഭരിച്ചു വിതരണംചെയ്യുന്നതിനും തുണിത്തരങ്ങൾ ശേഖരിച്ചു കമ്പോളങ്ങളിൽ അയച്ചു വിററഴിച്ചു അമിതാദായംഎടുക്കാതെ നെയ്ത്തുകാർക്കു പണം തിരിയെ കൊടുക്കുന്നതിനുമായി പ്രവൃത്തിക്കുന്ന പരസ്പരസഹായ സംഘങ്ങൾ നെയ്ത്തുകാരുടെ തന്നെ നിയന്ത്രണത്തിൽ നടത്തുന്നതിനു പ്രോത്സാഹനം കൊടുക്കുക.

6. സർവ്വപ്രധാനമായി, നെയ്ത്തുകാരുടെ കുടുംബങ്ങൾക്കു ഒരുവിധം ആവശ്യത്തിനു തികയുന്ന രീതിയിൽ അരിയും മററു നിയന്ത്രിത സാധനങ്ങളും, സ്പെഷൽറേഷനായികൊടുക്കുക; പശുക്കൾ ഉപയോഗിക്കാവുന്ന ഏതെങ്കിലും തരം മാവു വില കുറച്ചു കൊടുക്കുക.

ഇപ്രകാരമെല്ലാമുള്ള പ്രോത്സാഹനം ഗവണ്മെന്റിൽ നിന്നുമുണ്ടാകയും നെയ്ത്തുകാർ ഉണർന്നു പ്രവർത്തിച്ചു സംഘടനകൾ ഉണ്ടാക്കുകയും ചെയ്താൽ അവർക്കു ആശാപൂർണ്ണമായ ഒരു ഭാവി ഉണ്ടെന്നുള്ളതിനു സംശയമില്ല. പ്രായേണ വിദ്യാസമ്പന്നരും സംസ്കാരചിത്തരുമായ കൈത്തറിനെയ്ത്തുകാർ ഈ വിഷയത്തിൽ ആത്മാർത്ഥമായ കർമ്മപാടവം പ്രദർശിപ്പിക്കുമെന്നുള്ള ആശയോടുകൂടി ഈ ലേഖനം അവസാനിപ്പിച്ചു കൊള്ളുന്നു.

മനശ്ശാസ്ത്രം.

അന്നും ഇന്നും.

മനസ്സിനെപ്പറ്റി പഠിക്കാൻ പണിപ്പെട്ട വിജ്ഞാനികളുടെ പരിശ്രമഫലങ്ങൾ.

(വക്കം എം. അബ്ദുൽഖാദർ.)

മനഃശാസ്ത്രം സ്വതന്ത്രമായി വേർതിരിഞ്ഞിട്ട് വളരെ കാലമായിട്ടില്ല. ഈയിടവരെ അതു വ്യത്യസ്ത ചിന്താപ്രസ്ഥാനങ്ങളുമായി കുഴഞ്ഞുമറിഞ്ഞു കിടക്കുകയായിരുന്നു. എന്നാൽ ഇന്നും മനഃശാസ്ത്രം ആശാവഹമായ സ്വാതന്ത്ര്യപദവിയെ പ്രാപിച്ചിട്ടുണ്ടെന്നു പറഞ്ഞുകൂടാ. തത്വജ്ഞാനീയത്തെയും ജീവശാസ്ത്രത്തെയും സംബന്ധിച്ച പ്രശ്നാവലിയോടു ഇന്നും മനഃശാസ്ത്രം ഒരുതരത്തിൽ കെട്ടുപെട്ടുകിടക്കുകയാണ്. അതു ശാസ്ത്രകുടുംബത്തിലെ ഏറ്റവും ഇളയ അംഗമാകുന്നു.

ഡാർവിനുമുമ്പുള്ള ജീവശാസ്ത്രത്തെ അദ്ദേഹത്തിന്റെ പരിണാമസിദ്ധാന്തം എത്രത്തോളം ഉലച്ചു പരിവർത്തിതമാക്കിയിട്ടുണ്ടോ അത്രത്തോളം ഫ്രായിഡിനു മുമ്പുള്ള മനഃശാസ്ത്രത്തെ അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങൾ പരിവർത്തിതമാക്കിയിട്ടുണ്ട്. എന്നാൽ അമേരിക്കൻ മനഃശാസ്ത്രജ്ഞനായ മാക്ഡുഗലും അദ്ദേഹത്തിന്റെ പക്ഷക്കാരും ഫ്രായിഡ് ഒരു മനഃശാസ്ത്രജ്ഞനല്ലെന്നു മേലും വാദിക്കാൻ മടിച്ചിട്ടില്ല. ഈ വാദത്തെ ശക്തിയായി എതിർക്കുന്നവരും ഇന്നു ധാരാളമുണ്ട്.

ഫ്രായിഡിന്റെ മാനസികാപഗ്രഥനം മനഃശാസ്ത്ര ലോകത്തുണ്ടാക്കിയിട്ടുള്ള ഏറ്റവും വിപ്ലവകരവും ഫലപ്രദവുമായിട്ടുള്ള ഒന്നാണെന്നും അതു അദ്ദേഹത്തിന്റെ മാത്രം ഒരു കണ്ടുപിടുത്തമാണെന്നും വിശ്വസിച്ചുകൂടാ. "മനഃശാസ്ത്രത്തെ സംബന്ധിച്ച് മുൻപു പറയപ്പെട്ടിട്ടുള്ളതിനോടു ചില പുതിയ കാര്യങ്ങൾ കൂട്ടിച്ചേർക്കുക മാത്രമാണ് മാനസികാപഗ്രഥനം ചെയ്യുന്നതു്" എന്നു ഫ്രായിഡ് തന്നെ മാനസികാപഗ്രഥനത്തെക്കുറിച്ചുള്ള തന്റെ ഒരു പ്രസംഗത്തിൽ പറയുന്നു. "ലൈംഗികബന്ധത്തിൽ നിന്നും ഹിസ്റ്റീരിയായെ വേർതിരിക്കുമ്പോൾ ഞാൻ ഭൈഷജ്യത്തിന്റെ പ്രാരംഭത്തിലേക്കു പിന്മടങ്ങുകയായിരുന്നുവെന്നും പ്ലേറ്റോവിന്റെ ഒരു ചിന്തയെ പിന്തുടരുകയായിരുന്നുവെന്നും ഞാൻ അറിഞ്ഞിരുന്നില്ല." എന്നു അദ്ദേഹം തന്റെ ആത്മകഥാകഥനത്തിൽ പ്രസ്താവിക്കുകയും ചെയ്യുന്നു.

സ്വപ്നം നിദ്രയിലെ ഒരുമാതിരി മാനസികജീവിതമാണെന്ന നിലയിലുള്ള അരിസ്റ്റോട്ടലിന്റെ നിർവചനം ഇന്നും പരിത്യാജ്യമല്ലെന്നു ഫ്രായിഡ് വിശ്വസിക്കുന്നു. മാനസികാപഗ്രഥനത്തിൽ തനിക്കു

സഹായകമായിട്ടുള്ള രണ്ടു സിദ്ധാന്തം മൂന്നു ശതവർഷങ്ങൾക്കു മുൻപുള്ള യവനചിന്തയിൽനിന്നാണു അദ്ദേഹത്തിനു ലഭിച്ചിട്ടുള്ളതു്. ശാസ്ത്രീയമായ മനോവിജ്ഞാനീയത്തിനു പ്ലേറ്റോവിനെയും അരിസ്റ്റോട്ടലിനെയും അപേക്ഷിച്ചു പ്രായക്കൂടുതലുണ്ടെന്നു കണ്ടുപിടിക്കുവാൻ പ്രയാസമില്ല.

നശ്വരമായ മനുഷ്യശരീരത്തിൽ വർത്തിക്കുന്ന അനശ്വരാത്മാവിനെപ്പററി പതിനാറാംനൂററാണ്ടിലെ പ്രശസ്ത യവനശാസ്ത്രജ്ഞനും ചിന്തകനുമായ പീത്തഗോറാസ്സൃഷ്ടിച്ച സിദ്ധാന്തം ഇന്നോളം ഒരു വിവാദവിഷയമായി ജീവിക്കുന്നു. ജീവിതത്തെയും അറിവിനെയും സംബന്ധിച്ച തത്വജ്ഞാനീയത്തെ ചികഞ്ഞുനോക്കുന്നതു ആദ്ധ്യാത്മിക ശാസ്ത്രമാണു്. പല നൂററാണ്ടുകളായി അതു മനഃശാസ്ത്രപരമായ ചിന്തകളെ ഉല്പാദിപ്പിച്ചുകൊണ്ടിരിക്കുന്നു.

പുരാതന യവനർ തത്വചിന്തയിൽ വളരെ പുരോഗമിച്ചിരുന്നുവെങ്കിലും ജീവശാസ്ത്രത്തെ സംബന്ധിച്ച അവരുടെ അറിവു സങ്കുചിതമായിരുന്നു. സിരാക്കൂടത്തെ (Nervous system) പ്ലേറ്റോവിനോ അരിസ്റ്റോട്ടലിനോ യാതൊന്നും അറിവാൻ കഴിഞ്ഞില്ല. സിരകളിലെ വായുമാർഗ്ഗേണയാണു് ഇന്ദ്രിയനിവേദനവും (സെൻസേഷൻ) ചിന്തയും ചൈതന്യവും ശരീരത്തിൽ പരിവാഹിക്കുന്നതെന്നു് അവർ വിചാരിച്ചു. അവരുടെ ഈ വിശ്വാസം പതിനെട്ടാംശതാബ്ദംവരെ നിലനിന്നു. ചിന്ത ഹൃദയത്തിൽനിന്നു നിർഗ്ഗമിക്കുമെന്നു അരിസ്റ്റോട്ടലും ആശ കരളിൽ നിന്നുത്ഭവിക്കുന്നുവെന്നു പ്ലേറ്റോവും വിശ്വസിക്കുന്നു.

അനശ്വരാത്മാവിനെ സംബന്ധിച്ച പിത്തഗോറാസ്സുടെ സിദ്ധാന്തത്തെ പ്ലേറ്റോ അംഗീകരിച്ചു് അതിനെ പരിപോഷിപ്പിച്ചു. അരിസ്റ്റോട്ടൽ ആത്മാവിനേയും ശരീരത്തേയും സംബന്ധിച്ചു് വിപുലാന്വേഷണം നടത്തി. ഒരുപ്രകാരത്തിൽ നോക്കിയാൽ അരിസ്റ്റോട്ടൽ നിരീക്ഷിച്ചതും പരീക്ഷിച്ചതും ശരിയായ ശാസ്ത്രീയ സമ്പ്രദായത്തിലാണു്. മറെറാരു പ്രകാരത്തിൽ നോക്കുമ്പോൾ അദ്ദേഹം തത്വചിന്തനം നടത്തിയതും മനസ്സിന്റെ പ്രകൃതിയെക്കുറിച്ചു് തീരുമാനങ്ങൾ നൽകിയതും കേവലം വിചാരശക്തിയെ പ്രയോഗിച്ചിട്ടായിരുന്നു വെന്നു കാണാം. അരിസ്റ്റോട്ടലിന്റെ കാലത്തു ശരീരശാസ്ത്രത്തിനു ഗണ്യമായ വളർച്ചലഭിച്ചു. അങ്ങിനെ നോക്കിയാൽ രണ്ടായിരം കൊല്ലങ്ങൾക്കുമുൻപുതന്നെ മനഃശാസ്ത്രം അതിന്റെ അടിത്തറ പാകിയിട്ടുണ്ടായിരുന്നു വെന്നു മനസ്സിലാക്കാം.

യൂറോപ്പിലെ നവോത്ഥാന ദശവരെ മനഃശാസ്ത്രപരമായ ചിന്തകൾ ആശാസ്യമായ അഭിവൃദ്ധിയെ പ്രാപിച്ചിരുന്നില്ല. മനഃശാസ്ത്രത്തിലെ ആധുനികപരിവർത്തനം ആരംഭിച്ചതു നവോത്ഥാനകാലംമുതൽക്കാണു്. എന്നാൽ പത്തൊൻപതാം ശതാബ്ദത്തിന്റെ പകുതിവരെ പ്രസ്തുതപരിവർത്തനത്തിന്റെ ഫലങ്ങൾ പുറത്തുകാണപ്പെട്ടിരുന്നില്ല.

സങ്കല്പങ്ങളിൽ നിന്നു യഥാർത്ഥത്തിലേക്കു് മനുഷ്യന്റെ ശ്രദ്ധയെ തിരിക്കുകയായിരുന്നു പുനരുത്ഥാനം ചെയ്ത ഏററവും പ്രധാനകാര്യം. ശാസ്ത്രീയമനോഭാവത്തെ ജനങ്ങൾ സ്വാഗതംചെയ്തു. വിശ്വാസത്തെയും പ്രവൃത്തിയെയും അവർ യുക്തി

കൊണ്ടുപരിഷ്ക്കരിച്ചു. മനഃശാസ്ത്രജ്ഞന്മാരും അവരുടെ ചിന്തകളിലും പരീക്ഷണങ്ങളിലും യുക്തി ചെലുത്തുവാൻ തുടങ്ങി.

ഇംഗ്ലണ്ടിൽ തോമസ് ഹോബ്സ് (1588-1674) ഒരു പ്രത്യേക മനഃശാസ്ത്രപദ്ധതിയെ രൂപവൽക്കരിച്ചു. ശരീരത്തിലുണ്ടാകുന്ന ഒരു ബാഹ്യവ്യാപാരം സൃഷ്ടിക്കുന്ന ചലനത്തെയാണു ഇന്ദ്രിയനിവേദനമായി അദ്ദേഹം വിവരിച്ചതു്. മനഃശാസ്ത്രത്തിൽ ശാസ്ത്രീയനിരീക്ഷണസമ്പ്രദായം കലർത്തിയതാണ് ഹോബ്സിനെ സംബന്ധിച്ച് ഓർമ്മിക്കാനുള്ള ഏറ്റവും പ്രധാനസംഗതി.

ഡേക്കാർട്ടേവന്നു് തന്റെ പൂർവ്വഗാമികളുടെ പ്രബോധനങ്ങളേയും സിദ്ധാന്തങ്ങളെയും അസ്ഥിരമാക്കി പരാശ്രയമെന്യേ അദ്ദേഹം സത്യാന്വേഷണതൃഷ്ണയിൽ ഒരു തത്വചിന്താസമ്പ്രദായത്തെ കെട്ടിപ്പടുത്തു. മനസ്സും പദാർത്ഥവും പരസ്പരം വ്യത്യസ്തമാണെന്നു തെളിയിക്കുവാൻ അദ്ദേഹം ശ്രമിച്ചു. മനുഷ്യേതരജീവികൾക്ക് മനസ്സില്ലെന്നും പദാർത്ഥത്തെ നിയന്ത്രിക്കുന്നതു മനസ്സാണെന്നും അദ്ദേഹം വാദിച്ചു. പലതിലും ഡെക്കാർട്ടേക്ക് തെറ്റുപറ്റിയെങ്കിലും മനഃശാസ്ത്രപരമായ അറിവിനെ വികസിപ്പിക്കാൻ അദ്ദേഹം പലതും ചെയ്തു. പത്തൊൻപതാംശതാബ്ദത്തിന്റെ തുടക്കംവരെ അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങൾക്ക് രാഷ്ട്രീയമായ അംഗീകരണം ലഭിച്ചില്ല.

അറിവിന്റെ ഉൽപ്പത്തിയെക്കുറിച്ചുള്ള അന്വേഷണങ്ങൾകൊണ്ടു ലോക് മനഃശാസ്ത്രത്തിന്റെ വളർച്ചക്ക് വളരെ സഹായം നൽകി. അനുഭവത്തിൽനിന്നാണ് അറിവുണ്ടാകുന്നതെന്ന സിദ്ധാന്തം അവലംബിച്ചുകൊണ്ടായിരുന്നു അദ്ദേഹത്തിന്റെ ചിന്തകൾ. ശരീരം മനസ്സിനെ ആശ്രയിച്ചിരുന്നുവെന്നു ഡെക്കാർട്ടേ വാദിച്ചപ്പോൾ മനസ്സ് ശരീരത്തെയാണ് ആശ്രയിച്ചിരിക്കുന്നതെന്നു ലോക് വാദിച്ചു.

അനുഭവവും മനസ്സും തമ്മിലുള്ള ബന്ധത്തെപ്പറ്റി ലോക് മതിയാവോളം ചിന്തിച്ചിരുന്നില്ല. ബാഹ്യ പ്രപഞ്ചത്തിന്റെ യാഥാർത്ഥ്യത്തെ സ്ഥാപിക്കുവാൻ ഡെക്കാർട്ടേ പണിപ്പെട്ടു. ലോക് മനസ്സിന്റെ യാഥാർത്ഥ്യത്തെയും. ഹ്യൂമാകട്ടെ മനസ്സിന്റെയും പദാർത്ഥത്തിന്റെയും യാഥാർത്ഥ്യത്തെ നിഷേധിച്ചു. മനസ്സിനു പ്രവർത്തകശക്തിയില്ലെന്നും അതു വിവിധ ശൃംഖലകളാൽ സംഘടിതമായ Reflections വിശാലമായ ഒരു സമാഹരണമാണെന്നും അദ്ദേഹം വിചാരിച്ചു.

പത്തൊൻപതാം ശതാബ്ദത്തിൽ നിലനിന്നിരുന്ന മന:ശാസ്ത്രത്തിലെ അസോസിയേഷനിസം ഇന്നു എത്ര അസ്ഥിരമാണെന്നു ആധുനിക മന:ശാസ്ത്രത്തിന്റെ അധ്യേതാക്കൾക്കറിയാം. എന്നാൽ അതിന്റെ അടിസ്ഥാന തത്വത്തെ ആധുനിക മന:ശാസ്ത്രം മുഴുക്കെ പരിത്യജിച്ചിരിക്കയാണെന്നു പറഞ്ഞുകൂടാ. അതിനെ മൂലപ്രമാണമായി ഇന്നത്തെ മന:ശാസ്ത്രം സ്വീകരിച്ചിട്ടില്ലെന്നേയുള്ളൂ.

അബോധപൂർവ്വകമായ മനോവ്യാപാരത്തെ സംബന്ധിച്ച ആശയങ്ങളെ ആദ്യം ആവിഷ്ക്കരിച്ചതു ജർമ്മൻ തത്വചിന്തകനായ ലെബ്നീസാണ്. പ്രവർത്തനോന്മുഖമായ സ്വതന്ത്ര മാനസിക ധാതുക്കളാൽ സംസൃഷ്ടമായ ഒന്നാണു പ്രപഞ്ചം എന്നു

അദ്ദേഹം സിദ്ധാന്തിച്ചു. ഈ സിദ്ധാന്തത്തെ ഷോപ്പൻഹവർ വളൎത്തുവാൻ ശ്രമിച്ചു. ഫ്രായിഡിന്റെ ആശയങ്ങളെയും വിവരണങ്ങളെയും പററി അദ്ദേഹത്തിനു മുൻപു സൂചനകൾ നൽകിയതു ഷോപ്പൻഹവറാണ്. പ്രപഞ്ചത്തിലെ ഏക യാഥാൎത്ഥ്യം ഇച്ഛയാണെന്നും ബോധപൂൎവ്വമായ ആശയും അബോധപൂൎവ്വമായ ജന്മവാസനയും ഇച്ഛയിലടങ്ങിയിരിക്കുന്നുവെന്നാണു അദ്ദേഹം അഭിപ്രായപ്പെട്ടതു്.

ആദ്ധ്യാത്മിക ശാസ്ത്രത്തോടോ ആത്മാവിനെ സംബന്ധിച്ച പ്രശ്നങ്ങളോടോ മനഃശാസ്ത്രത്തിനു യാതൊരു കാൎയ്യവുമില്ലെന്ന ഹ്യൂമിന്റെ അഭിമതത്തെ കാൺട് അനുകൂലിച്ചു. മനഃശാസ്ത്രം അനുഭവങ്ങളെയാണു പഠിക്കേണ്ടതെന്നും അതിനു ഗണിതശാസ്ത്ര സമ്പ്രദായങ്ങൾ സ്വീകരിക്കപ്പെടണമെന്നും കാൺട് വാദിച്ചു. ഇച്ഛയുടെയും അനുഭവത്തിന്റെയും പ്രാധാന്യത്തെക്കുറിച്ചുള്ള പ്രസ്താവങ്ങളാൽ അദ്ദേഹം മനഃശാസ്ത്രത്തിനും കൂടുതൽ വളൎച്ച നൽകി.

പതിനെട്ടാം ശതാബ്ദത്തിൽ ഫ്രഞ്ച് ശാസ്ത്രജ്ഞന്മാർ മാനസികരോഗബാധിതരെ ചികിത്സിക്കാൻ ചില പ്രത്യേക പദ്ധതികൾ സൃഷ്ടിച്ചു. അവരുടെ ഗവേഷണങ്ങളും പരീക്ഷണങ്ങളും പ്രയോഗങ്ങളും മനശ്ശാസ്ത്രത്തിൽ ഒരു പുതിയ സരണിയെ വെട്ടിത്തുറന്നു. പ്രസിദ്ധ ജൎമ്മൻ ശരീരശാസ്ത്രജ്ഞനായ പീററർ മുള്ളറിന്റെ ഗവേഷണങ്ങൾ അദ്ദേഹത്തെ അനുഗമിച്ച പല ശാസ്ത്രജ്ഞന്മാൎക്കും വഴികാണിച്ചു.

പത്തൊൻപതാംശതാബ്ദത്തിന്റെ മദ്ധ്യദശയിൽ തത്വജ്ഞാനികളുടെയും ശാസ്ത്രജ്ഞന്മാരുടെയും ചിന്തകളുടെ പരീക്ഷണങ്ങളും മനഃശാസ്ത്രത്തെ സാരമായി സ്പർശിച്ചു. മനസ്സിനെപ്പററി തത്വചിന്തകന്മാരും മസ്തിഷ്കത്തെപ്പററി ശാസ്ത്രജ്ഞന്മാരും പല വാസ്തവങ്ങളും വെളിപ്പെടുത്തി. അതോടുകൂടി മനഃശാസ്ത്രത്തിന്റെ ശാരീരികമായ വിഭാഗത്തിനു ശീഘ്രമായ പുരോഗതിയുണ്ടായി.

ഡാർവിന്റെ പരിണാമസിദ്ധാന്തം മററു ശാസ്ത്രങ്ങളെയെന്നപോലെ മനഃശാസ്ത്രത്തെയും അഗാധമായി ചലിപ്പിച്ചു. മനസ്സിനെ മാത്രമല്ല, ശരീരത്തെയും സംബന്ധിച്ചു കൂടുതൽ അറിയുവാനും അന്വേഷിക്കാനും പരിണാമസിദ്ധാന്തം വലിയ പ്രേരണ നൽകുന്നു. വിഷമം പിടിച്ചു കുഴഞ്ഞ ഒരു ഏൎപ്പാടാണു് മനഃശാസ്ത്രം എന്നു ഡാർവിനു ശേഷമാണു് പൂൎണ്ണമായി ഗ്രഹിക്കപ്പെട്ടതു്. ഡാർവിന്റെ സിദ്ധാന്തത്തെ മനഃശാസ്ത്രത്തിൽ പ്രയോഗിച്ച ആദ്യത്തെ തത്വചിന്തകൻ ഹെർബർട്ട് സ്പെൻസറാകുന്നു.

മാനസികാപഗ്രഥനം.

ഫ്രായിഡിന്റെ മാനസികാപഗ്രഥനം സാൎവ്വത്രികമായി അംഗീകരിക്കപ്പെട്ടിട്ടുള്ള ഒന്നല്ല. അതിനു പ്രബലമായ അനുകൂല്യമുള്ളതുപോലെ പ്രബലമായ പ്രാതികൂല്യവുമുണ്ടു്. ഒരവസരത്തിൽ ഡാക്ടർമാരും ശാസ്ത്രജ്ഞന്മാരും മതപക്ഷക്കാരും അതിനെ നിരോധിച്ചിരുന്നു.

സിരാസംബന്ധമായ കുഴപ്പങ്ങളെ ശരിപ്പെടുത്തുവാനുള്ള വൈദ്യശാസ്ത്രപരമായ ചികിത്സാപദ്ധതിയായും മനസ്സിന്റെ വിശിഷ്യ, അബോധമനസ്സിന്റെ സ്വഭാവത്തെ സംബന്ധിച്ച ഒരു പൊതുഅന്വേ

ഷണം നടത്തുന്നതിനുള്ള സമ്പ്രദായമായും മനസ്സിന്റെ പ്രകൃതിയെ സംബന്ധിച്ച ശാസ്ത്രീയസിദ്ധാന്തമായും മാനസികാപഗ്രഥനത്തെ നാം വീക്ഷിക്കുന്നു. "മാനസികജീവിതത്തിലെ അബോധാവസ്ഥയെ കണ്ടുപിടിക്കുകയല്ലാതെ മാനസികാപഗ്രഥനത്തിനു മറെറാരു ലക്ഷ്യമില്ല; അതിനു മറെറാന്നും നേടുവാനുമില്ല" എന്നു ഫ്റായിഡ് പ്രസ്താവിക്കുന്നു. ചരിത്രത്തിലെ വ്യത്യസ്തദശകളിലെയും വിവിധങ്ങളായ സാമൂഹ്യപ്രവർത്തന രംഗങ്ങളിലെയും മനുഷ്യസ്വഭാവത്തെ വിവരിക്കുന്നതിനു മാനസികാപഗ്രഥനസമ്പ്രദായത്തെ ഫ്റായിഡും കൂട്ടുകാരും ഉപയുക്തമാക്കിയിട്ടുണ്ട്. "പ്രതിപാദ്യവിഷയം കൊണ്ടല്ല പ്രതിപാദനപദ്ധതികൊണ്ടാണ് മാനസികാപഗ്രഥനം ഒരു ശാസ്ത്രമായിരിക്കുന്നത്" എന്നും അദ്ദേഹം പറയുന്നു.

ബോധമനസ്സ്, ബോധാതീതമായ മനസ്സ്, അബോധമനസ്സ് ഇങ്ങനെ മാനസികാവസ്ഥകളെ അദ്ദേഹം മൂന്നായി തരംതിരിക്കുന്നു. അബോധമനസ്സിനെ ഫ്റായിഡ് കണ്ടുപിടിച്ചുവെന്നു പറയാവതല്ലെങ്കിലും അതിനെ വ്യവസ്ഥാപിതമായും ശാസ്ത്രീയമായും വിവരിക്കാൻ ശ്രമിച്ച ആദ്യത്തെ ആൾ അദ്ദേഹമാണെന്നു തീർത്തുപറയാം. ജന്മവാസനകളാണ് അദ്ദേഹത്തിന്റെ അന്വേഷണാലംബങ്ങൾ. എന്നാൽ അവയെക്കുറിച്ച് ഫ്റായിഡ് പരിമിതമായ അറിവും ആശയവും മാത്രമേ നൽകുന്നുള്ളു. ലിംഗബന്ധപരമായ വസ്തുതകളെയാണ് അദ്ദേഹം പ്രധാനമായി പ്രകാശിപ്പിക്കുന്നത്. ഇക്കാര്യത്തിലാണ് അദ്ദേഹം കടുത്ത വൈരികളെയും ശത്രുക്കളെയും സമ്പാദിക്കുന്നതും. ശിശുക്കളിൽ ലിംഗബന്ധപരമായ അഭിനിവേശം കണ്ടുപിടിച്ചപ്പോൾ അദ്ദേഹത്തിന്റെ നേർക്ക് പലരും സഹിക്കാത്ത അതിശയവും രോഷവും ശത്രുതയും പ്രകടിപ്പിച്ചു. ഫ്റായിഡിന്റെ ലൈംഗികസിദ്ധാന്തം ഒരു സാധാരണക്കാരന്റെ ഏതദ്വിഷയകമായ സിദ്ധാന്തത്തെ അപേക്ഷിച്ച് വളരെ വ്യത്യസ്തവും വ്യാപകവുമാകുന്നു. ശിശുക്കൾക്കു ലൈംഗികാഭിനിവേശമേയില്ലെന്നായിരുന്നു ഫ്റായിഡിനു മുൻപു പൊതുവെ വിശ്വസിക്കപ്പെട്ടിരുന്നത്. ഒരാളുടെ കുട്ടിക്കാലത്തെ ലിംഗബന്ധപരമായ ജീവിതാവസ്ഥകളെ അറിയാതെ അയാളെക്കുറിച്ച് മാനസികമായി യാതൊന്നും മനസ്സിലാക്കാൻ സാധിക്കയില്ലെന്നാണ് ഫ്റായിഡ് സിദ്ധാന്തിക്കുന്നത്. പ്രായപൂർത്തിയെത്തിയ പതിനാലുവയസ്സുള്ള ഒരു ബാലന്റെ സ്വഭാവത്തെ പഠിക്കുവാൻ പത്തുകൊല്ലം പിന്നിട്ട് അവന്റെ നാലാമത്തെ വയസ്സിൽ എന്തെല്ലാം സംഭവിച്ചുവെന്നു അറിയണമെന്ന് അദ്ദേഹം നിർബ്ബന്ധിക്കുന്നു.

മനുഷ്യപ്രകൃതിയെപ്പററി മാനസികാപഗ്രഥനം നടത്തുന്ന പര്യവേക്ഷണങ്ങൾ ഇന്നും പല വാദങ്ങൾക്കും കുഴപ്പങ്ങൾക്കും കാരണമായിത്തന്നെയിരിക്കുന്നു.

ഫ്റായിഡിന്റെ അനുയായികളിൽ പോലും അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങൾ അഭിപ്രായഭിന്നതയുളവാക്കി. കഴിഞ്ഞ മഹായുദ്ധത്തിനു അല്പം മുൻപ് ആൽഫ്റെഡ് അഡ്ലറിന്റെയും (1870-1897) കാറൽഗുസ്റ്റാവ് യുങ്ങിന്റെയും നേതൃത്വത്തിൽ മനഃശാസ്ത്രപരമായ രണ്ടു പ്രസ്ഥാനങ്ങൾ ആവിർഭവിച്ചു. മാനസികജീവി

ത്തിൽ ലൈംഗികബന്ധത്തിനു ഫ്റായിഡ് കൽപ്പിക്കുന്ന പ്രാധാന്യത്തെ അവർ സമ്മതിക്കുന്നില്ല. എന്നാൽ ഫ്റായിഡ് ചെയ്യുന്നതുപോലെ ജീവിതത്തിൻെറ പ്രാരംഭദശയ്ക്കു അഡ്ലെറും പരമമായ പ്രാധാന്യം നൽകുന്നു. സ്വപ്നത്തെയും അബോധമനസ്സിനെയും സംബന്ധിച്ച ഫ്റായിഡിൻെറ വ്യാഖ്യാനത്തെ അഡ്ലെർ നിരസിക്കുന്നു. "ബോധവും അബോധവും ഒരുമിച്ചു ഒരേ ലക്ഷ്യത്തിലേക്കു നീങ്ങുന്നു" എന്നാണ് അദ്ദേഹം പറയുന്നത്. ഈ സംഗതിയിൽ യുങ്ങും ഫ്റായിഡിനെ വിട്ടുമാറിനിൽക്കയാണു ചെയ്യുന്നത്.

ബിഹേവിയറിസം

1913 മുതൽക്കാണ് ബിഹേവിയറിസ്റ്റ് മനഃശാസ്ത്രത്തിൻെറ വളർച്ച. വാററ്സൺ, പാവ്ലോവ് എന്നിവരാണ് അതിൻെറ ഏററവും പ്രാമാണികന്മാരായ പ്രണേതാക്കൾ. ജീവികളുടെയെല്ലാം വ്യാപാരത്തെയും പെരുമാററത്തെയും പഠിക്കുവാനുള്ള ഒരു ശാസ്ത്രീയസമ്പ്രദായമാണത്. കാണുവാനും പരീക്ഷിക്കുവാനും കഴിയുന്ന വഴികളിൽക്കൂടി മാത്രമാണ് ബിഹേവിയറിസത്തിൻെറ പോക്ക്. നിരീക്ഷണത്തിനു സിദ്ധാന്തങ്ങളെയല്ലാതെ വസ്തുതകളെ വെളിപ്പെടുത്തുവാൻ സാധിക്കയില്ലെന്നു അവർ വാദിക്കുന്നു. ബിഹേവിയറിസത്തിൽ മനസ്സ് എന്ന ഒന്നേയില്ല. മനഃശാസ്ത്രം ബോധത്തെ സംബന്ധിക്കുന്നതേയല്ല. അതു ജീവികളുടെ വ്യാപാരത്തിൻെറ ബാഹ്യവസ്തുതകളെ മാത്രം സംബന്ധിക്കുന്നുവെന്നാണ് അമേരിക്കൻ ബിഹേവിയറിസക്കാർ സിദ്ധാന്തിക്കുന്നത്.

ഇന്ദ്രിയനിവേദനത്തെയും വികാരത്തെയും ഓർമ്മശക്തിയെയും സംബന്ധിച്ചു അവർ യാതൊരു രഹസ്യത്തെയും ദർശിക്കുന്നില്ല. ബാഹ്യവും ആന്തരവും ആയ അവയവങ്ങളുടെ ചലനങ്ങളിൽ കൂടിയാണ് അവർ ജന്തുക്കളെ പഠിക്കുന്നത്. ചിന്തയെ ഒരു കായികവ്യാപാരമായി ബിഹേവിയറിസം ഗണിക്കുന്നു. അതു പന്തുകളി പോലുള്ള പ്രവൃത്തിയിൽനിന്നു വ്യത്യസ്തമല്ലെന്നു അവർ വാദിക്കും. ഒരു വ്യക്തി എപ്പോൾ ചിന്തിക്കുന്നുവോ അപ്പോൾ അവൻെറ ശാരീരികഘടന മുഴുക്കെ പ്രവൃത്തിക്കുന്നു.

നിശ്ചിതമായ ഒരു സമ്പ്രദായത്തിൽ പെരുമാറുവാൻ ഒരു ശിശുവിനെ പഠിപ്പിക്കണമെന്നു നിങ്ങൾ ആശിക്കുന്നുവെങ്കിൽ ഫ്റായിഡിൻെറ ഉപദേശത്തെ സ്വീകരിക്കുന്നതിനെ അപേക്ഷിച്ച് വാററ്സൺെറ ഉപദേശത്തെ സ്വീകരിക്കുന്നതാണ് കൂടുതൽ ബുദ്ധിപൂർവ്വകമെന്നു റസ്സൽ അഭിപ്രായപ്പെടുന്നുണ്ട്. ശിശുപ്രകൃതിയെപ്പററി ബിഹേവിയറിസം മനോഹരമായി സവിസ്തരം പ്രതിപാദിക്കുന്നുണ്ടെങ്കിലും നീതിശാസ്ത്രത്തെയും സൌന്ദര്യബോധത്തെയും സംബന്ധിച്ച അതിൻെറ തീരുമാനങ്ങൾ ചിന്തകന്മാരുടെ ലോകത്തു പല വഴക്കുകളും വളർത്തിക്കൊണ്ടിരിക്കുന്നു.

ഏലാക്കമ്പനികൾ.

(എം. ജി. കോശി ബി. എ. & ബി. എൽ.)

യുദ്ധം പോകുന്ന പോക്കുകണ്ടിട്ടു തുടർന്നുണ്ടാകുന്ന സമാധാനം നീണ്ടുനിൽക്കുമെന്നു തോന്നുന്നില്ല. ഈ തലമുറയിൽ തന്നെ മൂന്നാമത്തെ ലോകമഹായുദ്ധം ആരംഭിച്ചെന്നുവരാം അതിനു മുൻപായി നെൽകൃഷിയിൽ തിരുവിതാംകൂർ സ്വയംപര്യാപ്തത പ്രാപിച്ചിരിക്കേണ്ടതാകുന്നു. അല്ലാത്തപക്ഷം ഇന്നു നാം അനുഭവിക്കുന്നയാതനകൾ എല്ലാം ആവർത്തിക്കേണ്ടിവരുമെന്നുള്ളതു നിശ്ചയമാണ്.

ശാസ്ത്രീയവും സംഘടിതവുമായ കൂട്ടംകൃഷികൊണ്ടുതന്നെ നമ്മുടെ ഉൽപ്പാദനശക്തി അമ്പതുശതമാനം വർദ്ധിപ്പിക്കാൻ കഴിയുന്നതാണ്. എന്നാൽ അഞ്ചിടങ്ങഴിക്കാരനോ അഞ്ചുപറക്കാരനോ കൂട്ടംകൃഷി ചെയ്യുവാൻ നിവൃത്തിയില്ല. വിസ്തൃതമായ നിലങ്ങളും ആധുനിക ഉപകരണങ്ങളും ശാസ്ത്രീയമായി പാകംചെയ്ത വളങ്ങളും പിഴയ്ക്കാത്ത ജലസേചനപദ്ധതിയും ധാരാളം പണം മുടക്കുമാണു വിജയകരമായ കൂട്ടംകൃഷിയുടെ ഉപാധികൾ. ചെറിയ നിലമുടമസ്ഥന്മാരുടെ താൽപ്പര്യങ്ങൾക്കു ഹാനി കൂടാതെ പ്രസ്തുത ഉപാധികൾ സമ്പാദിക്കുന്നതിനു ഏറ്റവും പറ്റിയ ഒരു മാർഗ്ഗമാണു ഏലാക്കമ്പനികൾ.

ഒരേ ആഭിമുഖ്യത്തിലും ഒരേ ഉത്തരവാദിത്വത്തിലും കൂടുതൽ പണം മുടക്കി ശാസ്ത്രീയമായ രീതിയിൽ കൃഷിയിറക്കി ഉൽപ്പാദനം വർദ്ധിപ്പിക്കുക എന്നുള്ളതാണ് ഏലാക്കമ്പനികളുടെ ഉദ്ദേശം.

ഒരേ ജലസേചനപദ്ധതിക്കും ഒരേ പ്രളയനിരോധനമാർഗ്ഗത്തിനും വിധേയമായ ഏലാതന്നെ **നെൽകൃഷി**ക്കുള്ള യൂണിറ്റായി സ്വീകരിക്കണം. ഒരേ ആഭിമുഖ്യത്തിലും ഒരേ ഉത്തരവാദിത്വത്തിലും കൂടുതൽ പണം മുടക്കി ശാസ്ത്രീയമായ രീതിയിൽ കൃഷിയിറക്കി ഉൽപ്പാദനം വർദ്ധിപ്പിക്കുക എന്നുള്ളതാണ് ഏലാക്കമ്പനികളുടെ ഉദ്ദേശം,

ഒരേലായിലുള്ള എല്ലാനിലങ്ങളും അളന്നുതിട്ടപ്പെടുത്തി ഇന്നത്തെനിലയ്ക്കു നല്ല തീർപ്പു കണക്കാക്കി വിലയിട്ടു ഓരോ നിലമുടമസ്ഥനും കിട്ടേണ്ട വിലയ്ക്കുപ്രകാരം അത്രയും വിലപിടിപ്പുള്ള കമ്പനിഓഹരികൾ ഓരോരുത്തർക്കുമായി വിഭജിക്കണം. ഓരോഹരിയുടെ വില പത്തുരൂപയായിരുന്നാൽ കൊള്ളാം. അങ്ങനെ ഏലായിലുള്ള എല്ലാനിലമുടമസ്ഥന്മാരുടേയും അവകാശങ്ങൾ കമ്പനി ഓഹരികളായി തീരണം. ശാസ്ത്രീയവും ആധുനികമായി കൃഷിയിറക്കുന്നതിനും അത്യാവശ്യമുള്ള

ജലസേചനപദ്ധതികൾ ഏർപ്പെടുത്തുന്നതിനും മററ് ഒഴിച്ചുകൂടാൻപാടില്ലാത്ത ആവശ്യങ്ങൾക്കും ഉള്ള ചിലവുകൾ തിട്ടപ്പെടുത്തി കൂടുതൽ ഓഹരികൾ വിററു ആവക പണവും ശേഖരിക്കണം. അങ്ങനെ കൂടുതൽ വില്ക്കുന്ന ഓഹരികൾ ആദ്യഓഹരിക്കാർക്കുതന്നെ ആവശ്യമുള്ളപക്ഷം അവരുടെ ഓഹരിയുടെ അനുപാതമനുസരിച്ചായിരിക്കണം വില്ക്കേണ്ടതു്. ബാക്കിവരുന്ന ഓഹരികൾ ഏലായുടെ അടുത്തു താമസക്കാരായ നിലമില്ലാത്ത ആളുകൾക്കും കൊടുക്കാം. അത്യാവശ്യമായ കാര്യങ്ങൾക്കു വേണ്ടി ചിലവാക്കുന്നതിനു മതിയാകുന്ന ഒരു തുക ശേഷിക്കത്തക്കവണ്ണം കൂടുതൽ ഓഹരികൾ വില്ക്കണം. വേർതിരിക്കപ്പെട്ട ഒരു പ്രത്യേകശാശ്വതനിധിയും കമ്പനിയുടെ വാർഷികാദായത്തിൽ നിന്നും ഓരോകൊല്ലവും മാററി വയ്ക്കാൻ സാധിക്കുന്നതാണ്. തോടുകെട്ടുന്നതിനോ അണകെട്ടുന്നതിനോ ചീപ്പുനിർമ്മിക്കുന്നതിനോ അതുപോലെയുള്ളതോ ഏലായുടെ രക്ഷക്കും അഭിവൃദ്ധിക്കും അത്യാവശ്യമെന്നു കാണുന്നതുമായ ഇതരആവശ്യങ്ങൾക്കും ആയി ശാശ്വതനിധിയിൽനിന്നും പണം ചിലവാക്കാവുന്നതും പോരാതെവരുന്ന പണം കമ്പനിയുടെ ഒരു വിശേഷാൽ യോഗത്തിന്റെ പ്രത്യേകതീരുമാനപ്രകാരം കൂടുതൽഓഹരികൾവിററും ഉണ്ടാക്കാവുന്നതാണു. യാതൊരുകാരണവശാലും കമ്പനി കടപ്പെട്ടുകൂടാ എന്നു പ്രത്യേകം നിബന്ധനയുണ്ടായിരിക്കണം. ഏലായുടെ വിസ്തീർണ്ണത്തിനനുയോജ്യമായ "അംഗബലമുള്ള ഒരു മാനേജിംഗ് ബോർഡായിരിക്കണം കമ്പനി ഭരണം നിർവഹിക്കേണ്ടതു്. അതിൽ ചെറിയനിലമുടമസ്ഥന്മാർക്കു പ്രത്യേക പ്രാതിനിധ്യത്തിനു വ്യവസ്ഥയുണ്ടായിരിക്കണം. രണ്ടോ മൂന്നോ കൊല്ലം കൂടുമ്പോൾ ഭരണസമിതിയംഗങ്ങളിൽ ഏതാനും പേർ സ്ഥാനമൊഴിയുന്നതിനും പകരം പുതിയ ആളുകളെയോ അവരെത്തന്നെയോ തിരഞ്ഞെടുക്കുന്നതിനും വ്യവസ്ഥയുണ്ടായിരുന്നാൽ കമ്പനിയുടെ ഭരണം കാര്യക്ഷമമായി നിയന്ത്രിക്കുന്നതിനുള്ള സൌകര്യം ഓഹരിയുടമസ്ഥന്മാർക്കു ലഭിക്കുന്നതാണ്. കൃഷിസംബന്ധമായ കൂലിവേലയ്ക്കു നിവൃത്തിയുള്ളപക്ഷം ശേഷിയും സമ്മതവുമുള്ള ഓഹരിഉടമസ്ഥന്മാരെത്തന്നെ ഏർപ്പെടുത്തണമെന്നു വ്യവസ്ഥചെയ്താൽ നിലത്തിലെ വേലകൾ എല്ലാം തന്നത്താൻ ചെയ്യുന്നസാധുക്കളുടെ താൽപ്പര്യവും സംരക്ഷിതമാവും.

ഇപ്രകാരമുള്ള ഏലാക്കമ്പനികൾ രൂപവൽക്കരിക്കുന്നതിനു ഗവണ്മെൻറിൻെറ സഹായവും സഹകരണവും അത്യന്താപേക്ഷിതമാണ്. ഏതെങ്കിലും ഒരേലായിൽ എഴുപത്തഞ്ചു ശതമാനം നിലങ്ങളുടെ ഉടമസ്ഥന്മാരോ അത്രയും ശതമാനം നിലമുടമസ്ഥന്മാരോ ഒരു കമ്പനി സ്ഥാപിക്കുന്നതിനു രേഖാമൂലം സമ്മതിച്ചാൽ ബാക്കിയുള്ളവരുടെ നിലങ്ങൾ നിർബന്ധിതസ്ഥലമെടുപ്പുനിയമം (Land Aqisiton Act) അനുസരിച്ചു വിലയ്ക്കെടുത്തുകൊടുക്കാമെന്നു ഗവർമ്മെൻറു ഉറപ്പു നല്കണം. ഗവർമ്മെൻറു അങ്ങനെ ചെയ്താൽ നിർബന്ധിത നടപടികൾ കൈക്കൊള്ളാതെ തന്നെ ജനങ്ങൾ സ്വമേധയാ കമ്പനികൾ സ്ഥാപിച്ചുകൊള്ളും. പൊതു താല്പര്യങ്ങൾക്കു വിപരീതമായി നില്ക്കുന്ന ന്യൂനപക്ഷക്കാരുടെ മേൽ നിർബന്ധിത നടപടികൾ തന്നെ നടത്തുവാനും ഗവർ

മെൻറു തയാറായിരിക്കണം. അന്യക്കു അത്ഥ ബാദ്ധ്യതകൾ ഉള്ള നിലങ്ങൾ കമ്പനിസ്വത്തിൽ വരുമ്പോൾ നിലങ്ങളുടെ അത്ഥബാദ്ധ്യത താനേ ഒഴിയുമെന്നും നിലമുടമസ്ഥൻെറ ഓഹരി ആ ബാദ്ധ്യതയ്ക്കു വിധേയമായിരിക്കുമെന്നും വ്യവസ്ഥ ചെയ്യുന്ന ഒരു നിയമം ആവശ്യമാകുന്നു. അതിലും ഗവമ്മെൻറിൻെറ സഹായം അനപേക്ഷണീയമാണ്. സാധാരണയായി കമ്പനികൾ ദുർഭരണംമൂലം നശിച്ചുപോകുന്നതു ഓഹരിയുടമസ്ഥന്മാർ അധികവും വിദൂരസ്ഥന്മാരാകകൊണ്ടു കമ്പനിയുടെ ദൈനംദിനപ്രവത്തനങ്ങളിലും ഭരണത്തിലും വേണ്ടുവോളം ശ്രദ്ധ പതിപ്പിക്കുവാൻ അവക്കു സാധിക്കാതെവരുന്നതു നിമിത്തമാണ് എന്നാൽ ഏലാക്കമ്പനികളുടെ ഓഹരിക്കാർ എല്ലാം പ്രായേണ സമീപസ്ഥരായിരിക്കുന്നതും ആകയാൽ അവക്കു കമ്പനിപ്രവത്തനങ്ങളിൽ കാണുന്ന വൈകല്യങ്ങൾ യഥാസമയം കണ്ടുപിടിച്ചു വേണ്ട പരിഹാരങ്ങൾ നേടുവാൻ പ്രയാസമെന്യേ സാധിക്കുന്നതുമാണ്. കമ്പനിമുതൽ കടപ്പെടുത്തുവാൻ കമ്പനിക്കവകാശമില്ലാത്തതിനാൽ കമ്പനി വൈൻഡപ്പു ചെയ്യേണ്ട പരിതഃസ്ഥിതികളും സാധാരണ സ്ഥിതിയിൽ ഉത്ഭവിക്കുകയില്ല എങ്കിലും ഓഹരി ഉടമസ്ഥന്മാരുടെ താല്പയ്യങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി ഏലാക്കമ്പനികളുടെ പ്രവത്തനങ്ങളെ നിയന്ത്രിക്കുന്ന പ്രത്യേകനിയമം നിമ്മിച്ചു ഗവമ്മെണ്ടിനു ഈ വിഷയത്തിൽ സഹായിക്കാവുന്നതാണ്.

ഏലാക്കമ്പനികളുടെ പ്രവത്തനം മൂലമുണ്ടാകുന്ന ഉൽപാദനവർദ്ധനവ് ഓഹരിയുടമസ്ഥന്മാക്കും ഗവമ്മെണ്ടിനും ഒരുപോലെ പ്രയോജനകരമായിരിക്കും. ഈ പദ്ധതി വിജയപ്രദമായി നടപ്പിലാക്കിയാൽ ഗവമ്മെണ്ടിൻെറ കരംപിരിവു ശ്രമം വളരെ ലഘൂകരിക്കപ്പെടുന്നതാണ്. ഒരുപക്ഷേ ഇപ്പോൾ നടപ്പാക്കിയിരിക്കുന്ന കാർഷികാദായനികുതിനിയമംതന്നെ അല്പം ഭേദപ്പെടുത്തി ഏലാക്കമ്പനികളെക്കൂടി അതിൻെറ അധികാരപരിധിയിൽ ഉൾപ്പെടുത്താൻ വ്യവസ്ഥ ചെയ്യാവുന്നതാണ്. ഇന്നത്തെപ്പോലെയുള്ള ഒരു വിഷമഘട്ടത്തിൽ ഏലാക്കമ്പനികളുടെ ആവിർഭാവം, നിയന്ത്രണപദ്ധതികളുടെ പ്രവത്തനം സുകരമാക്കിത്തീക്കുവാൻ തികച്ചും സഹായകമാണെന്നുള്ളതിനു സംശയമില്ല

ജപ്പാനുമായുള്ള യുദ്ധവും അതിൻെറ ഫലമായുണ്ടായ ഈ നാട്ടിലെ ക്ഷാമബാധയും ഏറവും അടുത്ത കാലത്തു അവസാനിക്കുമെന്നു പ്രതീക്ഷിക്കാവതല്ല. ഈ പദ്ധതി നടപ്പാക്കിയാൽ ഉണ്ടാകുന്ന ഉൽപാദനവർദ്ധനവിനേയും നികുതിവർദ്ധനവിനേയും നിയന്ത്രണസൗകര്യത്തേയും പരിഗണിച്ചു ഗവമ്മെൻറ് ഈ കായ്യത്തിൽ പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ടതാകുന്നു. ഭക്ഷ്യസാധനങ്ങളെ സംബന്ധിച്ചിടത്തോളം വളരെ വിഷമകരമായ ഒരു ഘട്ടത്തിൽ ജീവിക്കുന്ന നാം ഈ പദ്ധതിമൂലമുണ്ടാകാവുന്ന ഗുണങ്ങളെപ്പററി അവധാനപൂവ്വം ചിന്തിക്കേണ്ടതും, അതിവേഗം അതു നടപ്പിൽവരുത്താൻ ശ്രമിക്കേണ്ടതുമാണ്.

സ്പെഷ്യൽമാര്യേജ് നിയമം.

ഖുർആൻ കൊല്ലത്തും അൎത്ഥം പൊന്നാനിയിലും— സയ്യിദ് എം. ബാവ.

(സി. വി. കുഞ്ഞുരാമൻ)

നിയമസഭയിൽ സ്പെഷ്യൽമാര്യേജ് ബിൽ ആലോചനയിൽ ഇരുന്ന കാലത്തും അതിനുശേഷവും അതു പാസ്സായി നിയമമായി തീൎന്നശേഷവും മുസ്ലിമീങ്ങളെ അതിൽനിന്നു ഒഴിവാക്കി കിട്ടുന്നതിനു അവർ പ്രക്ഷോഭണം നടത്തിയതിനെക്കുറിച്ചു എനിക്കു ഒട്ടും ആശ്ചൎയ്യം തോന്നിയിട്ടില്ല. ഇപ്പോഴും തോന്നുന്നില്ല. ശ്രീനാരായണഗുരുസ്വാമി ഒരു ജാതി, ഒരു മതം, ഒരു ദൈവം എന്നും മിശ്രവിവാഹത്തിനും മിശ്രഭോജനത്തിനും വിരോധമില്ല എന്നും ധൎമ്മാധൎമ്മങ്ങൾ പ്രഖ്യാപനം ചെയ്തിട്ടുണ്ടെങ്കിലും 40 കൊല്ലം മുമ്പെ സ്വാമിയുടെ ആദൎശം ഇതല്ലായിരുന്നുവെന്നുള്ളതിനു എസ്. എൻ. ഡി. പി. യോഗം വക വിവേകോദയം മാസികയിൽ തെളിവുണ്ട്. ക്രിസ്ത്യാനികളുമായി ദാമ്പത്യബന്ധത്തിൽ ഏൎപ്പെട്ടിരുന്ന നെയ്യാററിൻകരയുള്ള ചില ഈഴവരോടു എങ്ങനെ പെരുമാറണമെന്നു അവിടെയുള്ള ചിലർ സംശയം ചോദിച്ചതിന് അവരെ ശുദ്ധികൎമ്മം ചെയ്തു തിരിയെ എടുക്കണമെന്നും സ്വാമി കല്പിച്ചതായി "വിവേകോദയ" ത്തിൽ കാണാം. ക്രമേണ സ്വാമികൾ ഉണ്ടായ അഭിപ്രായആശയപരിവൎത്തനമാണ് മേല്പറഞ്ഞ ആദൎശങ്ങളുടെയും പ്രഖ്യാപനത്തിനു നിദാനം. ഇരുപതുകൊല്ലം മുമ്പേ ഈഴവറഗുലേഷൻ ആലോചനയിലിരുന്നപ്പോഴും അനന്തരം അതു നിയമമായി പാസായപ്പോഴും ഈഴവസമുദായത്തിനു പൊതുവെ ഉണ്ടായിരുന്ന അഭിപ്രായം ഒരീഴവനു ഈഴവസ്ത്രീയുമായുള്ള വിവാഹം മാത്രമേ സാധുവായ വിവാഹമായി അംഗീകരിക്കുവാൻ പാടുള്ളുവെന്നായിരുന്നു. അതനുസരിച്ചുതന്നെ ഈഴവറഗുലേഷനും നിൎമ്മിക്കപ്പെട്ടു. ആയിടക്കുതന്നെയുണ്ടായ നായർറഗുലേഷനിലും ഏകദേശം വ്യവസ്ഥ അതുതന്നെയായിരുന്നു. ഈഴവരുടെയും നായന്മാരുടെയും അഭിപ്രായഗതിക്കു ഇരുപതുവൎഷംകൊണ്ടുണ്ടായ പരിവൎത്തനമാണ് ആ രണ്ടു സമുദായക്കാൎക്കും സ്പെഷ്യൽമാര്യേജ്ബില്ലിനോടുണ്ടായ വലുതായ ആനുകൂല്യത്തിനു നിദാനമെന്നു പ്രത്യക്ഷംതന്നെ. ജാതിമതഭേദം നിമിത്തം ജനസമുദായത്തിൽ ഉണ്ടായിട്ടുള്ള ഭിന്നിപ്പിനു നിവാരണം വരുത്തിയേ കഴിയൂ എന്നുള്ള ഇന്നത്തെ ലോകാഭിപ്രായഗതിയാണ് ഈ ആശയപ

രിവൎത്തനത്തിനിട വരുത്തിയതു്. മുസ്ലിമീങ്ങളുടെയിടയിൽ പൊതുവെ മിശ്രവിവാഹത്തിനു അനുകൂലമായ ഒരാശയഗതി വന്നിട്ടില്ലായിരിക്കാമെങ്കിലും അവരിലും നല്ല കാൎയ്യവിവരമുള്ളവർ പ്രവൃത്തികൊണ്ടും പ്രസംഗംകൊണ്ടും ഈ ആശയത്തെ അംഗീകരിക്കുന്നുണ്ടു്. പ്രതിഷേധക്കാരുടെ പ്രധാനവാദമുഖം ഇസ്ലാംമതം മിശ്രവിവാഹത്തെ തീരെ അനുകൂലിക്കുന്നില്ല എന്നാണു്. മുഹമ്മദൻ ലാ. എനിക്കു നല്ല നിശ്ചയമില്ലെങ്കിലും ഞാൻ ആ നിയമം തീരെ വായിക്കാതിരുന്നിട്ടില്ല. വായിച്ചിടത്തോളം എൻെറ ബോധം വിവാഹനിയമത്തിൽ ഖുർആനിൽ എന്തു പറഞ്ഞിരുന്നാലും അനന്തരകാലങ്ങളിൽ പല പരിവൎത്തനങ്ങളും അതിനുണ്ടായിട്ടുണ്ടെന്നും: മുസ്ലിമീങ്ങളിൽ പല വിഭാഗക്കാരുള്ളവരിൽ എല്ലാവരുടെയും വിവാഹനിയമം ഒന്നല്ലെന്നും കാണുന്നുണ്ടു്. കാലദേശാവസ്ഥകൾക്കും ആവശ്യങ്ങൾക്കും അനുസരിച്ച നിയമങ്ങളും സമുദായാചാരങ്ങളും മാറിമാറി വരുമെന്നുള്ളതിനു ഉദാഹരണങ്ങൾ ഉദ്ധരിക്കുവാൻ തുടങ്ങിയാൽ അവസാനമില്ലാതെ ഉദ്ധരിക്കാവുന്നതാണു്. ഖുർആനു വിരുദ്ധമായ പിൻതുടൎച്ചാവകാശക്രമം സ്പെഷ്യൽമ്യാര്യേജ് നിയമപ്രകാരം വരുന്നതിനെക്കുറിച്ചും വലുതായ പ്രതിഷേധം പ്രക്ഷോഭകന്മാർ പ്രകടിപ്പിച്ചുകാണുന്നുണ്ടു്. മഹാനായ നബി ജീവിച്ചിരിക്കുന്ന കാലത്തുതന്നെ ഇസ്ലാംമതം കേരളത്തിൽ പ്രചരിക്കുവാൻ തുടങ്ങിയെന്നാണു് പുരാവൃത്തം. കേരളത്തിൻെറ ഇതരഭാഗങ്ങളെക്കാൾ ഇസ്ലാം മതത്തിനു പ്രചാരം വന്നതു് മലബാറിലായിരുന്നു. മലബാറിലെ മുസ്ലിമീങ്ങളിൽ വളരെയധികം പേരും മരുമക്കത്തായക്കാരാണു്. തിരുവിതാംകൂറിലും ചിറയിൻകീഴിലൊറാത്തിക്കൽ മുതൽ പറവൂർവരെ ഉള്ള മുസ്ലിമീങ്ങളുടെയിടയിലും മരുമക്കത്തായംതന്നെ നടപ്പിൽ ഇരുന്നിരുന്നു. ഇപ്പോൾ അതു മാറിയിട്ടുണ്ടോ എന്നെനിക്കു നിശ്ചയമില്ല. മാറിയിട്ടുണ്ടെങ്കിൽ തന്നെ വളരെ അടുത്തകാലത്തായിരിക്കുവാനേ ഇടയുള്ളു. കൊല്ലത്തു നല്ല പഠിപ്പും പഴക്കവുമുള്ള വക്കീൽ മി. സെയ്ദു് എം. ബാവാ ഒരിക്കൽനേരംപോക്കായിട്ടായിരിക്കാമെങ്കിലും ഞാനുംകൂടി സന്നിഹിതനായിരുന്ന ഒരു സദസ്സിൽ വച്ചു മുസ്ലിമീങ്ങൾക്കു മതവിശ്വാസത്തിലുള്ള തൃഷ്ണയെക്കുറിച്ചു പ്രസ്താവിച്ച കൂട്ടത്തിൽ അവരുടെ ഖുർആൻ കൊല്ലത്തും അൎത്ഥം പൊന്നാനിയിലും ആണെന്നു പറയുകയുണ്ടായി. മതനിഷ്ഠയിൽ വളരെ ഉറച്ചവരാണു് മുസ്ലിമീങ്ങളെങ്കിലും മതബോധം അവരിൽ വളരെ വിരളമാണെന്നു പ്രതിഷേധകരും സമ്മതിക്കുമെന്നാണു് തോന്നുന്നതു്. പിൻതുടൎച്ചയെക്കുറിച്ചു ഒരു ലേഖനം പുറപ്പെടുവിച്ചവർ കൊല്ലം, ചിറയിൻകീഴു മുസ്ലിമീങ്ങളുടെയും മലബാർമുസ്ലിമീങ്ങളുടെയും ഇടയിൽ പ്രചാരത്തിലിരുന്ന മരുമക്കത്തായത്തെക്കുറിച്ചു പ്രതിഷേധബാഹുല്യത്തിനിടയിൽ ഓൎമ്മിച്ചിട്ടില്ലെന്നു തോന്നുന്നു. ഏതായാലും പ്രക്ഷോഭണം ഇപ്പോഴൊന്നു ശമിച്ചിരിക്കുകയാണു്. നായരീഴവസമുദായങ്ങളുടെ

ഇടയിൽ ഇരുപതുകൊല്ലംകൊണ്ടു സംഭവിച്ച അഭിപ്രായമാററത്തിനു തക്കവണ്ണം അത്രയും കാലതാമസം കൂടാതെതന്നെ ഇപ്പോഴത്തെ ലോകഗതി ആലോചിച്ചാൽ പ്രതിഷേധകന്മാരുടെയിടയിലും അഭിപ്രായപരിവത്തനം ഉണ്ടാകാതെയിരിക്കയില്ലെന്നാണു് എൻെറ വിശ്വാസം.

"നാട്ടിലെച്ചട്ടങ്ങൾ മാറുന്നനേരത്തു
നാട്ടാക്കുദുഃഖമെന്നാദിയിൽ തോന്നിടും"

എന്നുള്ള ആപ്തവാക്യം പ്രതിഷേധകരെ ഓമ്മിപ്പിച്ചുകൊള്ളട്ടെ.

ബോൾസ്‌ലോവ്.

മാക്സിം ഗോർക്കി

എൻെറ ഒരു സ്നേഹിതൻ പറഞ്ഞതാണു്.

ഞാൻ മോസ്കോവിൽ പഠിച്ചിരുന്ന കാലത്തു്, താമസിച്ചിരുന്ന വീട്ടിൻെറ തൊട്ടടുത്തു തന്നെ ആശ്ചര്യകരമായ ഒരു യുവതി താമസിച്ചിരുന്നു. പോളണ്ടുകാരിയാണു്. പേരു് ത്രേസ്യാ, എന്നു്. തവിട്ടുനിറത്തിലുള്ള ബലിഷ്ഠവും ദൈർഘ്യവുമായ ശരീരം. കറുത്ത നിബിഡമായ പുരികക്കൊടികൾ, പ്രകാശരഹിതമായ കണ്ണുകൾ. പിന്നെ, ശബ്ദമാണെങ്കിൽ താഴ്ന്നതും പരുപരുത്തതും, ആകപ്പാടെ, വികൃതമായ ആ കൊഴുത്ത മാംസപിണ്ഡം കാണുമ്പോൾ ആരും ഭയപ്പെടും. അവൾ മുറിയിലുണ്ടെന്നറിഞ്ഞാൽ ഞാൻ ജനാല തുറക്കുകയില്ല. എൻെറ മുറിക്കു് എതിരെയുള്ള മുറിയിൽ തനിച്ചു്, ത്രേസ്യാവും താമസിക്കുകയാണു്. ചിലപ്പോൾ അവളെ കോവണിപ്പടിയിലോ മുററത്തോ വച്ചു കാണും. അപ്പോഴെല്ലാം എന്നെ നോക്കി അത്ഥശൂന്യമായി അവൾ പുഞ്ചിരിതൂകും. വെളിയിൽ പോയിട്ടു് ചുവന്നു കലങ്ങിയ കണ്ണുകളോടും അഴിഞ്ഞുലഞ്ഞ മുടിയോടും കൂടി അവൾ മുറിയിലേക്കു വരുന്നതു് ഞാൻ കണ്ടിട്ടുണ്ടു്. എന്നിട്ടു്, ലജ്ജയില്ലാതെ, എന്നെ തന്നെ തുറിച്ചു നോക്കിക്കൊണ്ടിരിക്കും. ആ ഇരുപ്പിൽ, പുഞ്ചിരി തൂവാൻ പണിപ്പെട്ടുകൊണ്ടു് പതുക്കെ വിളിക്കും: "എടോ വിദ്യാത്ഥി!" അങ്ങനെ പലപ്പോഴും. എന്നാൽ ഞാൻ ഒരിക്കലും മിണ്ടീട്ടില്ല. അവളുടെ ഭോഷച്ചിരി എന്നെ കലശലായി അരിശംകൊള്ളിച്ചിരുന്നു. ദിവസേന എന്നോണം അവളോടുള്ള എൻെറ വെറുപ്പിനു് ശക്തിയും കൂടിവന്നു. ആ മുറി ഉപേക്ഷിച്ചു് വേറെ എവിടെയെങ്കിലും താമസം മാററാമെന്നു് പലകുറി ഞാൻ ആലോചിച്ചു. പക്ഷേ, ആ സ്ഥലം എനിക്കു നന്നായി പിടിച്ചിരുന്നു. തെരുവാണെങ്കിൽ ആൾ സഞ്ചാരം അധികം ഇല്ലാത്തതും പ്രശാന്തവുമാണു്. മുറിയിൽ ഇരുന്നാൽ വിശാലമായ നഗരത്തിലെ കാഴ്ചകൾ ഒക്കെ കാണാം.

തന്മൂലമാണ് ആ മാളിക മുകളിലത്തെ ആ മുറി ഞാൻ എടുത്തതു്. അതിനു ശേഷമാണ് ത്രേസ്യാ അവിടെ താമസക്കാരിയായി വന്നത്. ആകപ്പാടെ വിരസമായി തീർന്ന ജീവിതത്തെപ്പറ്റി ചിന്തിച്ചുകൊണ്ട് ഞാൻ ഉടുപ്പുമാറി. വീണ്ടുംകിടക്കയിൽ തന്നെ ഇരുന്നു. നല്ല പ്രഭാതസമയമാണ്. പെട്ടെന്ന് ത്രേസ്യാ ഉമ്മറപ്പടിയിൽ പ്രത്യക്ഷയായി. എന്നിട്ട് അല്പം ലജ്ജയോടെ അവൾ പതുക്കെ വിളിച്ചു:

" എടോ വിദ്യാർത്ഥി, "

ഞാൻ ചോദിച്ചു:

" എന്തു വേണം? "

അവൾ പറയുകയാണ്:

"വിദ്യാർത്ഥീ, ഞാൻ നിങ്ങളിൽ നിന്ന് ഒരു സഹായം ഇച്ഛിക്കുന്നു. ദയവുചെയ്ത് അതു നിരസിക്കരുതു്."

"ഇതു് ഒരു തന്ത്രമാണു്!" ഞാൻ ആലോചിച്ചു. അവൾ വാതിൽ പടിയിൽ നിന്നുകൊണ്ട് നിലത്തുനോക്കിക്കൊണ്ടു തുടർന്നു.

"വീട്ടിലേക്കു ഒരു കത്തെഴുതിച്ചയക്കുവാൻ എനിക്കു് ആഗ്രഹമുണ്ടു്........"

"ഇവൾ എന്തു കത്തവ്യം കൊണ്ടാണാവോ എന്നോടടുക്കുന്നതു്!" എന്ന് ആലോചിച്ചുകൊണ്ട് ഞാൻ കിടക്കയിൽനിന്നും എണീറ്റു മേശക്കരികിൽ ചെന്ന് കസാലയിൽ ഇരുന്നിട്ട് കടലാസും പേനയും എടുത്തിട്ടുപറഞ്ഞു.

"അകത്തേക്കുവന്നു് ഇവിടെ ഇരുന്നു് പറഞ്ഞുതരു" അവൾ അകത്തുകടന്നു് ഒരിടത്ത് ഒതുങ്ങിയിരുന്നു. എന്നിട്ട് എന്റെ കണ്ണുകളിലേക്ക് സൂക്ഷ്മമായി ഒന്നുനോക്കി. ഞാൻ ചോദിച്ചു:

"ശരി; ആർക്കാണ് എഴുതേണ്ടതു?"

"ബോറിസ്‌ലോവ്, കാപ്പ്പട്ട്, സ്ടീൽസിയായിൽ താമസം. വാർസോറെയിൽവേ റോഡ്."

"ശരി; എഴുതേണ്ടതെന്തു്? പറയൂ"

"എന്റെ പ്രിയപ്പെട്ട ബോറിസ്—മധുരഹൃദയമേ—എന്റെ പ്രാണനാഥാ—എന്റെ ആത്മാവേ, അങ്ങയെ പരിശുദ്ധ കന്യകാമറിയം കാത്തുരക്ഷിക്കട്ടെ! ഇത്രനാളായിട്ടും അങ്ങ് എന്തുകൊണ്ടാണ് ഈ കൊച്ചുമാടപ്രാവിന്—ദുഃഖമഗ്നയായ ത്രേസ്യായ്ക്കു്—കത്തയയ്ക്കാഞ്ഞതു്?"

ഞാൻ പൊട്ടിച്ചിരിച്ചുപോയി! "കൊച്ചുമാടപ്രാവ്" ആറടിപ്പൊക്കം, ഒരു ഗുസ്തിക്കാരന്റെ ശരീരപുഷ്ടി, പിന്നെ വികൃതമായ മുഖം—കൊച്ചുകപോതി! ഞാൻ ചിരിഅടക്കിയിട്ട് ചോദിച്ചു:

"ആരാണ് ഈ ബോറിസ്‌ലോവ്?"

ബോറിസ്‌ലോവ്? ലോകം ഒട്ടുക്കു അറിയുന്ന ആ "ബോറിസ് ലോവിനെ ഞാൻ മാത്രം അറിയാതെ പോയല്ലോ? എന്തൊരത്ഭുതം അവളുടെ സ്വരത്തിൽ ഉണ്ടായിരുന്നു. അവൾപറഞ്ഞു: "എന്റെ ഭാവിവരനാണ്!"

"ഭാവി വരൻ?"

"അതെ വിദ്യാർത്ഥീ. നിങ്ങൾ എന്തിനാണ് ഇത്രയ്ക്കു് ആശ്ചര്യപ്പെടുന്നതു്? എന്നെപ്പോലുള്ള ഒരു യുവതിയ്ക്കു് ഒരു കാമുകൻ ഉണ്ടാവാൻ പാടില്ലെന്നുണ്ടോ?"

"ഒരു യുവതി!" എന്തൊരു തമാശ! ഞാൻപറഞ്ഞു: "എല്ലാം സാദ്ധ്യമാണ്. നിങ്ങൾ എത്രകാലമായി പ്രേമബദ്ധയായിട്ട്;"

"പത്തു കൊല്ലം."

"ശരി." നല്ലൊരു എഴുത്തു ഞാൻ അവൾക്കു് എഴുതി കൊടുത്തു. അതു് പ്രേ

മപരിപൂർണ്ണവും, ദയാമസൃണവുമായിരുന്നു. അപ്രകാരം ഒരു സന്ദേശം ത്രേസ്യായിൽ നിന്ന് അല്ലായിരുന്നു വരുന്നതെങ്കിൽ ഒരു ബോറംസ്ലോവ് ആകുവാൻ ഞാൻ ഇഷ്ടപ്പെട്ടുമായിരുന്നു.

"വിദ്യാർത്ഥി, നിങ്ങൾക്ക് ഹൃദയംഗമമായ നന്ദി." അവൾ പറഞ്ഞു. അവൾ ആനന്ദഭരിതയായി കാണപ്പെട്ടു. "ഞാൻ നിങ്ങൾക്ക് എന്തെങ്കിലും ചെയ്തുതരട്ടെ?"

"ഒന്നും ചെയ്തുതരണ്ട."

"ഞാൻ നിങ്ങളുടെ ഉടുപ്പു് അലക്കിത്തരാം."

ആ വാക്കുകൾ എന്നെ അസ്വസ്ഥനാക്കി. ചുരുക്കത്തിൽ അവളുടെ യാതൊരു സേവനവും എനിക്കു് ആവശ്യമില്ലെന്ന് ഞാൻ വ്യക്തമാക്കി. തന്മൂലം അവൾ ഒരു അളിഞ്ഞ ചിരിയോടെ ഇറങ്ങിപ്പോയി.

അതിനുശേഷം അവൾ സന്ദർശിച്ചതു് രണ്ടാഴ്ച കഴിഞ്ഞാണു്. അതു് ഒരു സായാഹ്ന സമയമായിരുന്നു. അകാരണമായ ഒരു വിഷാദം എന്നെ ബാധിച്ചിരുന്നു. ഞാൻ കിളിവാതിലിലൂടെ വെളിയിലേയ്ക്കു് നോക്കിക്കൊണ്ടു് നിൽക്കയായിരുന്നു. പുറത്തിറങ്ങി ഒന്നു നടന്നാൽ മനസ്സിന്റെ വിഷമം തീരുമെന്ന് ഞാൻ ആലോചിച്ചു. എങ്കിലും നടക്കാൻ ഇഷ്ടം തോന്നിയില്ല. പെട്ടെന്ന് ആരോ വരുന്നുണ്ടെന്ന് എനിക്കു തോന്നി. ഞാൻ വിചാരിച്ചു: "ദൈവാനുഗ്രഹം. ആരോ വരുന്നുണ്ടു്." പക്ഷേ, വന്നതു് ത്രേസ്യാ ആയിരുന്നു! അതുകൊണ്ടു് എനിക്കു സങ്കടം തോന്നി. "ഈ സത്വത്തെ അല്ലാതെ വേറെ ആരെയും കാണാൻ സാധിച്ചില്ലല്ലോ'" എന്നു് ചിന്തിച്ചുകൊണ്ടു് ഞാൻ നിന്നു.

"വിദ്യാർത്ഥീ, ഇപ്പോൾ നിങ്ങൾക്കു് വലിയ തെരക്കുണ്ടോ?"

"എന്തിനാണു്?"

നിങ്ങളെക്കൊണ്ടു് എനിക്കു് വേറെ ഒരു എഴുത്തു കൂടി എഴുതിക്കണം."

"ബോറംസിനാണോ?"

"അല്ല. ഞാൻ അദ്ദേഹത്തിന്റെ മറുപടി ആവശ്യപ്പെടുന്നു—"

"എന്തു്!" എനിക്കു് അത്ഭുതം തോന്നി. അദ്ദേഹത്തിന്റെ മറുപടിയോ?

"വിദ്യാർത്ഥീ, ക്ഷമിക്കു ഞാൻ ഒരു മറയിയാണു്. എന്റെ ആശയം നല്ലവണ്ണം ഞാൻ വ്യക്തമാക്കീല്ല. എഴുത്തു് എനിക്കുവേണ്ടി അല്ല. എന്റെ സ്നേഹിതന്മാരിൽ ഒരാൾക്കു്. അതു് ഒരു സ്നേഹിതനല്ല.......ഒരു പരിചയക്കാരൻ. അയാൾക്കു് എഴുത്തറിഞ്ഞുകൂടാ. എന്നെപ്പോലെതന്നെ വിവാഹനിശ്ചയം കഴിഞ്ഞിരിക്കുന്ന ഒരു വധു അയാൾക്കുണ്ടു്—"

ഞാൻ പെട്ടെന്ന് അവളുടെ മുഖത്തേയ്ക്കു് ഒന്നുനോക്കി. അവൾ ലജ്ജിച്ചുവശായി അവളുടെ കൈകൾ വിറച്ചു. ലജ്ജയും നൈരാശ്യവും ആ മുഖത്തു് പ്രതിഫലിച്ചു. രഹസ്യം എനിക്കു മനസ്സിലായി എന്നു് ഞാൻ വിചാരിച്ചു.

"പെൺകുട്ടീ, ശ്രദ്ധിക്കു!" ഞാൻ പറഞ്ഞു, "നിങ്ങളെക്കുറിച്ചും ബോറംസ്ലോവിനെക്കുറിച്ചും നിങ്ങൾ എന്നോടു പറഞ്ഞതു് വെറും ഭാവനയാണു്. തന്നെയുമല്ല, പറഞ്ഞതു് മുഴുവൻ കളവും! ഒക്കെ ഇവിടെ കയറിവരുന്നതിനുള്ള സൂത്രങ്ങളായിരുന്നു. മേലിൽ നിങ്ങൾക്കു് ഒന്നും ചെയ്തുതരാൻ ഞാൻ വിചാരിക്കുന്നില്ല. മനസ്സിലായോ?"

അവൾ ഭയന്നതായി ഞാൻ കണ്ടു. വല്ലാത്ത സംഭ്രമത്തോടെ എന്തൊക്കെയോ സംസാരിക്കുവാൻ അവൾ തീവ്രയത്നം ചെയ്തു. അവളെ ഞാൻ തെററിദ്ധരിച്ചു എന്ന് എനിക്ക് ബോധം വരാൻ തുടങ്ങി. എന്നെ സദാചാരത്തിൽനിന്ന് വ്യതിചലിപ്പിക്കുവാനുള്ള ഉദ്ദേശത്തോടുകൂടി അല്ല അവൾ വന്നത്, എന്നും എനിക്കുതോന്നി. ഇതിന്റെ പിന്നിൽ എന്തോ ഉണ്ട്! എന്നാൽ അത് എന്താണ്?

"വിദ്യാർത്ഥീ," എന്ന് അവൾ തുടന്നു. പക്ഷെ, പെട്ടെന്ന് ഒന്നും പറയാതെ തിരിഞ്ഞ് പുറത്തിറങ്ങിപ്പോയി.

ഞാൻ ഒരു നേർത്ത വ്യഥയോടുകൂടി നിന്നു. അവൾ ഉച്ചത്തിൽ വാതിൽ അടയ്ക്കുന്നതുകേട്ടു. അവൾക്ക് കോപമുണ്ടായിരുന്നു അല്പം ആലോചിച്ചതിനുശേഷം അവളെ തിരിച്ചു വിളിക്കാൻ ഞാൻ ഉറച്ചു.

ഞാൻ അവളുടെ മുറിയിലേയ്ക്കു ചെന്നു. കൈപ്പടങ്ങളിൽ മുഖം അമർത്തിക്കൊണ്ട് അവൾ മേശക്കരികിൽ ഇരിക്കയായിരുന്നു.

"പെൺകുട്ടീ," ഞാൻ വിളിച്ചു—"നിങ്ങൾ—" ഈ കഥയിൽ ഞാൻ ഇത്രത്തോളം ആകുമ്പോൾ, എന്റെ ഹൃദയം വല്ലാതെ വേദനിക്കുന്നുണ്ട്. അവൾ ചാടിഎഴുന്നേററ് എന്റെനേർക്ക് വന്നു. എന്നിട്ട് കൈകൾ എന്റെ തോളുകളിൽ തടവി. ആ കണ്ണുകൾ, ഹൃദയംപൊട്ടുമാറ് ബാഷ്പവർഷം ചെയ്തു.

"വിദ്യാർത്ഥീ, ഈ ചുരുങ്ങിയ വരികൾ എഴുതിയാൽ നിങ്ങളിലെന്തു മാററമാണ് ഉണ്ടാവാൻ പോകുന്നത്? നിങ്ങൾ ഒരു നല്ല മനുഷ്യനാണെന്നു ഞാൻ കരുതിയിരുന്നു. അതേ! ബോൾസ്ലോവ് എ
ന്നൊരാളില്ല! ത്രേസ്യായുമില്ല! ഒരാളുണ്ട്—
ഞാൻ—ഞാൻമാത്രം."

"എന്ത്?" അവളുടെ വാക്കുകളാൽ
മൂകനായിരുന്ന ഞാൻ ചോദിച്ചു, "അ
പ്പോൾ ഇല്ല? ബോൾസ്ലോവ് ഇല്ല
തന്നെ?"

"ഇല്ല."

"ത്രേസ്യായും ഇല്ലേ?"

"ഇല്ല—അത്— ത്രേസ്യാ— ഞാ
നാണ്."

എന്റെ തല കറങ്ങി. ആശ്ച
ത്തോടുകൂടി ഞാൻ അവളെനോക്കി. അ
ങ്ങളിൽ ആക്കെങ്കിലും ഒരാൾക്ക് വികല്പ
ബാധിച്ചിരുന്നു. അവൾ മേശയുടെ അടു
ത്തേയ്ക്കു പോയി. എന്നിട്ട് വലിപ്പു തുറ
ന്ന് ഒരു എഴുത്ത് തപ്പിഎടുത്തു.

"ഇതാ," അവൾ എന്റെ അടുത്തേ
യ്ക്കുവന്നു, "എനിക്ക് നിങ്ങൾ എഴുതിത്ത
ന്ന കത്ത് തിരിയെ എടുത്തോളു. രണ്ടാമ
ത് ഒന്ന് എഴുതുകയും വേണ്ട. നിങ്ങളേ
ക്കാൾ ഹൃദയാലുക്കളായ വേറെ ആരെങ്കി
ലും എനിക്ക് അതു ചെയ്തുതരും."

ബോൾസ്ലോവിന് അയക്കാൻ ഞാൻ എഴുതിക്കൊടുത്ത കത്ത് കൈയ്യിൽ പിടിച്ചുകൊണ്ട് അവൾ നിൽക്കുകയാണ്! ഇതിന്റെ അർത്ഥമെന്ത്?

"ത്രേസ്യാ, ശ്രദ്ധിക്കു!" ഞാൻ പറഞ്ഞു, "ഇതെല്ലാം എന്താണ്? ഇതുതന്നെ നിങ്ങൾ അയക്കാത്തപ്പോൾ മററുള്ളവരെക്കൊണ്ടുകൂടി നിങ്ങൾ കത്തെഴുതിക്കുന്നതെന്തിനാണ്?"

"ഞാൻ ഇത് ആർക്ക് അയക്കണം?"

"എന്തുകൊണ്ട് ബോൾസ്ലോവിന്, നിങ്ങളുടെഭാവിവരന് അയച്ചുകൂടാ?"

"എന്നാൽ അങ്ങനെ ഒരാൾ ഇല്ല."

എനിക്ക് വല്ലതും ചെയ്യാൻ കഴിയുമായിരുന്നെങ്കിൽ അത് അവിടെനിന്നു പോകുകമാത്രം. എന്നാൽ അവൾ വീണ്ടും തുടൎന്നു:

"ഇല്ല. അദ്ദേഹം ജീവിച്ചിരിക്കുന്നില്ല. ബോൾസ്ലോവ് ഇല്ല." ഇത് വിവരിക്കുവാൻ അസാദ്ധ്യമാണെന്ന് അവളുടെ ചേഷ്ടകൾ വെളിപ്പെടുത്തി. "എന്നാൽ. അദ്ദേഹം ജീവിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. എനിക്കറിയാം ഞാൻ മററുള്ളവരെപ്പോലെ അല്ലാ എന്നു—ഞാൻ എന്താണെന്ന്—എന്നാലും ഞാൻ അദ്ദേഹത്തിന്ന് കത്തയക്കുന്നതിൽ ആൎക്കും ഉപദ്രവമില്ലല്ലോ?"

"നിങ്ങളുടെ വിവക്ഷ എന്ത്? ആരോടാണ്?"

"എന്തുകൊണ്ട് ബോൾസ്ലോവിനോടല്ല?,'

"എന്നാൽ നിങ്ങൾ ഇപ്പോൾത്തന്നെ പറഞ്ഞു," ഞാൻ അക്ഷമനായി, ഇടയ്ക്കു കയറിപ്പറഞ്ഞു, "അങ്ങനെ ഒരു മനുഷ്യൻ ഇല്ലെന്ന്?"

"അല്ലയോ, പരിശുദ്ധ മറിയമേ, ഇല്ലെങ്കിൽ ഞാൻ എന്തിനു ശ്രദ്ധിക്കണം? ഒരാളുമില്ല. എന്നാൽ ഒരു ബോൾസ്ലോവിനെ ഞാൻ ഭാവനയിൽ കാണുന്നു. അദ്ദേഹം യഥാൎത്ഥത്തിലുള്ളതുപോലെ ഞാൻ അദ്ദേഹത്തിന്ന് എഴുതുന്നു. അദ്ദേഹം മറുപടി അയക്കുന്നു. വീണ്ടും ഞാൻ എഴുതുന്നു. വീണ്ടും അദ്ദേഹം മറുപടി അയയ്ക്കുന്നു—'

അവസാനം ഞാൻ ഗ്രഹിച്ചു. ഞാൻ കുററം ചെയ്തു എന്ന് എനിക്കു തോന്നി. ഞാൻ ലജ്ജിച്ചു. എന്റെ ശരീരത്തിൽ വൈദ്യുതപ്രവാഹം ഏററതുപോലെ ഒരു വേദന തോന്നി. എന്റെ അരികിൽ, മിക്കവാറും എന്റെ കൈപ്പിടിയിൽ, ലോകത്തിൽ ആരുമാറില്ലാതിരുന്ന ഒരു സാധു മനുഷ്യജീവി അവളുടെ വിനീതമായ സ്നേഹത്തെ കാണിക്കുവാൻ [illegible], ചെയ്യുന്നു! അവൾക്ക് രക്ഷാകൎത്താക്കളും സുഹൃത്തുക്കളും—ആരുമില്ലാ ഒന്നുമില്ലാ ഈ നിസ്സാരജീവി, ഒരു കാമുകനെ, ഒരു വരനെ, അവൾക്കുവേണ്ടിത്തന്നെ കണ്ടുപിടിച്ചു!

അവൾ തന്റെ താഴ്ന്നതും പതപരുത്തതുമായ സ്വരത്തിൽ തുടൎന്നു: "ബോൾസ്ലോവിനു അയക്കുവാൻ നിങ്ങൾ എഴുതിത്തന്ന കത്ത് ഞാൻ ചിലരെക്കൊണ്ട് ഉച്ചത്തിൽ വായിപ്പിച്ചു. ഞാൻ അതു നല്ലവണ്ണം ശ്രദ്ധിച്ചു. ബോൾസ്ലോവ് ജീവിച്ചിരിപ്പുണ്ടെന്നു ഭാവിച്ചു. അപ്പോൾ ബോൾസിൽനിന്നു തെരേസയ്ക്ക്—ഇവൾക്ക്—ഒരു മറുപടി ആവശ്യപ്പെടുകയുംചെയ്തു. എന്റെ നിശ്ചിതമായ വിചാരം ബോൾസ്ലോവ് എവിടെയോ ജീവിച്ചിരിപ്പുണ്ടെന്നാണ്—എവിടെയാണെന്നറിഞ്ഞുകൂടാ—അതുകൊണ്ട് എനിക്കും ജീവിതസൌകൎയ്യങ്ങൾ ഉണ്ടാക്കുവാൻ കഴിയും. അത് കൂടുതൽ വിഷമകരമല്ല; ഭയങ്കരമല്ല; ഏകാന്തമല്ല."

അന്നുമുതൽ മററ് ആഴ്ചയിൽ രണ്ടുപ്രാവശ്യം തെരേസയിൽനിന്നു ബോൾസ്ലോവിനും, ബോൾസ്ലോവിൽനിന്നു തെരേസയ്ക്കും ഞാൻ കത്തുകൾ എഴുതി. ഞാൻ സത്യം പറയുന്നു, അവയിൽ വികാരം വേണ്ടുവോളം ഉണ്ടായിരുന്നു; പ്രത്യേകിച്ച് മറുപടികളിൽ. അതൊക്കെ വായിച്ചു കേൾക്കുന്ന സമയം അവൾ കര

യും, ചിരിക്കും, ആനന്ദത്താൽ തുള്ളിച്ചാടും. പ്രത്യുപകാരമായി അവൾ എന്റെ ഉടുപ്പുകൾ അലക്കുകയും, തൊപ്പിയും പാപ്പാസും മിനുക്കുകയും ചെയ്തിരുന്നു.

മൂന്നുമാസത്തിനുശേഷം അവൾ ചില സംശയത്തിന്മേൽ അറസ്റ്റുചെയ്യപ്പെട്ടു. പിന്നീട് ഞാൻ അവളെ കണ്ടിട്ടില്ല. ത്രേസ്യാ മരിച്ചുപോയായിരിക്കാം!

(വിവർത്തകൻ, വൈക്കം മുഹമ്മദ് ബഷീർ)

ഗുരുസാക്ഷാൽക്കാരം.

(കാകളി)

(സി. പി. കേശവൻവൈദ്യൻ)

നാരായണ ഗുരുദേവന്റെ ദർശന-
ധാരാസുധാരസമാശിച്ചു ചെന്നു ഞാൻ
ആഴമേറും ഭക്തി വായ്പോടും ഹാ! മൂന്നു-
വ്യാഴവട്ടങ്ങൾക്കു മുൻപൊരു വാസരം.
അത്തിരുമേനി തൻ തൃച്ചരണങ്ങളിൽ
ഭക്തിതരംഗിതം വീണുവണങ്ങവെ,
കല്പിച്ചരുൾചെയ്തു "നാം കുളത്തൂരിലെ
മപ്പുറത്തേക്കിന്നു പോകുന്നു കേശവ!.
ശാരദാമന്ദിരത്തിൻ തറയ്ക്കായി വെൺ-
പാറപ്പണികൾ തുടർന്നു നടത്തുവാൻ
നാമൊരുമാസമാം "മണ്ണന്തല" തന്നെ
താമസിക്കേണ്ടതായ് വന്നുമിരിക്കുന്നു.
നാമെത്തുവോളമിവിടെ നീ "വാഴ്ക" ന്നു
മോമൽസ്മിതാർദ്രമരുളിപ്പുറപ്പെട്ടു
സല്ലാളനീയൻ വിഷമവിലോചന
നല്ലാത്തദേവൻ ശിവഗിരി വത്സലൻ.
അഗ്ഗുരുദേവന്റെ വേർപാടിൽ, അന്നത്തെ
യല്ലിൽ മയങ്ങിക്കിടന്നു ശിവഗിരി,
അർക്കനെ[illegible]വാൻ പിറേറന്നിനം ഹിമ-
നീർക്കണക്കണ്ണീർ തുടച്ചു കരങ്ങളാൽ.
നക്ഷത്രവീഥിയെ നോക്കിയ +"സാമ്പ്രാണി"
വൃക്ഷയുവാക്കൾ ശിരസ്സുന്നിളക്കവെ
ശോകജഢങ്ങളായ് നിന്നാരശോകങ്ങൾ
തൂകിത്തുടങ്ങി തുഹിനബാഷ്പോദകം.
നീലിമ വായ്ക്കുന്ന വിൺഭിത്തി മേലംശു-
മാലിയിഴഞ്ഞിഴഞ്ഞേറിത്തുടങ്ങവേ
പച്ചിലച്ചില്ലയിൽ തത്തിയിരുന്നൊരു
കൊച്ചുകിളികൾ തുടർന്നു കളരവം.
ആലസ്യമുദ്രിതരംഗമായശ്ശിവ-
ശൈലവിഭാഗമെനിക്കുണ്ടു കാണായി.
ആരാൽ വളഞ്ഞങ്ങൊഴുകുമരുവിതൻ-
തീരാത്ത നീരൊലി രോദനം കേൾക്കായി.
വേദനകൊണ്ടു പിടയുമൊരുവന്റെ-
രോദനമെന്റെ ചെവികളിലന്നേരം
വന്നുതറയ്ക്കയാൽ സംഭ്രമമുൾക്കൊണ്ടു
ചെന്നു ഞാനങ്ങോട്ടു നോക്കി സമുത്സുകം.
സ്വാമിതൃപ്പാദ പരിചരണോത്സവ-
കാമിതധന്യനാം ×രാമാഭിഖ്യനാമൊരാൾ
ഈ മഹീമണ്ഡല വാസാവിരാമമദ-
മാമയമാൻ പുലമ്പുന്നിതേവിധം.
"സ്വാമിൻ! ദയാനിധേ! ഭാവൽകമോഹന-
ക്ഷേമദദർശന പീയൂഷധാരയാൽ
അന്തിമവേളയിലാശ്വാസമേകുവാ-
നന്തികമെത്തണേ ദീനാവനോത്സുക!
സന്താപദന്തുരമിച്ചരമാർണ്ണവ-
വൻതിരത്തല്ലിലലിഞ്ഞു ചേർന്നീടുവാൻ
വെമ്പുമെൻ ജീവനെതൽക്ഷണം വന്നെന്റെ
തമ്പുരാനേ! കാത്തുകൊൾക കൃപാകുലം!".
മാനസമാർത്തിയിലാഴ്ത്തുവാൻ പോരുമീ-
ദീനസ്വനമാദിനം പോലെ നീളവേ
യൂനം പ്രതിധ്വനിയാൽ പ്രാന്തദേശവും
ദീനവിലാപം തുടർന്നതായ് തോന്നിമേ.
അസ്താചലോപരി നിന്നുവൃദ്ധാദിത്യ-
നെത്തിനോക്കിക്കണ്ടു തത്താദൃശസ്ഥിതി
ചെമ്പൊൽക്കരങ്ങളയത്തവെ വൈവർണ്യ-
ജൃംഭിതനായിപ്പതിച്ചു പയോധിയിൽ.
ക്രൂരിരുൾപ്പൂരം ശിവഗിരിയിങ്കലും
ചാരത്തും ദൂരത്തുമൂഢമായി ദുസ്തരം.
സ്വൈരമകലെക്കുറുനരിക്കൂട്ടങ്ങൾ
ഘോരനിനദം തുടർന്നു നിരന്തരം.
ആരാവിൽ, എങ്ങുനിന്നാവോ പരം ജവ
മാരാധനീയനാം നാരായണഗുരു
തോരാത്ത കണ്ണുനീർ തൂവുമാരോഗിതൻ
ചാരത്തുവന്നുമൊഴിഞ്ഞു കൃപാകുലം.
"സ്നേഹാഭിരാമ! നീ പോവുക നൂതന-
മോഹനധാമമുടൽ തേടുവാൻ നേരമായ്.
മാലാന്മാൾകും ശിവഗിരിയിങ്ങൊരു
കൈലാസമാക്കുവാൻ നീ വീണ്ടുമെത്തിടും."
നിർന്നിമേഷം ഗുരുദേവനെ നോക്കുമാ-
ധന്യന്റെ ദേഹിയാ ദേഹം വെടിഞ്ഞുപോയ്
അച്ചരമത്തിലുമഗ്ഗുരുവിങ്കലും
നിശ്ചലമെൻമനം നിൽക്കുന്നിതിപ്പൊഴും.

+ കാററാടിമരം.

× ചേർത്തല പി രാമൻപിള്ള സന്യാസ്.

ബജ്റാ.

(വടയമംഗലം എസ്. എ. പിള്ള)

നമ്മുടെ ഇന്നത്തെ ആഹാരസാധന വിഷമഘട്ടത്തിൽ ഒരു താങ്ങായി നിന്ന് നമ്മെ സഹായിക്കുന്ന ഈ ധാന്യം ഇവിടെ ആവിർഭവിച്ചപ്പോൾ പലർക്കും അതുമായി ഇടപെടുന്നതിന് മനോവിഷമം നേരിട്ടിരുന്നതായി തോന്നുന്നു. ഇതിനെ പാകപ്പെടുത്തി എങ്ങനെയാണ് ആഹാരം കഴിക്കേണ്ടതെന്നുള്ള ഒരു സംശയം അങ്ങനെ; ആഹാരമാക്കി ഉപയോഗിച്ചാൽ എന്തെങ്കിലും ദോഷകാരണമായി തീരുമോ എന്നുള്ള ഒരു ഭയം മറ്റൊരുപ്രകാരം; സ്വാതേ ഇതിനുള്ള ഒരുമാതിരി ഗന്ധം ചിലർക്കു പിടിക്കാത്തതുകൊണ്ടുള്ള ഒരു വിമുഖത വേറൊരുതരത്തിൽ; മറ്റു സാധനങ്ങൾ ഇതോടു കലർത്തിയാൽ അപൽക്കരമായി തീരുമോ എന്നുള്ള സന്ദേഹം മറ്റൊരുവിധത്തിൽ; എന്നിങ്ങനെ പല വിഷമങ്ങളും ഈ അപരിചിതസാധനത്തെക്കുറിച്ച് പലരുടേയും മനസ്സിൽ കടന്നുകൂടി. ആയിടയ്ക്കുണ്ടായ വിഷൂചികാമഹാമാരിക്കു കാരണം ഇതാണെന്നു ശങ്കിച്ചവരും ഇല്ലാതില്ല. മത്സ്യംകൂടി ഭക്ഷിക്കുന്നതുനിമിത്തം കാളറാ പിടിപെടുന്നതാണെന്നു വിധിപ്രസ്താവിച്ചവരും ഉണ്ടായിരുന്നു. ആയിടക്കുതന്നെ ഇതിന്റെ ഗുണത്തേയും പാചകസമ്പ്രദായങ്ങളേയും കുറിച്ച് പത്രങ്ങളിൽ ചില മാന്യസുഹൃത്തുക്കൾ എഴുതിട്ടുമുണ്ടായിരുന്നു. പക്ഷെ എങ്ങനെയെല്ലാമായിട്ടും ഇതുമായി അടുത്തുപരിചയിക്കുന്നതിനോ ഇതിനെ താലോലിക്കുന്നതിനോ വളരെപ്പേർക്കു സമ്മതമുണ്ടായില്ല. ഏതൊരുസാധനവും—അതുവരെ നാം കണ്ടിട്ടും കേട്ടിട്ടും കൂടിയില്ലാത്തതാണെങ്കിൽ അതുമായി ഇണങ്ങിക്കഴിയുന്നതിന്—അതിനെ സ്നേഹിക്കുന്നതിന് പെട്ടെന്നവെ സാധിക്കുകയില്ലെന്നുള്ളത് ഒരു ലോകതത്വമാണ്. സുപരിചിതമായിത്തീരുമ്പോൾ അതിനെ വിട്ടുപിരിയുന്നതിനും വളരെ മടിയുണ്ടാകും. മനുഷ്യസമുദായത്തിലും ഈ അപരിചിതരീതി കണ്ടുപോരുന്ന നിലയ്ക്ക് ആദ്യം ഈ ധാന്യത്തെപ്പറ്റി ഓരോരുത്തർക്കും തോന്നിയിരുന്ന തെറ്റിദ്ധാരണകൾ അസംഗതങ്ങളായിട്ടുള്ളതല്ലതന്നെ. അതുമായി പരിചയിക്കാതിരുന്നാൽ തീരെ നിവൃത്തിയില്ലെന്നു കണ്ടപ്പോൾ പിശുക്കന്റെ വീട്ടിൽ വന്ന അതിഥിയെ സൽക്കരിക്കുന്നതുപോലെ മനസ്സില്ലാമനസ്സോടെ അല്പമായി അടുക്കാൻ തുടങ്ങി. കഞ്ഞി, ചോറ്, പലഹാരങ്ങൾ എന്നിങ്ങനെ വിവിധരൂപത്തിൽ പാകപ്പെടുത്തി ഭക്ഷിച്ചുതുടങ്ങി. എന്നാൽ ചുരുങ്ങിയ ഈ രണ്ടുമൂന്നുമാസത്തെ നിത്യപരിചയംകൊണ്ട് ബജ്റാ നമ്മുടെ ശരീരപ്രകൃതിക്ക് വിയോജിച്ച ഒരു ധാന്യമല്ലെന്നും ഉപയുക്തമാണെന്നും വേണ്ടവിധത്തിൽ പാകംചെയ്തു ഭക്ഷിച്ചാൽ ആസ്വാദ്യകരമാണെന്നും തീരുമാനിച്ചുകഴിഞ്ഞിരിക്കുന്നു. ബജ്റാ തനിച്ചുപയോഗിക്കാൻ വിഷമമുള്ളവർ ഒരുപങ്കു നെല്ലരികൂടി ചേർത്തും ആഹാരസാധനങ്ങൾ പാകപ്പെടുത്തിത്തുടങ്ങി. ചില പത്രങ്ങളിൽ കണ്ട പാചകസമ്പ്രദായങ്ങൾ അല്പം ധനവ്യയം ഉള്ളവയായിരുന്നെങ്കിലും അവയേയും അനുകരിച്ചുതുടങ്ങി. നിർധനരായവർ മറ്റുതരത്തിലും സൗകര്യമുള്ള ചില കൂട്ടുകൾ കലർത്തി വിവിധരൂപത്തിൽ ഭക്ഷണസാധനമാക്കി. ഏതായാലും ഇപ്പോൾ ബജ്റാ നമ്മുടെ ഒരു ഉത്ത

മബന്ധുവായി ആഹാരവിഷമത്തിന് ഒരു തക്ക പരിഹാരമാൎഗ്ഗമായി നമ്മുടെ ദേശങ്ങളിൽ ശോഭിക്കുന്നുണ്ടെന്നുള്ളതു് ഏവൎക്കും അനുഭവമാകുന്നു.

ഒരുമാസംവരെ ഞാനും ഈ അതിഥിയെ ഭയപ്പെട്ടിരുന്ന കൂട്ടത്തിലായിരുന്നു. എങ്കിലും ഇതു ഭക്ഷിക്കുന്നതിൽ ദൂഷ്യമൊന്നുമില്ലെന്ന് രണ്ടുമൂന്നുതവണത്തെ അനുഭവപരിചയം എന്നെ സമാധാനപ്പെടുത്തുകയുണ്ടായി. പക്ഷെ ഇതോടുകൂടെ പുളി മുളക്, മേത്ത്, ശക്കര മുതലായ ഇതരസാധനങ്ങൾ കലൎത്തുമ്പോൾ വല്ലതകരാറും സംഭവിച്ചേക്കുമോ എന്നൊരു ശങ്കമാത്രമാണ് പിന്നീട് എന്നിൽ അല്പമായി കടന്നുകൂടിയതു്. ഏതായാലും ഒരുമാസത്തെ നിത്യപരിചയംകൊണ്ടു് ആ ശങ്കകൾ മുഴുവൻ എന്നിൽനിന്ന് നിശ്ശേഷം നീങ്ങുകയും, അതിനെകുറിച്ചും, വിവിധ പാകരീതികളെക്കുറിച്ചും ഒരു ലഘുലേഖ ഞാൻ എഴുതുകയുംചെയ്തു. വിവിധസാധനങ്ങൾ ഞാൻ അതിനോടുചേൎത്തു ഉപയോഗിച്ചുനോക്കി: നമ്മുടെ നാട്ടിൽ ഇന്നുള്ള ചാമ, കൂവരക്, തിന മുതലായ ഇതരധാന്യങ്ങളെപ്പോലെ പലതരത്തിൽ ഏററവും രുചിപ്രദമായി പാകപ്പെടുത്തി ഉപയോഗിക്കാൻ ഉപയുക്തമാണെന്നു് കണ്ടുപിടിക്കുകയും ഉണ്ടായി. ഇതിന്റെ പാചകരീതികളെപ്പററി ഞാൻ കയ്യെഴുത്തുരൂപത്തിൽ തയാറാക്കപ്പെട്ടിട്ടുള്ള ലഘുലേഖ ഇത്തവണത്തെ ശ്രീചിത്രാപ്രദർശനക്കമ്മിററിക്കു അയച്ചുകൊടുത്തിട്ടുമുണ്ടു്. അതിൽ ചേൎത്തിരിക്കുന്ന വിവിധപലഹാരങ്ങളും വിചിത്രാന്നങ്ങളും ഞാൻ പാകപ്പെടുത്തി അനുഭവിച്ചറിഞ്ഞിട്ടുള്ളവയുമാകുന്നു. പ്രദർശന സന്ദർശകൎക്ക് അതു കാണ്മാൻ കഴിയുമെന്നുള്ളതിനാൽ അതേക്കുറിച്ചുള്ള അഭിപ്രായങ്ങൾ തുടരെ എനിക്കറിയാൻ കഴിയുമെന്നു വിശ്വസിക്കുന്നു. അത്രയു പാകസമ്പ്രദായങ്ങളെക്കുറിച്ചുള്ള ഏതു സംശയങ്ങളും അറിയിച്ചാൽ തീൎത്തുകൊടുക്കുകയും പ്രവൎത്തിയാൽ കാണിച്ചുകൊടുക്കുകയും ചെയ്വാനും ഈ ലേഖകൻ തയ്യാറാണു്. അത്രയും അനുഭവത്തിൽനിന്നു ഇനിയും ചില പാചകസമ്പ്രദായങ്ങൾ കൂടി പരിശോധിച്ചറിയണമെന്നുള്ള മോഹം എന്നിൽ കടന്നുകൂടീട്ടുണ്ടു്. അവയുംഅനുഭവത്തിൽ വന്നശേഷം പത്രദ്വാരാ പൊതുജനസമക്ഷം അവതരിപ്പിച്ചു കൊള്ളാം.

ബജ്റാ യഥാൎത്ഥത്തിൽ ഒരു നല്ല ധാന്യമാണു്. അതിനുള്ള രൂക്ഷഗന്ധം സംഘടനാവസ്ഥകൾമൂലം പരിഹരിക്കാവുന്നതാണു്. [illegible]ളുപ്പവീൎയ്യത്തോടുകൂടിയതാകയാൽ കലൎപ്പുവസ്തുക്കൾകൊണ്ടു അതിനൊരു കുറവു വരുത്തിഭക്ഷിച്ചാൽ വയററിനോ വായ്ക്കൊ യാതൊരസുഖവും ഉണ്ടാകുന്നതല്ല. ഉത്തരഇന്ത്യയിലും മദ്ധ്യഇന്ത്യയിലും ധാരാളം പ്രചാരത്തിലിരിക്കുന്ന ബജ്റാ ചപ്പാത്തി മുതലായവ ഉണ്ടാക്കി നെയ്യ്കൂട്ടി ജനങ്ങൾ നിത്യവും അനുഭവിച്ചുവരുന്ന വസ്തുത പ്രത്യേകം സ്മരണീയമാണു്. നമ്മുടെ നെല്ലരിയുടെ ഉപയോഗംതന്നെയാണു അവൎക്കു ബജ്റാകൊണ്ടും സാധിക്കേണ്ടിയിരിക്കുന്നതു്. ഇന്നത്തെ കാലപരിതസ്ഥിതിയിൽ അവരെപ്പോലെധാരാളം നെയ്യും പഞ്ചസാരയും ചേൎക്കുന്നതിനു നമുക്കെല്ലാപേൎക്കും സാധിച്ചെന്നു വരുകയില്ല. അതിന്നു് തേങ്ങാപ്പാൽ മുതലായി ഇവിടെ സുലഭമായ സാധനങ്ങൾ ചേൎക്കാൻ കഴിയും. ഒരു സംഗ

തി തീർച്ചയാണു്. ഇതിനോടുകൂടി അല്പം നെയ്യു് കലർത്തിയാൽ ആസ്വാദ്യത വളരെ വർദ്ധിക്കുന്നതാണു്. മററു സാധനങ്ങൾ ധാരാളം ചേർക്കുന്നതിനേക്കാൾ അൽപമായ അളവിലെങ്കിലും നെയ്യു് തന്നെ ചേർക്കുന്നതാണുത്തമം. ആവിയിൽവേവുന്നതിനേക്കാൾ ചുട്ടെടുക്കുന്ന സാധനങ്ങൾക്കു രുചി കൂടുതലാണു്. നെല്ലരിക്കുള്ളതിനേക്കാൾ കൂടുതൽമാവും ഇതിനുണ്ടു്. ഇടങ്ങഴി അരി മാവാക്കിയാൽ കാണുന്നമാവിന്റെ മുക്കാൽ ഭാഗംകൂടി അത്രയും ബജ്റാ മാവാകുന്നപക്ഷം ഉണ്ടായിരിക്കും. എന്നാൽ നെല്ലരിക്കു ചേർക്കുന്ന മധുരത്തേക്കാൾ അരപ്പങ്കു കൂടുതൽ മധുരം ബജ്റായ്ക്കു ചേർത്തില്ലെങ്കിൽ മധുരത്തിന്റെ പൂർണ്ണസ്വാദു് അനുഭവിക്കുവാൻ കഴിയുകയില്ല. മധുരം ധാരാളം വലിച്ചെടുക്കുന്ന ഒരു സാധനമാണെന്നു ഇതുകൊണ്ടറിക്കാം. നാഴി അരി അടയാക്കുന്നതിനു അരറാത്തൽ ശർക്കരയാണുപയോഗിക്കുന്നതെങ്കിൽ അത്രയും ബജ്റാമാവിനു മുക്കാലേ അരയ്ക്കാൽ റാത്തൽ ശക്കരചേർക്കണം. ആവിയിൽ പാകപ്പെടുത്തുന്ന ചില സാധനങ്ങൾ ചൂടാറുംമുൻപു് ഭക്ഷിച്ചാൽസ്വാദുകൂടും. ചിലതു ചൂടുമിക്കവാറും പോയശേഷം ഉപയോഗിക്കണം. ബജ്റാപുട്ടു് അൽപം ആറിയാൽ കനിഞ്ഞ പഴംകൂട്ടി തിന്നുന്നതു ഏററവും രുചിപ്രദമത്രെ. ഇഡ്ഡലി, ദോശ, വടസൻ മുതലായവ ചെറുചൂടോടുകൂടി തന്നെ ഭക്ഷിച്ചെങ്കിലേ നന്നായിരിക്കൂ. വെളിച്ചെണ്ണയിൽ മൊരിച്ചെടുക്കുന്ന പലഹാരങ്ങൾ നല്ലതുപോലെ തണുപ്പിച്ചുപയോഗിക്കുന്നതിനേക്കാൾ ചെറുചൂടോടെ ഭക്ഷിക്കുന്നതു രുചികരമാണു്. തയാറാക്കി രണ്ടുദിവസംകഴിഞ്ഞ വെളിച്ചെണ്ണപ്പലഹാരം ഞാൻ ഉപയോഗിച്ചിട്ടുണ്ടു്. സാധാരണ വട, സുഖിയൻ എന്നിവ മുറിയ്ക്കുമ്പോൾ ഉണ്ടാകുന്ന പശയോ, കനപ്പോ ഇതിനുണ്ടായിരുന്നില്ല. രസത്തിലിട്ട വട ഒരുദിവസംകഴിഞ്ഞുപയോഗിച്ചിട്ടു വളരെ രുചികരമായിതോന്നി.

ആകപ്പാടെ ഏതുരൂപത്തിലും പാകംചെയ്തു ഭക്ഷിക്കാൻ കഴിയുന്ന ബജ്റായെ ഇന്നത്തേക്കാൾ കൂടുതൽസ്നേഹിച്ചു് നമ്മുടെ ഉത്തമബന്ധുവാക്കിത്തീക്കാൻ ഏവരും ശ്രമിക്കുമെന്നു് വിശ്വസിക്കുന്നു.

ബജ്റായോടു മനഃപൂർവം സ്നേഹമില്ലാത്തവരെക്കൊണ്ടു മൂക്കുമുട്ടെ ഭക്ഷിപ്പിക്കാൻ നിശ്ചയമായും സാധിക്കും. ഇന്ന സാധനംകൊണ്ടു നിർമ്മിച്ച പലഹാരമാണെന്നുപറയാതെ കൊടുത്താൽസാധാരണ അരിപ്പലഹാരങ്ങൾ ഉപയോഗിക്കുന്നതുപോലെ തൃപ്തിയായിഅക്കൂട്ടർ ഭക്ഷിക്കുമെന്നുള്ളതു നിശ്ചയമാണു് അത്രരുചികരമായി പലഹാരങ്ങളും വിചിത്രാന്നങ്ങളും ഇതുകൊണ്ടു ചമയ്ക്കാൻകഴിയും. ദഹനേന്ദ്രിയത്തിനു ബാധകമായ ഒരുവസ്തുവല്ലെന്നാണു് എന്റെ അനുഭവം എന്നെ മനസ്സിലാക്കിയിട്ടുള്ളതു്. "ബഹൂനാം ബഹുവിധം" എന്നാനിയമേന ചിലക്കു പൊടിയരിക്കഞ്ഞിയും മററുചിലക്കു നെടിയരിച്ചോറും വേറേചിലക്കു ദോശ മുതലായ പലഹാരങ്ങളും സ്വതേതന്നെ ഉപയോഗിക്കാൻപാടില്ലാത്തസംഗതിയുള്ളപ്പോൾ എന്റെ അനുഭവവും എല്ലാവക്കും ഒന്നുപോലിരിക്കണമെന്നില്ല. തീരെവെറുപ്പുള്ളവർ ആവിയിൽ വേവിക്കുന്ന സാധനങ്ങൾ ബജ്റാകൊണ്ടു പാകപ്പെടുത്തു

മ്പോൾ കാലോ അരയോ അംശം നെല്ലരിക്കൂടി ചേൎത്തുകൊണ്ടാൽ മതി. ക്രമേണ അരിയുടെ അംശംകുറച്ചു വെജ്റാമാത്രമാക്കാം. വെളിച്ചെണ്ണപ്പലഹാരങ്ങൾക്കൊന്നിനും : നെല്ലരിമാവു് ഉപയോഗിക്കണമെന്നില്ല. കടലമാവിൽപൊതിഞ്ഞു് ഉണ്ടാക്കുന്ന പലഹാരങ്ങൾ ഏവൎക്കും രുചികരമായിതീൎന്നിരിക്കുന്നതിനാൽ അതുപോലെ ബജ്റാമാവിൽ പൊതിഞ്ഞോ, അതുകൊണ്ടുമാത്രമോ ഉണ്ടാക്കി വെളിച്ചെണ്ണയിൽ പാകപ്പെടുത്തിയെടുക്കുന്നസാധനങ്ങൾ രുചിപ്രദമായിരിക്കും.

ബജ്റായെസംബന്ധിച്ചു് ഇതുവരെ എന്റെ അനുഭവത്തിൽനിന്നു് ഞാൻ മനസിലാക്കിയിട്ടുള്ള സംഗതികൾ പ്രസ്താവിച്ചുകഴിഞ്ഞിരിക്കുന്നു. തുടൎന്നുള്ളവ പരീക്ഷണങ്ങൾക്കുശേഷം പൊതുജനസമക്ഷം ഇതുപോലെ സമൎപ്പിക്കണമെന്നാണു് എന്റെ ഉദ്ദേശം. ബജ്റാ നമുക്കു ഉചിതമല്ലാത്ത ഒരു ഭക്ഷണമാണെന്നു് തെററിദ്ധരിച്ചു് അതിനെ ആരും പരിത്യജിക്കരുതെന്നും നമ്മുടെ സുപരിചിതങ്ങളായ കൂവരകു്, ചാമ മുതലായ ധാന്യങ്ങളുടെ കൂട്ടത്തിൽ ഇതിനും സ്ഥാനംകൊടുത്തു അനുഭവയോഗ്യമായ ആഹാരസാധനങ്ങൾ പാകംചെയ്തു് ഉപയോഗിക്കണമെന്നും നന്മെവിട്ടുപിരിഞ്ഞുപോകാൻ അതിനെ അനുവദിക്കരുതെന്നും ഞാൻ അഭ്യൎത്ഥിച്ചുകൊള്ളുന്നു.

ആത്മാൎപ്പണം.

(കിളിമാനൂർ, എൻ. കേശവൻ)

പുതുപുഞ്ചിരിപൂലരുന്നൊരു പുലർകാലസമംശ്രീ
പതിയുംനറുകലികാവലികരിയുന്നു ദിനാന്ത്യം!
കനകാഭകൾകലരും കതിർചൊരിയുംരവിയുയരും
ഗഗനത്തിലൊരപരാഹ്നമണഞ്ഞാലതുമായും.
നരജീവിതമൊരുതൂലകണംപോലെ പറന്നീ
ധരണീതലമഖിലം തിരിയുന്നിതുമറവാൻ.
പുരുകില്ബിഷപരിപൂരിതധരതൻനടുവിങ്കൽ
പെട്ടമങ്ങുമന്നെ ഗ്രഹവീയതമം ദേഹിനശിക്കാ.
വിലയാണ്ടൊരു സദനാന്തികത്തേലുമഭൗമം
നലമാംകിയ മണിദീപികയാണീരുചിരാത്മാ.
മണിമാളിക മതിമോഹനമെന്നാലുമനിത്യം
അണിദീപമകത്തെന്തിനു പണിചെയ്തുപരാത്മൻ!
മരണം—അതു നിയതംബത! മനുജന്നിഹ; ദേഹി-
ക്കൊരുകാലവുമഴിവില്ലതു; വിശ്വത്തിനുജീവൻ.

ശലഭത്തോടു്.

(ഇടവാ, ജമാൽ ബി. ഏ. (ആണേഴ്സ്)

(ഗീതകം)

പറക്കുശലഭമേ! സമയം പ്രഭാതമായ്;
ചിറകുമൊതുക്കി നീയിനിയുമിരുന്നാലോ!
പൊന്നൊളിക്കിണ്ണങ്ങളിൽ മുന്തിരിച്ചാറായതെ
ത്തന്നെയും വെന്നീടുന്ന മധുവും നിറച്ചതാ,
രാഗലോലരായ് കാത്തുനില്ക്കുന്നു കുസുമങ്ങൾ,
വേഗംനീയുണൎന്നൊന്നു പറന്നാൽമാത്രംപോരും!
ഇന്നലെപ്പൂവരിയിൽ നീ പാറിപ്പറന്നപ്പോൾ
നിന്നെയാരൊരുത്തരും മാനിച്ചീലവിടംപോകട്ടെ.
'ഇന്നലെ'യ'പ്പിന്നോ'ർക്കുള്ള, ബീഭത്സരൂപമാമന്ന-
ത്തിന്നലെയെന്നന്നേയ്ക്കുമായിട്ടുമറഞ്ഞുപോയ്!
ഇന്നത്തപ്പൂവരിയിൽ തെളിയുംഭാഗ്യോദയം
നിന്നെമേലൊരിക്കലും കൈവെടിയില്ല, നൂനം

....

ഉണരുസഖാവേ! നീ നൈരാശ്യദുഃസ്വപ്നങ്ങൾ-
ക്കണയാൻകഴിയാത്തൊരുദ്ബുദ്ധലോകം
(കാണമാൻ.

—*—

"തൂക്കുമുറിയിൽ."

(കെ. രാമകൃഷ്ണപിള്ള ബി. എ. & എൽ.എൽ. ബി.)

(ഏകാങ്കം)

(ഇരുളടഞ്ഞ ചെറുമുറിയിൽ ചിന്താശതക്ഷുബ്ധിതനായ തടവുകാരൻ മന്ദം മന്ദം നടക്കുന്നു. കാൽ ചങ്ങലയും കറുത്ത ഉടുപ്പും)

(മണിയടിച്ച ശബ്ദംകേട്ട് നിന്നിടത്തുതന്നെ നിന്നുപോകുന്നു.)

തടവുകാരൻ—മണിനാദം, മരണമണിനാദം! ഒന്ന്, രണ്ട്, മൂന്ന്, നാല്.

ഇരുന്നും, നടന്നും, കിടന്നും, ഉരുണ്ടുംപിരണ്ടുംഹാ! വർഷമെണ്ണി, മാസമെണ്ണി, ദിവസമെണ്ണി, മണിക്കൂറെണ്ണി, മിനിട്ടുകളെണ്ണിയെണ്ണി, നിമിഷങ്ങൾ എണ്ണിയെണ്ണി,

ഇതാ! അന്ത്യമണിനാദം! ഇനി-ഇനി
നനഞ്ഞ നൂലുപോലുതിന്ന ജീവിതം
ഇറുന്നുവീഴുവാൻ—ഇനി--ഇനി—ഇനി
ഒന്ന്, രണ്ട്. മൂന്ന്. നാല്. ഹാ!
(ചുററുംനോക്കി ദീർഘനിശ്വാസംവിട്ട്)
തീ! കൊടുംതീ! വെളിച്ചം ഇല്ല; ഇല്ല,
മഴയില്ലാത്ത ഇടിയും മിന്നലും!
ഇരുൾ! എങ്ങും ഇരുൾ, ഇടവുംവലവും ഇരുൾ
ഉലകംപൊടിയുന്ന ഇടിയും മിന്നലും
ഉടലും ഉയിരും പുകയുന്ന ഉമിത്തീ
ഈ ഉടലും ആ ഉയിരും,
മണിയറയിൽ, മരണമണിയറയിൽ, ഹാ,
ഞാനും...............
ഹാ--ഹാ—മണിനാദം, മണിനാദം!
ഒന്ന്! രണ്ട്! മൂന്ന്! നാല്!
(ഇരിക്കുന്നു. ഇരുകരങ്ങളുംകൊണ്ടു മുഖംമൂടി രോഷത്തോടെ)

..................!

ഏഴുവർഷത്തെ നിരന്തര............!
ഇരുളും വെളിച്ചവും തമ്മിൽ,
ന്യായവും അന്യായവും തമ്മിൽ,
ധർമ്മവും അധർമ്മവുംതമ്മിൽ,
സത്യവും അസത്യവും തമ്മിൽ,
എന്തിന്? എവിടിന്?........

ഈ ദുരന്തംകാണുവാൻ, ഈ ദുസ്സഹദുഃഖംചുമക്കുവാൻ
ഈ ദുരന്തചരിതം താങ്ങുവാൻ
അയ്യോ! ഒരു വെള്ളിനക്ഷത്രംകാണാത്തിടത്തിൽ,
ഒരുപാലൊളിക്കതിർ പറന്നുപാറാത്ത പാപഗർത്തത്തിൽ,
ഇരുളിൽ തപ്പിത്തടഞ്ഞ്, പടർന്നുകയറുന്ന ഇരുൾപ്പടർപ്പിന്റെ ഉള്ളിലൊതുങ്ങി,
സത്യത്തിന്റെ പേക്കൂത്തുകണ്ട്,
അധർമ്മത്തിന്റെ നഗ്നത കണ്ടുകണ്ട്,
നീതിയുടെ അന്ത്യനടനം കണ്ടുകണ്ട്,
ഇന്നിതാ, കൊലച്ചോറുണ്ണണം, കൊലക്കയറു മുറുകണം,
കൊലപ്പലകനീങ്ങണം, കൊലച്ചുവിട്ടുകൊള്ളണം,
കൊലക്കുഴിയിലേക്കു താഴണം,
അതിന്റെ നാദം, അതിന്റെ മണിനാദം, അതാ.
(എഴുന്നേററു വികാരാവേശത്തോടെ)
നീ തുറിച്ചുനോക്കുന്നോ? മരണമേ! മരണമേ!
നിന്റെ ഭീകരരൂപംകണ്ട്, ഭയപ്പെടുന്ന ഭീരുവല്ല ഞാൻ.
കൊടുംവെയിലിൻ[illegible], ഈ നെടുവഴി മുഴുവൻ ഞാൻ നടക്കും;
....യായി മരിക്കും;
പണിയെടുക്കുന്നവരുടെ പട്ടിണിക്കുടിലിൽക്കിടന്ന്,
മെയ്യനങ്ങാത്തവരുടെ മേടപ്പുറം കണ്ട്,
ഞാൻ മരിക്കും:
കൂലിക്കാരന്റെ കൂട്ടായി, പാവത്തിന്റെ പക്ഷമായി,
മുതലാളിയുടെ കുടിലതന്ത്രത്തിൽപ്പെട്ട്,
കൂലിക്കാരനുവേണ്ടി ഞാൻ ക്രൂശിതനാവും;
കഴുകിലേറും; കയറുമുറുകും;
കരയാതെ മരിക്കും; മന്ദഹസിച്ചുകൊണ്ട് മരണത്തെ വരിക്കും,
മരണത്തെയും മരവിപ്പിക്കുന്ന മന്ദഹാസത്തോടെ മരിക്കും;

വാ! വാ! മരണകാലമേ!
(ശാന്തനായി നിലത്തിരുന്നു്)
ഈ നരകവേദനയിൽ ഏഴുവർഷം!
ഏഴുവർഷം! എത്രയോ മാസം!
എണ്ണമില്ലാത്ത ദിവസം, ഇഴഞ്ഞുനീങ്ങിയ രാത്രികൾ,
അവരുടെ വിഷച്ചോറു ഭക്ഷിച്ചു, ഭക്ഷിച്ചു്,
വിഷവായു ശ്വസിച്ചു, ശ്വസിച്ചു്, ഹാ-
വരിക, മരണമേ, മരണകാലമേ! വരിക,
മരണകാലമേ വരികനീയെൻറയരികിൽ
ആനന്ദഹൃദയൻ ഞാൻ.
(കാൽച്ചങ്ങല കിലുക്കി ചാടി എഴുന്നേററു്)
ഹാ! സ്ഥാപിതതാല്പര്യമേ!
മാനവവംശത്തിൻെറ മഹാഭാരമേ!
നിൻെറ തനിനിറം ഞാനറിഞ്ഞു, എൻെറ മൃകന്ദഹോദരത്വം അറിഞ്ഞു,
....,
....,.. ....,
....
ആസന്നമാകുന്ന.... ....
(ചെവിയോർത്തു്)
പട്ടിണികൊണ്ടു പൊരിയുന്ന ബഹുസഹസ്രം കുഞ്ഞുങ്ങളുടെ ദീനരോദനമല്ലേ? അതു്.
....
(തിരിച്ചുനോക്കി)
നിൻെറ ദുർഭഗസന്താനങ്ങൾ-തൊഴിലററ ഏഴകൾ, എരിപൊരികൊണ്ടു പായുന്ന പാച്ചിലല്ലേ അതു്;
സ്ഥാപിതതാല്പര്യമേ, നിൻെറ മഹാപരാധങ്ങൾ
ഇതാ രൂപംപൂണ്ടു്! ഇരുളിലൂടെഇരുമ്പഴികൾക്കുള്ളിലേക്ക്", ഹാ,
ഇതാ ഈ ജയിലും, ആ തൊഴിൽശാലയും ആശുപത്രിയും,
നിറഞ്ഞുകവിയുന്ന നിരാശ്രയരല്ലേ ഇതെല്ലാം.
ഹാ! മാനവസമുദായത്തെ നശിപ്പിച്ചു..........
നീ എന്നെനോക്കി ദഹിപ്പിക്കുന്നോ?
ഈ ഉടലിൽനിന്നും വടിയുന്ന രക്തംകുടിച്ചു്,
നിൻെറ ഒടുങ്ങാത്ത ദാഹം തീർത്തുകൊള്ളുക.
(വീണ്ടും ഇരുന്നു് ഇരുകരവും തലയ്ക്കുതാങ്ങി)
ആസന്നമാവുന്ന.... ... .ൻെറ നിയന്ത്രകനാണു നീ!
എണ്ണമില്ലാത്ത ദണ്ഡനകളുടെ നിർമ്മാതാവാണു നീ,
എല്ലാം ദുരിതത്തിൻെറയും മാതാവാണു നീ!
സ്ഥാപിതതാല്പര്യമേ,
....
....
....

....
....
... .
(ഇരുളുമുറിച്ചുകൊണ്ടു്, ഇരുമ്പഴിതകർത്തുകൊണ്ടു്
പെട്ടെന്നു ചാടി എഴുന്നേററു്)
സ്നേഹിതരേ, എൻെറ സ്നേഹിതരേ... ... അതാവരുന്നു.
അതാവരുന്നു, ...!
....
....
വരുന്നു; അതാ വരുന്നു;
പ്രതികാരം, പ്രതികാരം,
....
നിരക്കുക, അണിനിരക്കുക,
....
....
ഈ വാതിൽ തുറന്നുപോവും,
പൊളിഞ്ഞുപോവും,
എൻെറ മാതൃഭൂമി, ...
....
(ക്ഷീണിച്ചു താഴെ വീഴുന്നു. ഇടറിയ സ്വരത്തിൽ
ഹൃദയമേ, ശാന്തമായിരിക്കു;
നീ തുടിക്കാതെ, നീ ചലിക്കാതെ,.. ....
സൌന്ദര്യം! നിത്യാനന്ദനിദാനമായ സൌന്ദര്യമല്ലേ നിൻെറ കളിത്തോപ്പു്.
സത്യമല്ലേ, നിൻെറ നിത്യദൈവം.
നോക്കു്, സത്യത്തിൻെറകണ്ണിൽ നീതുറിച്ചുനോക്കു
ആ ദിവ്യപ്രകാശത്തിൽ നിൻെറ ഭാവി ന
നിഴലിച്ചു കാണുന്നില്ലേ?
ധനികൻെറ ഒടുങ്ങാത്ത ദാഹം ഒടുക്കുവാൻ
ഈ മെലിഞ്ഞ ഉടലിലെ രക്തം ഒഴിച്ചുകൊടുക്കു.
ഈ ഉടലും ആ ഉയിരും എല്ലാം ഉരുകിയുകി ദഹിക്കും;
....
....
(ദയനീയമായി നിലവിളിച്ചു ചാടിഎഴുന്നേററു്
....
....
....
(അല്പം നടന്നു് കൈചുരുട്ടി നിരാശയോടെ)
അമ്മേ! എൻെറ അമ്മേ!
എന്നെപ്പെററ രാജ്യമേ!...............
നിൻെറ ദിവ്യരൂപം ഈ തുറുങ്കുമുറിയിൽ ഞാ
കാണുന്നു, ...?
....
....

(ഭിത്തിയിൽ കൈകൊണ്ടുവരച്ച ചിത്രംനോക്കി)

എന്തിന്, എൻെറ അമ്മയുടെ ചിത്രം, ഞാൻ ഇവിടെ വരച്ചു?

....!

....

കലയ്ക്കു രൂപം നൽകുവാൻ, പൂർണ്ണതകൊടുക്കുവാൻ,
പാരതന്ത്ര്യത്തിൽ കലയ്ക്കുണ്ടോ പൂർണ്ണവികാസം ലഭിയ്ക്കുന്നു;
എങ്കിലും കരിയിൽ ജീവരക്തം കുഴച്ച് ഈ ചിത്രം എഴുതി.
അതും ഈ വെളുത്ത ഭിത്തി കറപ്പിച്ചു.
അമ്മേ! ഹാ, സസ്യശ്യാമളേ!
നിതാന്തസൌന്ദര്യനികേതമേ!
"വിന്ധ്യഹിമാലയ യമുനാഗംഗാ
ഉജ്ജ്വലജലധിതരംഗാ
ദ്രാവിഡ ഉൽക്കലവംഗാ! ജയജയ........ലക്ഷ്മീ
വയ്യ! മരിക്കുവാൻ, എൻെറ അമ്മയെ പിരിയുവാൻ.
വയ്യ, എനിക്കു വയ്യാ.

(അടുത്തുചെന്ന് ഒരുഭാഗത്തു കൈ ഊന്നി)

ഇവിടം, ഇവിടം, ഇതാണ് എന്നെപ്പെററ നാട്ട്, എൻെറ ജന്മദേശം.
ഇവിടെയാണാവയൽ—സൌന്ദര്യത്തിൻെറസങ്കേതം,
പരന്നപാടം, ഉഴുതുനീരത്തിന നിലം,
ഒരുമയോടടിയിൽതാഴ്ന്നമണൽത്തരിയെല്ലാം
ഉയർന്നുവന്ന സമനിലയിലായ,നിലം
ചെങ്കതിർക്കമ്പി വീശിവീശിആദിത്യൻ
തെങ്ങോലപ്പൂച്ചപ്പട്ടിൽ തങ്കവേലചെയ്തസരോവരതീരം,
ഗുണമെഴുംവിത്തു വിതറിവീഴ്ത്തിയ എൻെറ ഓമനവയൽ;
ദിനംതോറുംചെന്നു കളപറിച്ചുമാററിയനെൽവയൽ;
ഹാ, വിമലനീരാളപ്പുതപ്പുകൊണ്ടു വിമലാഭമായ വിശാലദേശം,
ദലചലനംകൊണ്ടു ലോകത്തെ മാടിവിളിച്ചു,
സുമവികാസത്താൽ സ്വാഗതം നൽകി.
മർമ്മരം കുശലം ചൊല്ലി,
വയ്യ, എൻെറ അമ്മേ! മരിക്കുവാൻവയ്യാ,
വളഞ്ഞൊഴുകുന്ന നദികളും,
വിരിഞ്ഞുപൊന്തുന്ന താമരകളും,
നിരന്നു നിൽക്കുന്നകല്പകതരുക്കളും.
ഹാ, "മലയജശീതളമാരുതനും,
സുരഭിലമോഹനവാടികയും."
അമ്മേ, എൻെറ അമ്മേ, നിന്നെപ്പിരിഞ്ഞുപോകുവാൻ,
നിൻെറ ദിവ്യരൂപം മറന്നു ഇവിടെനിന്നു മറയുവാൻ,
വയ്യ, എനിക്കു, വയ്യ.

(അഞ്ജലീപൂർവ്വകം)

അമ്മേ, പ്രകൃതിമാതാവേ!
അകമഴിഞ്ഞ ആദരവോടെ നിന്നെ ഞാൻ ധ്യാനിച്ചു.
മനമഴിഞ്ഞ ഭക്തിയോടെ നിന്നെ ഞാൻ പൂജിച്ചു.
എൻെറ സമ്പത്ത്, എൻെറ അമൂല്യസമ്പത്ത്, എന്തായിരുന്നു.
പ്രേമം; അപ്രമേയപ്രേമം; അനന്തമായ അനശ്വരമായ അനർഘമായ പ്രേമം.
അതുമാത്രം ഞാൻ കൊതിച്ചു, അതുമാത്രം ഞാൻ വരിച്ചു.
പണംതേടി പരവശപ്പെട്ടു ഞാൻ നടന്നില്ല.
അനർഘപ്രേമത്തിനുവേണ്ടി എൻെറ ഭിക്ഷാപാത്രവുമായി,
നിൻെറ സൌന്ദര്യകേന്ദ്രങ്ങളിൽ ഞാൻ തിരഞ്ഞു.
ആഴമേറിയ നീരാഴിയും, ഔന്നത്യമേറിയ ഗിരിശൃംഗവും താണ്ടി, താണ്ടി ഞാൻ നടന്നു.
കനകത്തിൻെറ തെളിമയിൽ ഞാൻ മയങ്ങിയില്ല.
ചുരുണ്ടുകിടക്കുവാൻ ഒരു ചെററക്കുടിൽ,
നാണം മറയ്ക്കുവാൻ കീറത്തുണി,
ഹൃദയവേദന പകർന്നുകൊടുക്കുവാൻ സഖാക്കൾ,
ഏഴകൾവെട്ടും പാട്ടുകൾ വർണ്ണിക്കുന്ന ഒന്നുരണ്ടു ഗ്രന്ഥങ്ങൾ,
സ്വാതന്ത്ര്യസമീരൻെറ സൌരഭ്യം,
ഇവ ഞാൻ കൊതിച്ചു.
ജലവും പ്രകാശവും വായുവും മതി,
സ്വാതന്ത്ര്യംമതി, സ്വതന്ത്രയായ മാതാവ്,
വയ്യ, എനിക്കു മരിക്കുവാൻ വയ്യ,
അകൃത്രിമരമണീയമായ പ്രകൃതിയെവിടുവാൻ വയ്യ, വയ്യ.

(ഭാവവൈരുദ്ധ്യം-രോഷാവേശത്തോടെ)

അല്ല, ഞാൻ പാതകി!
മഹാപാതകംചെയ്ത പാതകി!
എന്താണ് എൻെറ പാതകം, ഹാ-ഹാ-ഹാ-
മനുഷ്യനെ-മാനവസമുദായത്തെ സ്നേഹിച്ചു
ഇതാണു ഞാൻ ചെയ്ത പാതകം,

....

....

കരിംതുറുങ്കിൻെറ ഭയങ്കരതദർശിച്ചു, ദർശിച്ചു,
ഞാൻ ഹതാശനായി.

....

ആ തീയും പുകയും ഞാൻ അവരുടെ ഇടയിൽ പരത്തി;
ഞാനും അവരും ഒന്നായി വേലചെയ്തു.
ഈ വിഭവങ്ങളെല്ലാം
മാളികയിലെയും മഹാഭണ്ഡാരങ്ങളിലെയും
വിശാലപ്രകൃതിയിലെയും വിഭവങ്ങളെല്ലാം
....
....
....
....
....
ഇരുമ്പഴിക്കുള്ളിലേക്ക്, ഈ കുട്ടംതുറുങ്കിലേക്ക് തള്ളി.
എന്തിന്,
മരണത്തിന്റെ മണിനാദം കേൾക്കുവാൻ,
ആ മഹാപാതകികളുടെ വരവു കാണുവാൻ,
സ്ഥാപിതതാൽപ്പര്യമേ, (രോഷാകുലനായി)
...................., ..., ...,
(നിശ്ശബ്ദനായി നടക്കുന്നു)
(കുറേനിമിഷം കഴിയുന്നു)
(ഇരുന്നു ദൃഢനിശ്ചയത്തോടെ)
ഹൃദയമേ! ഇനിയും നീ ശാന്തമാകുകയില്ലേ?
പൂർണ്ണതയുടെ മുടിയിലേ. മുൾക്കിരീടം ചാർത്തുകയുള്ളൂ,
അയ്യോ! ഈ ഏകാന്തത, ഈ ഏകാന്തതയിലൂടെ,
മരണം നിശ്ശബ്ദമായി വരും,
വരൂ, എന്നെ ഗ്രസിച്ചുകൊള്ളൂ.
ഹാ-നിന്റെ ജടപിടിച്ച ചെമ്പൻതലമുടി,
തീപ്പൊരിചിതറുന്ന നേത്രം-തുടിച്ചു തുള്ളുന്ന ജിഹ്വാഗ്രം.
ഭീകരഭൂതമേ! ഈ ഉടൽ നീ വിഴുങ്ങിക്കൊള്ളുക,
എന്നാൽ-ഹാ-
ഈ ആശയം........ സന്ദേശം
....
ഞാൻ വിജയഭേരി മുഴക്കും-എന്റെ... ....
ഈ സന്ദേശത്തിന്റെ നിശ്ശബ്ദമന്ത്രം-അത് അമൃതുപോലെ പകർന്നു തരുന്നു.
മരണമേ! നീ പരാജിതൻ!
(സ്തബ്ധനായി നിന്ന്)
ഹാ-ഹാ-ഈ കാൽച്ചങ്ങല പൊട്ടിത്തകർന്നു പോയല്ലോ,

ഇങ്ങനെ ഞാൻ സ്വാതന്ത്ര്യവിഹാരം തുടരും,
ശീകരശീതളമായ മഞ്ഞുമലയിലൂടെ ഞാൻ നടക്കും,
നിർമ്മലജലം നിറഞ്ഞ നീരാഴിയിൽ ഞാൻ മുഴുകും,
ഇതല്ലേ, കാഞ്ചനഗംഗം! ഇതല്ലേ അമൃതസരസ്സ്!
ഈ മഞ്ഞുതുള്ളി കുടിച്ച്, സുരഭിലസുഗന്ധം ആസ്വദിച്ച്,
വസന്തം പൂശിയ പുളകപ്പൂവാട ഉടുത്ത്.
കളകൂജനംകേട്ട് ഞാൻ ഒന്നു മയങ്ങും.
ഹാ! അമ്മേ! എന്റെഅമ്മേ, ഞാൻപോകട്ടെ
എന്റെ സ്നേഹിതരേ, എനിക്കു പോകണം,
കൃശിതലക്ഷ്മമേ! ഞാൻ യാത്രപറയട്ടെ,
വിശ്വപ്രകാശമേ! വിശ്വപ്രാണദായകം,
വിശ്വമോഹനമായ വിഹായസ്സേ!
എന്റെ പെറ്റകുടിലേ! മലർവാടികേ! ഞാൻ പോകുന്നു.
........നിയമത്തിന്റെ ശാസനം കൈക്കൊള്ളുവാൻ
നീതിയുടെ നിശിതായുധം ഏൽക്കുവാൻ,
ഇതാ ഞാൻ പോകുന്നു!
(ക്രൂശിതനെപ്പോലെ കൈവച്ച്)
അതേ, അതേ. ഇതാണെന്റെ ജീവിതം, എന്റെ വിജയം,
ഇതല്ലെങ്കിൽ സ്ഥാപിതതാൽപ്പര്യക്കാരുടെ മാളികത്തണലിൽ, അവരുടെ രാജപാതയിൽ,
ദുരാഗ്രഹദുർഭൂതങ്ങളുമായി സല്ലപിച്ചു രസിച്ചു മരിക്കുമായിരുന്നു.
ഇതാണു വിജയം.
....
ഇതു പരാജയമോ? അല്ല. ഇത് ജീവിതമാണ്; ഇത് വിജയമാണ്;
....
സ്ഥാപിതതാൽപ്പര്യം നിലനിറുത്തുവാൻ വേണ്ടിനിർമ്മിക്കപ്പെട്ട നിയമമേ
കുബേരന്റെ ധർമ്മമേ എടുത്തുകൊള്ളൂ!
സ്വൈരമായി ഈ തല കൊയ്തുകൊള്ളൂ:
ഒരു പാവപ്പെട്ടവൻ ഈ ഭൂമുഖത്ത് അവശേഷിക്കുന്ന കാലത്തെ ആ അന്ത്യ........വും ഞങ്ങളുടേത്; ആ അന്ത്യവേദന-അതിവേദന-അതാണ് ഞങ്ങളുടെ വിജയം. എന്റെ സുഹൃത്തുക്കളുടെ വിജയം. (ബോധമറ്റു താഴെ വീഴുന്നു)
(കർട്ടൻ)

പത്രാധിപക്കുറിപ്പുകൾ.

പ്രസ്താവന.

തിരുവിതാംകൂറിൽ ധാരാളം വർത്തമാനപത്രങ്ങൾ പ്രചാരത്തിലിരിക്കുന്നുണ്ട്. പ്രതിദിനപത്രങ്ങളുടെ സംഖ്യ ഒട്ടും കുറവല്ല. ഈ അടുത്ത കാലത്തു പ്രതിദിനപത്രങ്ങളുടെ എണ്ണം അസൂയാർഹമാംവണ്ണം പെരുകിയിട്ടുണ്ട്. യുദ്ധവാർത്തകളും അതിനോടനുബന്ധപ്പെട്ട ഇതരവർത്തമാനങ്ങളും അറിയുവാൻ ജനതയുടെ ജിജ്ഞാസ ഏറിയേറി വരുകയാണ്. യുദ്ധം അവസാനിച്ചാലും ലോകവാർത്തകൾ അറിയുന്നതിനുള്ള അവരുടെ താല്പര്യം ഇനി നശിക്കാൻ പോകുന്നില്ല: ആകയാൽ പ്രതിദിനപത്രങ്ങളുടെ ആവിർഭാവവും പ്രചാരവും ഉത്തരോത്തരം അഭിവൃദ്ധമായിക്കൊണ്ടിരിക്കുമെന്നുതന്നെ ആശിക്കാം.

എന്നാൽ കഴിഞ്ഞ ദശവർഷക്കാലത്തെ ചരിത്രമാലോചിക്കുമ്പോൾ മാസികകളുടെയും വാരികകളുടെയും പ്രചാരം ഒന്നിനൊന്നു കുറഞ്ഞുകൊണ്ടിരിക്കുന്നതായി കാണാവുന്നതാണ്. ചൂടാറാത്ത വാർത്തകളോടു ജനങ്ങൾക്കു പ്രത്യേകം മമതയുണ്ടായിരിക്കുന്ന ഒരു കാലത്ത് അപ്രകാരം സംഭവിക്കുന്നത് ഒരു വിധത്തിൽ സ്വാഭാവികമാണെന്നു പറയാമെങ്കിലും മാസികാഗ്രന്ഥങ്ങൾക്കും ആഴ്ചപ്പതിപ്പു പത്രങ്ങൾക്കും പത്രലോകത്തിൽ സുനിശ്ചിതമായ ഒരു സ്ഥാനമുണ്ടെന്നുള്ളതു തർക്കമററ സംഗതിയാണ്. വിവിധവിഷയങ്ങളെപ്പററിയുള്ള വിജ്ഞാനപ്രദങ്ങളായ ലേഖനങ്ങളും മുഖ്യസംഗതികളെയും സംഭവങ്ങളെയും പരാമർശിച്ചുള്ള പരിണതചിന്താഫലമായ 'റിവ്യൂകളും' അടങ്ങിയ മാസികാഗ്രന്ഥങ്ങൾ മലയാളത്തിൽ തുലോം വിരളമാണ്. ഈ കുറവ് ആവുംവിധം പരിഹരിക്കണമെന്ന വിചാരവും ആഗ്രഹവുമാണ് "കേരളനന്ദിനി"യുടെ ആവിർഭാവത്തിനു നിദാനം. വിജ്ഞരും ഉദാരമതികളുമായ ലേഖകരുടെയും ഹൃദയാലുക്കളായ വായനക്കാരുടെയും നിർല്ലോഭമായ സഹായവും സഹകരണവും ഞങ്ങൾക്കു ലഭിക്കുമെങ്കിൽ ഞങ്ങളുടെ ഉദ്ദേശം ഞങ്ങൾ നിറവേററുക തന്നെ ചെയ്യും. മഹാജനങ്ങളുടെ ഉള്ളഴിഞ്ഞ പ്രോത്സാഹനങ്ങളെ പ്രതീക്ഷിച്ചുകൊണ്ട്, ശുഭാപ്തിവിശ്വാസത്തോടു കൂടി ഈ മാസികാഗ്രന്ഥത്തെ പൊതുജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

—*—

നമ്മുടെ ഭക്ഷണപ്രശ്നം.

ഇൻഡ്യയുടെ സുദീർഘമായ ചരിത്രത്തിൽ, ഭക്ഷ്യപദാർത്ഥങ്ങളുടെ ക്ഷാമം ഇന്നത്തെപ്പോലെ വ്യാപ്തവും കർക്കശവുമായ ഒരു നിലയെ ഇതിനുമുമ്പെങ്ങും പ്രാപിച്ചിട്ടില്ല. ബ്രിട്ടീഷ് സാമ്രാജ്യത്തിലെ രണ്ടാമത്തെ നഗരമെന്നു പ്രസിദ്ധിപെററ കൽക്കട്ടാ പട്ടണം അനാഥജനസംഖ്യകൊണ്ടും മരണനിരക്കുകൊണ്ടും സാമ്രാജ്യത്തിലെന്നല്ല ലോകത്തിലെ ഒന്നാമത്തെ പട്ടണമായിത്തീർന്നിരിക്കുന്നു. ബംഗാളിലെ ഗ്രാമങ്ങളിലും നഗരങ്ങളിലും അനേകശതം ആളുകൾ ആഹാരമില്ലാത്തതുമൂലം അകാലചരമം പ്രാപിക്കുന്നു, അവിടത്തെ ദയ

നീയമായ കാഴ്ചകളുടെ ചിത്രങ്ങളും ജനങ്ങളുടെ വിവരങ്ങളും ഇംഗ്ലണ്ടിലും അമേരിക്കയിലും ഉള്ള പത്രങ്ങളിൽപോലും സ്ഥലം പിടിച്ചിട്ടുണ്ട്. ചുരുക്കത്തിൽ അവിടത്തെ സ്ഥിതിയിലേയ്ക്കു ലോകത്തിന്റെ മുഴുവൻ ശ്രദ്ധ തിരിപ്പിക്കുന്നതിനും ബംഗാളിലെ പൊതുകാര്യപ്രസക്തർക്കു കഴിഞ്ഞിട്ടുണ്ട്. ഇൻഡ്യയുടെ എല്ലാ ഭാഗത്തുനിന്നും സഹായങ്ങൾ ബംഗാളിനു ലഭിക്കുവാനും തുടങ്ങിയിട്ടുണ്ട്. എന്നിരുന്നാലും അവിടത്തെ സാമുഹ്യവിരുദ്ധപ്രവർത്തനചതുരരായ സ്വാർത്ഥമതികളുടെ നിരുത്തരവാദപരവും ഹൃദയശൂന്യവുമായ ലാഭേച്ഛ ബംഗാളിന്റെ ദുരിതങ്ങൾക്കുപശാന്തിയുണ്ടാകുന്നതിനു തടസ്സമായി നിൽക്കുന്നു ബംഗാളിലെ ഇന്നത്തെ ജനകീയഭരണകർത്താക്കളും ഇതിൽ ഭാഗഭാക്കുകളാണെന്നു ആരോപണം ഉണ്ടായിട്ടുണ്ട്.

ഏതായാലും അധികാരികളുടെ അശ്രദ്ധയും അനാസ്ഥയുമാണ് വംഗദേശത്തിന്റെ ദുരിതത്തിനു മുഖ്യകാരണമെന്നു പറയുന്നതിൽ തെറ്റുണ്ടാവാനവകാശമില്ല. ഇൻഡ്യയിലെ ഏറ്റവും കൃഷിപ്രധാനമായ സ്ഥലങ്ങളിലൊന്നാണു ബംഗാൾ. അവിടത്തെ ആവശ്യത്തിനു 90 ശതമാനം നെല്ലും ഇതരധാന്യങ്ങളും അവിടെ വിളയുന്നുണ്ടെന്നു അധികൃതരുടെ കണക്കുകൾതന്നെ സമ്മതിക്കുന്നു. പോരാതെവരുന്ന പത്തുശതമാനത്തിനു പരിഹാരമുണ്ടാകണമെന്നു ബർമ്മാ ജപ്പാൻകാരുടെ കൈവശമായ കാലം മുതൽ കരുതി പ്രവൃത്തിച്ചിരുന്നെങ്കിൽ തീർച്ചയായും ഇന്നത്തെ നില വന്നുകൂടുകയില്ലായിരുന്നു. ഇപ്പോൾ ബംഗാളിലെ ചില ജില്ലകളിൽ ഒരുമാണ്ട് (അരച്ചാക്കു) അരിക്കു 70-80 രൂപവിലയുണ്ടെന്നാണു പത്രങ്ങളിൽ കാണുന്നത്. ഇതു വാസ്തവമാണെങ്കിൽ അധികൃതർക്കു ഇതിൽപരം അപകീർത്തികരമായ ഒരു കാര്യം മറ്റില്ല. ഈ സ്ഥിതിയിൽപ്പോലും രാഷ്ട്രീയഭിന്നതകൾ മറന്നു സകലരും ഒന്നുചേർന്ന് ദുരിതനിവാരണശ്രമം നടത്തണമെന്ന് അധികാരത്തിലിരിക്കുന്ന കക്ഷികൾക്കും അല്ലാത്തവർക്കും തോന്നിയിട്ടില്ലെന്നു കാണുന്നതു ദയനീയമായിരിക്കുന്നു. കക്ഷിഭേദംകൂടാതെ ജനങ്ങളും ഗവൺമെന്റും തികഞ്ഞ പരസ്പരവിശ്വാസത്തോടും ആത്മാർത്ഥതയോടുംകൂടി പരിശ്രമിച്ചെങ്കിലല്ലാതെ ബംഗാൾദുരിതത്തിനു ഒരു ഉപശാന്തിയുണ്ടാകുന്നതല്ല. ഈ അവസരത്തിൽ ഇൻഡ്യയുടെ ഇതരഭാഗങ്ങളിലെ സ്ഥിതിയെപ്പറ്റിക്കൂടി ആലോചിക്കുന്നതു നന്നായിരിക്കും. ഒറീസ്സായിലെ ഗ്രാമപ്രദേശങ്ങളിൽ ആഹാരക്ഷാമംമൂലം ജനങ്ങൾ കാടുകളിലെ കനികളും കന്ദങ്ങളും കൊണ്ടാണു ജീവസന്ധാരണം ചെയ്യുന്നതെന്നും അതും തീർന്നുപോയിരിക്കുന്ന സ്ഥിതിക്കു ഇനി എന്താണു വരാൻപോകുന്നതെന്നു ചിന്തിക്കുവാൻകൂടി വിഷമമായിരിക്കുന്നുവെന്നും അവിടത്തെ മന്ത്രിതന്നെ പറയുന്നു. എന്നാൽ ഒറീസ്സാ ആവശ്യത്തിനു നെല്ലു വിളയുന്ന ഒരു പ്രദേശമാണ്. ആ സ്ഥിതിക്കു അവിടെ ഇതു സംഭവിച്ചതു അധികൃതരുടെ അനാസ്ഥ ഒന്നുകൊണ്ടുമാത്രമായിരിക്കണം.

ബംഗാളിലും ഒറീസ്സായിലും ക്ഷാമം ബാധിച്ചിരിക്കുന്ന കാര്യം ഇന്നു ലോകത്തിന്റെ ചിന്താവിഷയമായിത്തീർന്നിരിക്കുന്നു. എന്നാൽ തങ്ങളുടെ ആവശ്യത്തിന്റെ 40 ശതമാനം മാത്രം നെല്ലു വിളയുന്ന തിരുവിതാംകൂറിലെയും കൊച്ചിയിലെയും ജനങ്ങളുടെ ദുരിതത്തെപ്പറ്റി ബ്രി: ഇന്ത്യയിലെ

പത്രങ്ങളിൽപോലും ഒരുവാക്കു പറഞ്ഞു കാണുന്നില്ല. നെല്ലരിക്ഷാമംമൂലമുള്ള ദുരിതങ്ങൾ ബംഗാളിലതിനേക്കാളും കുറവെന്നു പറഞ്ഞുകൂടാത്തതരത്തിൽ തിരുവിതാംകൂറിലെ നാട്ടുംപുറത്തെ ജനങ്ങൾ അനുഭവിക്കുന്നുണ്ട്. അവരിൽ എത്രയോലക്ഷം ജനങ്ങൾ ഒരുനേരം നിറച്ചു ചോറു തിന്നിട്ട് അനവധി മാസങ്ങളായിട്ടുണ്ട്. വെറും മരച്ചീനിയാണ് അവരുടെ ആഹാരം. കുടിക്കുന്നതിനുപോലും നെല്ലരിക്കഞ്ഞിവെള്ളം കിട്ടാത്ത അനേകായിരങ്ങൾ ഈ നാട്ടിലുണ്ട്. അവൎക്കു നാവില്ല; അവരുടെ കാൎയ്യം പറയാൻ ആളുമില്ല. തിരുവിതാംകൂറിൻെറ നിർഭാഗ്യംകൊണ്ട് ഇവിടെ ഒരു ശ്യാമപ്രസാദ്മുക്കർജി ഇല്ലാതെപോയി. നമ്മുടെ ആവശ്യത്തിനു വേണ്ട അരി പുറത്തുനിന്നും വരികതന്നെവേണ്ടിയിരിക്കുന്നു. അതിനായി നമ്മുടെ ഗവൎമ്മെൻറു എത്രതന്നെ ശ്രമിച്ചിട്ടും ഇന്ത്യാഗവൎമ്മെൻറു തിരുവിതാംകൂറിൻെറ കാൎയ്യത്തിൽ എന്തെങ്കിലും കാൎയ്യമായി പ്രവൎത്തിക്കുന്ന ലക്ഷണം കാണുന്നില്ല. അരി കുറവുള്ള പ്രദേശങ്ങളുടെ ലിസ്റ്റിൽ അവർ തിരുവിതാംകൂറിനെയും കൊച്ചിയെയും ഉൾപ്പെടുത്തുന്നു എന്നുള്ളതിൽ കവിഞ്ഞു വലുതായൊന്നും അവർചെയ്യുന്നില്ല. അവർ അനുവദിച്ചിരിക്കുന്ന ക്വോട്ടാതന്നെ വളരെ കുറവാണ്. ആ ക്വോട്ടാ അനുസരിച്ചുള്ള അരിപോലും ഇവിടെ കിട്ടിവരുന്നില്ല. എന്നിരുന്നാലും മുറവിളികൂട്ടാൻ ഇവിടത്തെ ജനങ്ങൾക്കു കഴിയാത്തതുകൊണ്ടു നമ്മെ സംബന്ധിച്ചിടത്തോളം ഇന്ത്യാഗവൎമ്മെൻറിൻെറ അനാസ്ഥ അങ്ങനെ നീണ്ടുനില്ക്കുകതന്നെ ചെയ്യുന്നു.

വെളിയിൽനിന്നും വേണ്ടിടത്തോളം ധാന്യം ലഭിക്കാൻ വിഷമമുണ്ടായിരിക്കുമ്പോൾ പിന്നെ ചെയ്യാവുന്നതു് ഇവിടെയുണ്ടാകുന്ന ധാന്യങ്ങൾ കഴിയുന്നത്ര നീതിപൂൎവ്വമായി വിതരണംചെയ്യുക മാത്രമാണ്. കൃഷിക്കാരുടെ കയ്യിൽനിന്നും നെല്ലുശേഖരിക്കുന്നതിനു ഗവമ്മേൻറു ശ്രമങ്ങൾ നടത്തി. ആദ്യത്തേതു വിചാരിച്ചിരുന്നതുപോലെ വിജയപ്രദമായിരുന്നില്ല. രണ്ടാമത്തേതു് ഇപ്പോഴും നടന്നുകൊണ്ടിരിക്കുകയാണ്. അതും പ്രതീക്ഷകളെ സഫലമാക്കുമോ എന്നു കണ്ടറിയുകതന്നെവേണം. ഈ പരാജയത്തിനു മുഖ്യകാരണം ജനങ്ങളുടെ പൂൎണ്ണമായ സഹകരണം ഗവൎമ്മെൻറിനു ലഭിക്കുന്നില്ലെന്നുള്ളതാണ്. ഗവമ്മേൻറു എല്ലാപേരുടേയും സഹകരണത്തിനഭ്യൎത്ഥിച്ചിട്ടുണ്ട്. ഇക്കാലംവരെ ഗവൎമ്മെൻറുമായി ഒരുതരം നിസ്സഹകരണത്തിൽ കഴിഞ്ഞുവന്നിരുന്ന "തിരുവിതാംകൂർ സ്റ്റേറ്റുകോൺഗ്രസ്സ്"കാർപോലും ഇപ്പോൾ ഗവൎമ്മെൻറുമായി സഹകരിക്കാൻ നിശ്ചയം ചെയ്തിരിക്കുന്നതായി കാണുന്നു. ഈ അവസരത്തിൽ രാഷ്ട്രീയമായ അഭിപ്രായഭിന്നതകൾ വിസ്മരിച്ചു സകല സംഘടനകളും ഗവൎമ്മെൻറും ഒന്നുചേൎന്ന് പരസ്പരവിശ്വാസാടിസ്ഥാനത്തിൽ പ്രവൃത്തിച്ചെങ്കിലല്ലാതെ നമ്മുടെ രാജ്യത്തെ അഭിമുഖീകരിക്കുന്ന ഈ വിഷമപ്രശ്നത്തിനു ഒരു പോംവഴി ഉണ്ടാവുക സാദ്ധ്യമല്ല. പൊതുജനങ്ങളുടെ വിശ്വാസം ആൎജ്ജിച്ചിട്ടുള്ള പൊതുകാൎയ്യപ്രവൎത്തകരെ ക്ഷണിച്ച് അവരുമായി ആലോചന നടത്തി ഒരു കർമ്മപദ്ധതി ഉടൻ തയ്യാറാക്കണമെന്നു ഞങ്ങൾ ഗവൎമ്മെൻറിനെ ഉൽബോധിപ്പിച്ചുകൊള്ളുന്നു.

"സ്റ്റേററ്കോൺഗ്രസ്സും" ഭക്ഷ്യപദാർത്ഥപ്രശ്നവും.

"തിരുവിതാംകൂർ സ്റ്റേററുകോൺഗ്രസ്സ്" ഭക്ഷ്യോല്പാദനസംഭരണവിതരണകാര്യങ്ങളിൽ ഗവണ്മെൻറുമായി സഹകരിച്ചു പ്രവൃത്തിക്കുവാൻ സന്നദ്ധമാണെന്നു കാണിക്കുന്ന ചില നിശ്ചയങ്ങൾ അടുത്തകാലത്തു കൂടിയ സ്റ്റേററുകോൺഗ്രസ്സ് പ്രവർത്തകസമിതിയോഗങ്ങളിൽ പാസ്സാക്കിക്കാണുന്നതിൽ ഞങ്ങൾ സന്തോഷിക്കുന്നു. നമ്മുടെ രാജ്യത്തെ ഭക്ഷ്യപദാർത്ഥസ്ഥിതി പൊതുക്കാര്യങ്ങളിൽ താല്പര്യമുള്ള ആരുടേയും സത്വരമായ ശ്രദ്ധയെ ആകർഷിക്കേണ്ട ഒന്നാണ്. എന്നാൽ ഗവർമ്മെൻറിൽനിന്നും ഭിന്നമായി നിന്നുകൊണ്ടു് ദുരിതനിവാരണാർത്ഥം ആർക്കും ഫലപ്രദമായി യാതൊന്നും ചെയ്യുവാൻ നിവൃത്തിയില്ലാത്ത ഒരു പരിതഃസ്ഥിതിയാണിവിടെയുള്ളതു്. കഷ്ടതകൾ വർദ്ധിച്ചിരിക്കുന്ന പ്രദേശങ്ങളിൽ ദുരിതനിവാരണകേന്ദ്രങ്ങൾ തുറന്നു് അരി മുതലായ ഭക്ഷ്യസാധനങ്ങൾ ശേഖരിച്ചുവച്ചു് വിതരണം ചെയ്യുകയാണ് ഇത്തരം സന്ദർഭങ്ങളിൽ പലയിടത്തും ചെയ്തുവരുന്നതു്. എന്നാൽ നെല്ലും അരിയും ക്രയവിക്രയങ്ങൾ ചെയ്യുന്നതിനെയും ഒരു സ്ഥലത്തുനിന്നു മറെറാരു സ്ഥലത്തേക്കു കൊണ്ടുപോകുന്നതിനെയും നിയമംമൂലം ഗവണ്മെൻറു തടഞ്ഞിരിക്കുന്നതുകൊണ്ട് സ്വതന്ത്രമായ ദുരിതനിവാരണസംരംഭങ്ങളിൽ ജനകീയസംഘടനകളുടെ പ്രവർത്തനവ്യാപ്തി വളരെ പരിമിതമാക്കപ്പെട്ടിരിക്കുന്നു. ഇത്തരുണത്തിൽ പൊതുജനതാല്പര്യങ്ങൾക്കുവേണ്ടി നിൽക്കുന്നവർക്ക് ഫലപ്രദമായി എന്തെങ്കിലും ചെയ്യണമെങ്കിൽ അവർ അധികൃതരുമായി സഹകരി-

ക്കാൻ സന്നദ്ധരാകണം. അപ്രകാരം
യുന്നതിനു സ്റ്റേററുകോൺഗ്രസ്സ് ഒരുങ്ങ
രിക്കുന്നതിൽ ഞങ്ങൾ അവരെ അഭി
ക്കുന്നു. എന്നാൽ നിശ്ചയങ്ങൾ പ
ക്കി വിട്ടശേഷം മൗനമായി ഇരുന്നുക
തെ, എന്തടിസ്ഥാനത്തിന്മേൽ ഏതുമ
രമെല്ലാം ഗവർമ്മെൻറുമായി സഹ
ച്ചു പ്രവർത്തിക്കാമെന്നും, നിവാരണ
ങ്ങൾ ഫലപ്രദമാകുന്നതിന് ഏതുമ
മാണ് സ്വീകരിക്കേണ്ടതെന്നും അധി
രുമായി ചർച്ചചെയ്തു തീരുമാനിക്കാൻ
വർ ഉടനെ ഒരുമ്പെടേണ്ടതാണ്.
ർമ്മെൻറ് കാൺഗ്രസ്സുകാരുടെ സഹ
ണസന്നദ്ധതാപ്രഖ്യാപനത്തെ സ്വാഗ
ചെയ്തു് അവരുമായി കൂടിയാലോചിച്ചു
വ്യാപ്തമായ ഒരു നിവാരണപദ്ധ
ണ്ടാക്കി പ്രയോഗത്തിൽ കൊണ്ടുവര
തിന് ഒട്ടും അമാന്തിക്കരുതെന്നാണ
ങ്ങളുടെ വിനീതമായ അഭിപ്രായം.

—*—

ബദോഗ്ലിയോഗവർമ്മെൻ റെ യുദ്ധപ്രഖ്യാപനം.

ഐക്യകക്ഷികളുടെ നിയന്ത്രണ
ലിരിക്കുന്ന ഇററാലിയൻപ്രദേശങ്ങളുടെ
രണമേധാവിയായ മാർഷൽ ബദോഗ്ലി
അടുത്തകാലംവരെ ഇററലിയുടെ ഉററമി
മായിരുന്ന ജർമ്മനിയോട് യുദ്ധപ്രഖ്യാ
നം ചെയ്തിരിക്കുന്നു. ഒരു യുദ്ധത്തി
ന്നൊ ഇരുഭാഗത്തും ചേൎന്നു യുദ്ധംചെയ്യു
നിടയായ ഏകരാജ്യം ഇററലിയാണ്.
നാത്തെ പരിതഃസ്ഥിതിയിൽ അവക്ക
ചെയ്യാതെ നിർവാഹമില്ലെന്നു വന്നിരി
ണം. ഇന്നലെവരെ പരമശത്രുക്കളായി
ന്ന ഇററാലിയരെ ഇന്നു സഹയോദ്ധാക്കളാ
യി സ്വീകരിക്കുവാൻ ഐക്യകക്ഷിക

ീരുമാനിച്ചപ്പോൾ രാഷ്ട്രീയനയചിന്ത
യക്കാൾ കൂടുതൽ യുദ്ധതന്ത്രപരമായ
സൗകര്യങ്ങൾക്കായിരിക്കണം അവർ പ്രാ
ധാന്യം നൽകിയതു്. തങ്ങൾക്കു കീഴട
ങ്ങിയ രാജ്യങ്ങളെക്കൊണ്ടു തങ്ങളുടെ ശത്രു
ക്കളുടെനേരെ യുദ്ധപ്രഖ്യാപനം ചെയ്യിക്കു
വാൻ ജർമ്മനിക്കു ഇതുവരെ സാധിച്ചിട്ടി
ല്ല. ഉദാഹരണമായി ഫ്രാൻസിലെ ഇപ്പോ
ഴത്തെ ഭരണമേധാവിയായ ലവാൽ തിക
ഞ്ഞ ജർമ്മൻപക്ഷപാതിയാണെങ്കിലും അ
ദ്ദേഹത്തിനെക്കൊണ്ടുപോലും ഐക്യക
ക്ഷികൾക്കെതിരായ ഒരു യുദ്ധപ്രഖ്യാപനം ചെ
യ്യിക്കാൻ ജർമ്മനിക്കു കഴിഞ്ഞിട്ടില്ല. ഇററ
ലിയെ സംബന്ധിച്ചു വേറൊരു വ്യത്യസ്ഥ
തയും കാണാനുണ്ടു്. ജർമ്മൻനിയന്ത്രണ
ത്തിലിരിക്കുന്ന മദ്ധ്യോത്തര ഇററലിയുടെ
ഫാസിസ്റ്റ് ഭരണമേധാവിയായിത്തീർന്നിരി
ക്കുന്ന മുസ്സോളിനി പഴയ ജർമ്മൻ-ഇററാ
ലിയാ ഉടമ്പടി മുറുകെ പിടിച്ചുകൊണ്ടു് ജ
ർമ്മനിയോടു ചേർന്നുനില്ക്കുന്നു. മുസ്സോളിനി
യുടെ ഇററാലിയൻസൈന്യങ്ങൾ ബഡോഗ്ലി
യോയുടെ ഇററാലിയൻസൈന്യങ്ങളുമായി
ഇററാലിയൻമണ്ണിൽവച്ചു പരസ്പരം യുദ്ധം
ചെയ്തു തുലയുന്ന കാഴ്ച ദയനീയംതന്നെയാ
ണു്. ഒരുപക്ഷെ നിസ്സഹായരായ അബി
സീനിയരെയും അൽബേനിയരെയും മൃഗീ
യമായി കൊന്നൊടുക്കിയ സാമ്രാജ്യദുർമ്മോ
ഹികളായ ഇററാലിയക്കു് ഈ അനുഭവം
ഉണ്ടാകേണ്ടതായിരിക്കാം. ഏതായാലും
ഈയുദ്ധം അത്ഭുതകരമായ പല പരിവ
ർത്തനങ്ങൾക്കും സാക്ഷിയായിത്തീർന്നിരിക്കു
ന്നു. ഒരുപക്ഷെ മേലും അനവധി അവി
ചാരിതസംഭവങ്ങളെ ഈ യുദ്ധം സംജാത
മാക്കിയേക്കാം.

—*—

“അഖിലതിരുവിതാംകൂർ ചക്കാസംഘം”

പ്രസ്തുത സംഘത്തിന്റെ ആരംഭംമുതൽ 118 കർക്കടകം അവസാനംവരെയുള്ള പ്രവർത്തനത്തിന്റെ ഒരു റിപ്പോർട്ടും ബാലൻസ് ഷീററും അതിന്റെ പ്രവർത്തകർ ഞങ്ങൾക്കു അയച്ചുതന്നതു കൈപ്പററി നന്ദിപറഞ്ഞുകൊള്ളുന്നു. കേവലം ആറുമാസത്തെ പ്രവർത്തനത്തിന്റെ ഫലമായി സംഘത്തെ സുസ്ഥിരമായ ഒരടിസ്ഥാനത്തിൽ ഉറപ്പിക്കുവാൻ കഴിഞ്ഞതിൽ തൽപ്രവർത്തകരെ ഞങ്ങൾ അഭിനന്ദിക്കുന്നു. ബഹുജനങ്ങളുടെ നാനാമുഖങ്ങളായ പ്രോത്സാഹനങ്ങൾ അർഹിക്കുന്ന ഈ പ്രസ്ഥാനം കൂടുതൽ വിജയപ്രദമായി നടന്നുപോകുന്നതിനു ആവശ്യമായ എല്ലാ സഹായസഹകരണങ്ങളും പൊതുജനങ്ങളിൽനിന്നു ഇനിയും ഉണ്ടായിക്കൊണ്ടിരിക്കുമെന്നു ഞങ്ങൾ പ്രത്യാശിക്കുന്നു.

ഗവണ്മെന്റിന്റെ സത്വരശ്രദ്ധയ്ക്കു്.

അഖിലതിരുവിതാംകൂർ നാവികതൊഴിലാളി സംഘംപ്രസിഡന്റ് മി. കുന്നത്തോട്ടത്തു ജനാർദ്ദനൻ നായരും സെക്രട്ടറി മി. എം. കെ. രാമനുംകൂടി പുറപ്പെടുവിച്ചിട്ടുള്ള ഒരു പ്രസ്താവനയിൽ കൊല്ലത്തെ ഹെഡ്ഗ്രെയിൻസ് ഡിപ്പോ ആഫീസർ കഴിഞ്ഞ കന്നിമാസത്തിൽ റിസർവ് പോലീസുകാരുടെ സഹായത്തോടുകൂടി 27 വള്ളത്തൊഴിലാളികളെ കൊല്ലം ഉപ്പുകുട്ടിനു സമീപമുള്ള ഗവണ്മെന്റു ഗുദാമിൽ തടങ്കലിൽ വച്ചതായി പറയുന്നു. ഇതു വാസ്തവമാണെങ്കിൽ ചെയ്തി അനധികൃതമാണു്. അതുകൊണ്ടു ഗവണ്മെന്റ ആരോപണത്തെപ്പററി ഒരന്വേഷണം നടത്തേണ്ടതാണെന്നു ഞങ്ങൾ അഭിപ്രായപ്പെടുന്നു.

—*—

ഗോൾഡ് ഇൻവിററാ.

ആലപ്പുഴ S. R. V. A. ഫാർമസിയിൽനിന്നും അഭിപ്രായത്തിനയച്ചുതന്ന “ഗോൾഡ് ഇൻവിററാ” കിട്ടി നന്ദിപറയുന്നു. ഞങ്ങളുടെ അഭിപ്രായം ഇതു ഒരു നല്ല ടോണിക്കാണെന്നാണു്.

മുസ്സോലീനിയുടെ പതനം.

(എൻ. കെ. ഇബ്രാഹിംകുട്ടി)

ഇററലിയുടെ ആഫ്റിക്കൻസാമ്രാജ്യഘടകങ്ങൾ ഒന്നിനുപുറകെ ഒന്നായി അധഃപ്പതിച്ചു കഴിഞ്ഞിരുന്നെങ്കിലും ഇററലിയിലെ ഫാഷിസ്റ്റ്കക്ഷിക്കു ഉടനടി ഇടിവു സംഭവിക്കുമെന്നോ, ഇററലി നിരുപാധികമായി കീഴടങ്ങുമെന്നോ ആരുംതന്നെ വിചാരിച്ചിരുന്നതല്ല. എന്നാൽ ഐക്യരാജ്യങ്ങളുടെ സൈനികശക്തിയുടെ മുമ്പിൽ ഇററലി അതിവേഗം തലകുനിക്കേണ്ടി വന്നു. തങ്ങളുടെ സഖികളായ ജർമ്മൻകാരിൽനിന്നു പ്രതീക്ഷപോലുള്ള സഹായം ഉണ്ടാവുകയില്ലെന്നു ബോധ്യം വന്നപ്പോൾ ഫാഷിസ്റ്റ്കക്ഷിക്കുതന്നെ വലിയ പിളർപ്പുണ്ടായി. ഇററാലിയൻആത്മവീര്യം ഒരു സ്വേച്ഛാപ്രഭുവായ മുസ്സോളിനിയുടെ സ്വാധീനശക്തിയിന്മേൽ മാത്രം കെട്ടിയുറപ്പിക്കപ്പെട്ടിരുന്നതാണു്. സൈനികമായ ദുർബലതയുണ്ടായ നിമിഷത്തിൽ അതിൻെറ അസ്ഥിവാരം തകൎന്നു നിലംപതിച്ചു. ബഹുജനങ്ങളുടെ വിശ്വാസവും ബഹുമാനവുമാണ് ഒരു ഭരണകൂടത്തിൻെറ ശാശ്വതമായ അടിസ്ഥാനം. പൊതുജനാഭിപ്രായത്തെ തൃണവൽഗണിച്ചു മൃഗീയമായ ശക്തികൊണ്ടു മാത്രം ഭരണം നടത്തുന്ന ഹിററ്ലർ മുതലായ ഇതരസ്വേച്ഛാധികാരികൾക്കു മുസ്സോളിനിയുടെ അനുഭവം ഒരു സാധനപാഠമായിരിക്കേണ്ടതാണ്.

ആധുനികപഞ്ചാക്ഷരം.

(കെ. പി. കയ്യാലയ്ക്കൽ)

അരിയുടെ ദുർഭിക്ഷം കൂടിക്കൂടിവരുന്നു. എന്നല്ല ആവശ്യംപോലെ അതു കിട്ടാൻതന്നെ മാർഗ്ഗമില്ലെന്നും വന്നിരിക്കുന്നു. ഇമിറേഷൻ ഗോതമ്പിനോ, ബജ്റായിക്കോ ഈ എടാകൂടം തടുത്തുനിർത്താൻ കഴിവില്ലെന്നും കാണുന്നുണ്ടു്. ഇച്ചെയ്ത്തി, എല്ലാവരും നല്ലവണ്ണം നൊന്തുനൊന്തു ചിന്തിക്കേണ്ടതാണ്. ഓശാളത്തിൽ തള്ളിയാൽ കാര്യം അവതാളത്തിലാവും. പട്ടിണിക്കു ചീട്ടെടുത്താൽമാത്രം പോരാ. കാലൻെറ പാസ്പോർട്ടുതന്നെ വേണ്ടിവന്നേക്കും. അരിയുടെ കലവറയായിരുന്ന കൽക്കട്ട അവിടെ ഇന്ന് അരും പട്ടിണിയും പെരുംചാക്കാലയും നടമാടുന്നു. ഈ സ്ഥിതിക്കു നഷ്ടപ്പെട്ട ബർമ്മായും റംഗൂണും, അറയും പത്തായവുമായിരുന്ന നമ്മുടെ കഥ പറയാനുണ്ടോ. കല്ലുപറക്കുമ്പോൾ കരീലയ്ക്കു് എന്താണു രക്ഷ?

(തുടരും)

---*---

കേരളനന്ദിനി.

(ഒരു ആധുനിക മലയാളമാസിക)

എല്ലാമാസവും 1-ാംതീയതിതോറും പുറപ്പെടുന്നു. ഒററപ്രതി വില 8 ണ.

വരിസംഖ്യ	രൂ.	ണ.	പരസ്യക്കൂലി	രൂ.	ണ.
			ഒരുപേജിൽ(ഒരുപ്രാവശ്യത്തേക്കു)	15	
ഒരു വർഷത്തേക്കു് (മുൻകൂർ)	4	8	അരപേജിനു്	8	
ആറുമാസത്തേക്കു്	2	4	കാൽപേജിനു്	5	
മൂന്നുമാസത്തേക്കു്	1	4	ഒരിഞ്ചു് ഒററക്കോളത്തിനു്	1	8

മുഖപേജിൽ പരസ്യം ചേക്കുന്നതല്ല. കൂടുതൽ പ്രാവശ്യത്തേക്കു പ്രത്യേക നിരക്കു്. ഏജൻറന്മാരെ ആവശ്യമുണ്ടു്.

മാനേജിംഗ് എഡിററർ,
കേരളനന്ദിനി, കൊല്ലം.

ഒറിജിനൽ ഗൊണോറിയാ റെമഡി.

ഗൊണോറിയം, സിഫിലീസ് എന്നീ രോഗങ്ങൾക്കു് ഏററവും പററിയ ഔഷധമാണു് ഒറിജിനൽ ഗൊണോറിയം റെമഡി.

സന്താനനിയന്ത്രണം തൈലം.

സന്താനനിയന്ത്രണത്തിനു കൈകണ്ട ഔഷധമാണു് മേല്പറഞ്ഞ തൈലം.

എസ്. എൻ. വി. എ. ഫാർമസി, കൊല്ലം.

രോഗികൾ ആയുർവേദഭൂഷണം എൻ. കുഞ്ഞുരാമൻവൈദ്യരെക്കൊണ്ടു പരിശോധിപ്പിക്കുവിൻ.

എല്ലാവിധ ആയുർവേദഔഷധങ്ങളും വില്പനയ്ക്കു തയ്യാറുണ്ടു്.

ഖണ്ഡനം

"ചങ്ങനാശ്ശേരിയുടെ ജീവചരിത്രത്തിനു മി. മന്നം എഴുതിയ നിരൂപണത്തിന്റെ ഖണ്ഡനം" രാജശ്രീ കമ്പളത്തു ശങ്കുപ്പിള്ള അവർകളുടെ അത്യുജ്ജ്വലമായ അവതാരികയോടുകൂടി അച്ചടിച്ചു തയ്യാറായിവരുന്നു.

കല്ലട കുട്ടൻപിള്ള.

Printed and Published by N. Krishna Panicker Kodanav adakathil ekkumbhagam Chavara, at the Manomohanam Press Quilon.